SCERT KERALA

സ്റ്റാൻഡേർഡ് X

കേരളപാഠാവലി

# മലയാളം



TB/X/2011/400(M)

കേരള സർക്കാർ
വിദ്യാഭ്യാസവകുപ്പ്

TB/X/2011/400(ന)

കേരളപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ്

## (X)

കേരളസർക്കാർ
**വിദ്യാഭ്യാസവകുപ്പ്**

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

FT 213-1/Malayalam -10 AT

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

*Prepared by* :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@asianetindia.com
*Phone* : 0471 - 2341883, Fax : 0471 - 2341869
*First Edition* : 2011
*Typesetting* : SCERT
*Lay out* : SCERT
*Cover design* : SCERT
*Printed at* : KBPS, Kakkanad, Kochi
© Department of Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

മലയാളഭാഷയെയും സാഹിത്യത്തെയും കുറിച്ച് കൂടുതൽ ഉൾക്കാഴ്ചയോടെ പഠിക്കാൻ അവസരം നൽകുന്ന വിധത്തിലാണ് പത്താം ക്ലാസിലെ പാഠ്യപദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രയോഗസന്ദർഭങ്ങളിൽ നിന്ന് ഭാഷാഘടനയുടെ സവിശേഷതകൾ തിരിച്ചറിയാനും വ്യത്യസ്തമാനദണ്ഡങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്യാനും നമുക്കു കഴിയണം. വൈവിധ്യമുള്ള രചനകളിൽ പരിചയം നേടുമ്പോഴാണ് അതു സാധ്യമാവുന്നത്. ആശയവിനിമയത്തിന്റെ വ്യത്യസ്തത അടുത്തറിയാൻ ഈ അന്വേഷണം സഹായകമാവും.

നമ്മുടെ സാംസ്കാരികപാരമ്പര്യത്തിന്റെയും മൂല്യസങ്കല്പങ്ങളുടെയും വേരുകൾ അന്വേഷിച്ചറിയുന്നതിന് സാഹിത്യപഠനം വഴിതെളിക്കുന്നു. സമകാലിക സാമൂഹ്യജീവിതത്തിലെ പ്രശ്നങ്ങളും പ്രതിസന്ധികളും ഈ പാഠപുസ്തകത്തിലെ രചനകൾ പ്രതിഫലിപ്പിക്കുന്നുണ്ട്.

വൈവിധ്യമുള്ള രചനകളും പ്രവർത്തനനിർദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് രൂപപ്പെടുത്തിയിട്ടുള്ള ഈ പാഠപുസ്തകം വിപുലവും വിശാലവുമായ ഭാഷാപഠനത്തിനു വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ.

പ്രൊഫ. എം.എ. ഖാദർ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചനാസമിതി


അഡ്വൈസർ : കെ. പി. ശങ്കരൻ, റീഡർ (റിട്ട.) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ (എൻ.സി.ഇ.ആർ.ടി), മൈസൂർ

ചെയർമാൻ : ഡോ. ഡി. ബെഞ്ചമിൻ, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് (റിട്ട.) കേരള സർവകലാശാല

## അംഗങ്ങൾ

**അക്ബർ കക്കട്ടിൽ**, മെമ്പർ, അഡ്വൈസറി ബോർഡ്, കേന്ദ്ര സാഹിത്യ അക്കാദമി

**അഹമ്മദ് ഷെരീഫ്** ജി.എം.ആർ.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, കാസറഗോഡ്

**ഉമ്മർ ടി. കെ**, ടാഗോർ വിദ്യാനികേതൻ ജി.എച്ച്.എസ്.എസ്. തളിപ്പറമ്പ്

**കടാങ്കോട് പ്രഭാകരൻ**, എഡിറ്റർ (റിട്ട.) കേരള സാഹിത്യ അക്കാദമി

**ചിത്ര സി. പി.**, ഡയറക്ടർ (റിട്ട.) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

**ജിനേഷ്കുമാർ എരമം**, ജി.എച്ച്.എസ്.എസ്., മാടായി, പഴയങ്ങാടി

**ജോഷി ടി. കെ.**, ജി.എച്ച്.എസ്. തടത്തിൽപ്പറമ്പ്

**ദിനേശൻ പി.**, ജി.എച്ച്.എസ്.എസ്., എരുമപ്പെട്ടി.

**നാരായണമേനോൻ പി.**, പ്രൊഫസർ (റിട്ട.) കേരളവർമ കോളേജ്, തൃശ്ശൂർ

**പ്രകാശൻ പി. പി.**, ലക്ചറർ, ഗവ. കോളേജ്, പട്ടാമ്പി

**പ്രേമചന്ദ്രൻ പി.**, ജി.ജി എച്ച്.എസ്.എസ്. പയ്യന്നൂർ

**മടവൂർ ശശി**, ടീച്ചർ (റിട്ട.) ജി.എം.ബി.എച്ച്.എസ്.എസ് തൈക്കാട്

**മണികണ്ഠദാസ് കെ. വി.**, എച്ച്.എസ്.എസ്. ചട്ടഞ്ചാൽ

**മോഹനൻ കെ. വി.**, ജി.ജി.എച്ച്.എസ്.എസ്., മഞ്ചേരി

**യഹിയ പി.**, ജി.വി.എച്ച്.എസ്.എസ്. പയ്യാനക്കൽ

**രാമൻ പി.**, ജി.ബി.എച്ച്.എസ്.എസ്. നെന്മാറ

**വിനോദ് വൈശാഖി**, ജനാർദനപുരം എച്ച്.എസ്.എസ്., ഒറ്റശേഖരമംഗലം

**ശ്രീജ ആർ. എസ്.**, വിക്ടറി ഗേൾസ് ഹൈസ്കൂൾ, നേമം

**ഡോ. സത്യനേശൻ പി.**, അസി.പ്രൊഫസർ (റിട്ട.) എസ്.സി.ഇ.ആർ.ടി.

**സാഹിർജാൻ എ.**, ജി.എച്ച്.എസ്.എസ്. പാളയംകുന്ന്

## ചിത്രരചന

• മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി. • കെ. ഷരീഫ്, ആർട്ടിസ്റ്റ്, മാതൃഭൂമി. • രാജേന്ദ്രൻ, ഗവ. യു.പി.എസ്. വർക്കല • രമേശൻ പി., ഇരിങ്ങന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ. • ആലീസ്, മഹാമുദ്ര, ശാസ്തമംഗലം

## വിദഗ്ധസമിതി

ഒ.എൻ.വി. കുറുപ്പ്, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് (റിട്ട.), ഗവൺമെന്റ് വിമൺസ് കോളേജ്, തിരുവനന്തപുരം

സുന്ദരം ധനുവച്ചപുരം, പ്രിൻസിപ്പൽ (റിട്ട.) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

വി. മധുസൂദനൻ നായർ, പ്രൊഫസർ (റിട്ട.) സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ, തിരുവനന്തപുരം

ഡോ. എസ്.കെ.വസന്തൻ, പ്രൊഫസർ (റിട്ട.), ശ്രീശങ്കര കോളേജ്, കാലടി

ഡോ. എം.എൻ. കാരശ്ശേരി, പ്രൊഫസർ, കോഴിക്കോട് സർവകലാശാല

ഡോ. ബി.വി.ശശികുമാർ, റീഡർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

ഡോ. കെ.എ. വാസുക്കുട്ടൻ, പ്രൊഫസർ (റിട്ട.) ഗവൺമെന്റ് വിമൺസ് കോളേജ്, തിരുവനന്തപുരം

ഡോ. എസ്.കെ. അനിൽ , ലക്ചറർ, കോഴിക്കോട് സർവകലാശാല

## അക്കാദമിക് കോഡിനേറ്റർ

**ഡോ. പി.കെ.തിലക്**, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം

പേജ്

| | | |
|---|---|---|
| 1. | കാലിലാലോലം ചിലമ്പുമായ് | 07 - 20 |
| | ചെറുതായില്ല ചെറുപ്പം | 08 |
| | മുരിഞ്ഞപ്പേരീം ചോറും | 11 |
| | ആർട്ട് അറ്റാക്ക് | 15 |
| 2. | ഇരുചിറകുകളൊരുമയിലങ്ങനെ... | 21 - 31 |
| | ഇവൾക്കു മാത്രമായ് | 21 |
| | സാഹിത്യത്തിലെ സ്ത്രീ | 23 |
| | യാത്രാമൊഴി | 29 |
| 3 | അശാന്തിപർവങ്ങൾക്കപ്പുറം... | 32 - 45 |
| | ഗാന്ധാരീവിലാപം | 32 |
| | പട്ടാളക്കാരൻ | 35 |
| | അർജുനവിഷാദയോഗം | 41 |
| 4. | കായിൻപേരിൽ പൂ മതിക്കുവോർ | 46 - 60 |
| | വിണ്ട കാലടികൾ | 47 |
| | ഉതുപ്പാന്റെ കിണർ | 50 |
| | അടുത്തൂൺ | 56 |
| | കടലിന്റെ വക്കത്ത് ഒരു വീട് | 58 |
| 5. | ദേശപ്പെരുമ | 61 - 77 |
| | പൊന്നാനി | 62 |
| | തട്ടകം | 66 |
| | കടമ്മനിട്ട | 71 |
| | ഉരുളികുന്നത്തിന്റെ ലുത്തീനിയ | 73 |

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;


(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# 1

# കാലിലാലോലം ചിലമ്പുമായ്...



**ഇ**തു കലാമണ്ഡലം, ഇതു കേരളീയം-തിര
ത്തളിരിലകൾ കോട്ടിയതിലൊരു പിടിക്കുളിരുമായ്
നിളയൊഴുകിയെത്തുന്നിവിടെയിടവേളയിൽ
ചെറുതുരുത്തിക്കടവിലോർക്ക മലയാളമേ!
ഇതുവഴി നടന്നിരിക്കാം പഴയ പാണനാർ
തിരുവരങ്കത്തെ തുയിലുണർത്തും പാണനാർ
നെയ്തലും മരുതവും കുറിഞ്ഞിയും പാടും പാണനാർ
ഇതുവഴി കടന്നിരിക്കാം തെരുവുഗായകർ
ഇതുവഴി കടന്നിരിക്കാം കിളിപ്പൊൻമകൾ
ഇതുവഴി പറയനും ശീതങ്കനോട്ടനും
പലകഥകൾ തുള്ളിപ്പറഞ്ഞുനടക്കെയി-
പ്പടികളിലിരുന്നു കാൽ നീരിലിട്ടാട്ടിടാം.

**രാവേ, നീ പോകരുതേ! (അല്ല, പോയിവരൂ!)** **അയ്യപ്പപ്പണിക്കർ**

കേരളത്തിന്റെ കലാപാരമ്പര്യത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് കാവ്യഭാഗത്തു നിന്നു ലഭിക്കുന്നത്?

# ചെറുതായില്ല ചെറുപ്പം

ഉണ്ണായിവാരിയർ

ദമയന്തി:

[പല്ലവി]

സഖിമാരേ, നമുക്കു ജനകപാർശ്വേ
ചെന്നാലല്ലീ കൗതുകം?

[അനുപല്ലവി]

സകലഭൂതലഗതകഥകൾ ചിലർ പറയും
സമയം കഴിപ്പതിനു സദുപായമിതു നല്ലൂ. (സഖിമാരേ!)

[ചരണം]

സഖിമാർ : പോക പൂങ്കാവിലെന്നു പുതുമധുവചനേ!
വലിയ നിർബന്ധം തവ വാഴുന്നേരം ഭവനേ
പോവാൻ തന്നെയോ വന്നു പൂർണേന്ദുവദനേ!
കാമിനീമൗലേ! ചൊൽക കാതരനയനേ!

[പല്ലവി]

സുഖമായ് നമുക്കിന്നിവിടെ നൂനം
തോഴി! ഭൈമി! കാൺക നീ.

ദ്വിജാവന്തി - ചെമ്പട



[ചരണങ്ങൾ]

ദമയന്തി:

1. ചലദളിഝങ്കാരം ചെവികളിലംഗാരം
കോകിലകൂജിതങ്ങൾ കൊടിയ കർണശൂലങ്ങൾ
കുസുമസൗരഭം നാസാകുഹരസരസ്സൈരിഭ-
മതിദുഃഖകാരണമിന്നാരാമസഞ്ചരണം.

2. മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പീയൂഷധാരികയോ?

ആഹരി - അടന്ത

[ചരണങ്ങൾ]

1. കണ്ടാലെത്രയും കൗതുകമുണ്ടിതിനെപ്പണ്ടു
കണ്ടില്ലാ ഞാനേവംവിധം കേട്ടുമില്ലാ.

2. സ്വർണവർണമരയന്നം മഞ്ജുനാദമിതു
നിർണയമെനിക്കിണങ്ങുമെന്നു തോന്നും.

3. തൊട്ടേനേ ഞാൻ കൈകൾകൊണ്ടു തോഴിമാരേ! കൈക്കൽ
കിട്ടുകിൽ നന്നായിരുന്നു കേളിചെയ്‌വാൻ

4. ക്രൂരനല്ല സാധുവത്രേ ചാരുരൂപൻ; നിങ്ങൾ
ദൂരെ നില്പിൻ എന്നരികിൽ ആരും വേണ്ടാ.

കല്യാണി - അടന്ത

ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും
പ്രതിപദമപി തോന്നുമ്മാറു മന്ദം നടന്നു
അഥ ബത ദമയന്തീമാളിമാരോടു വേറാ-
മതുപൊഴുതരയന്നപ്രൗഢനൂചേ സഹാസം.

ഹംസം:

[പല്ലവി]

അംഗനമാർമൗലേ! ബാലേ!
ആശയെന്തയി തേ?

[അനുപല്ലവി]

എങ്ങനെ പിടിക്കുന്നു നീ
ഗഗനചാരിയാമെന്നെ?..... (അംഗനമാർമൗലേ!)

[ചരണങ്ങൾ]

1. യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം
അവിവേകമിതു കണ്ടാലറിവുള്ളവർ
പരിഹസിക്കും ചിലർ പഴിക്കും -
വഴി പിഴയ്ക്കും - തവ നിനയ്ക്കുമ്പോൾ (അംഗനമാർമൗലേ!)

2. ബന്ധനം ചെയ്യേണ്ടാ നീ മാം; ബന്ധുവത്രേ തവ ഞാൻ;
സഖിമാരിലധികം വിശ്വസിച്ചീടെന്നെ.

ജഗൽപതിയും രതിപതിയും
തവ കൊതിയുള്ളൊരു പതി വരുമേ!..... (അംഗനമാർമൗലേ!)

3. നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ
മദലുളിതം മൃദുലളിതം
ഗുണമിളിതം- ഇതു കളിയല്ലേ! (അംഗനമാർമൗലേ!)

**നളചരിതം ആട്ടക്കഥ (ഒന്നാം ദിവസം)**

- പൂന്തോട്ടത്തിലെ അനുഭവത്തെക്കുറിച്ചു പറയാൻ അംഗാരം, കർണശൂലം, സൈരിഭം തുടങ്ങിയ പദങ്ങൾ കവി ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ യുക്തി പരിശോധിക്കുക.
- മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പിയൂഷധരികയോ?

ഹംസത്തെ വർണിക്കാൻ കവി ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ കവിതയെ എത്ര മാത്രം സുന്ദരമാക്കുന്നു? പരിശോധിച്ച് കുറിപ്പ് തയാറാക്കുക.


- ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും
പ്രതിപദമപി തോന്നുമ്മാറു മന്ദം നടന്നു
അഥ ബത ദമയന്തീമാളിമാരോടു വേറാ-
മതുപൊഴുതരയന്നപ്രൗഢനൂചേ സഹാസം.

ഈ ഭാഗം മൂകാഭിനയത്തിലൂടെ ആവിഷ്കരിക്കുക. ഇതിന്റെയടിസ്ഥാനത്തിൽ പാഠഭാഗം നാടകരൂപത്തിലേക്കു മാറ്റി എഴുതുക.

- ഏതൊരു കലയ്ക്കും അതു രൂപപ്പെട്ട നാടിന്റെ പ്രകൃതിയും സംസ്കാരവുമായി അഭേദ്യമായ ബന്ധമുണ്ട്. കഥകളി കാണുകയും കഥകളിയിലെ ഉടുത്തുകെട്ട്, ചുട്ടി, കിരീടം, സംഗീതം, വാദ്യം എന്നിവ പരിശോധിക്കുകയും ചെയ്യുക. ഇവയ്ക്ക് കേരളീയ പ്രകൃതിയുമായുള്ള ബന്ധം കണ്ടെത്തി ലഘൂപന്യാസം തയാറാക്കുക.

*കഥകളിയേക്കാൾ പ്രാചീനമായ കലാരൂപമാണ് കൂടിയാട്ടം. കൂടിയാട്ടത്തിലെ വിദൂഷകക്കൂത്തിൽ നിന്ന് ഒരുഭാഗം:*

# മുരിഞ്ഞപ്പേരീം ചോറും



**ഞാൻ** ഇല്ലത്ത് ഒരുവിധം സുഖമായി താമസിച്ചിരുന്നവനാണ്. കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള വകയൊക്കെ ഇല്ലത്തുണ്ട്. പോരാത്തേന് ഉരപ്പുരേം ചക്കീം ഒക്കണ്ടേനീം. എനിയ്ക്കു സുഖാവാൻ ഇത്രയൊക്കേ വേണ്ടൂ. അങ്ങനെ ഇരിയ്ക്കുമ്പോൾ ഗ്രാമത്തിന്റെ ക്ഷേമത്തിന്നായി ആരെങ്കിലുമൊരാൾ രാജസേവകനായി പോകണമെന്നു വന്നു. അസ്മാദികളെല്ലാവരും കൂടി ആരു പോകണമെന്നാലോചിച്ചു. ഒടുവിൽ എന്നേയാണതിന്നായി നിശ്ചയിച്ചത്. അത് പറയാനായി അസ്മാദികളെല്ലാവരും കൂടി എന്റെ ഇല്ലത്തു വന്നു. സ്വതേ, അവരാരും എന്റെ ഇല്ലത്തു വരാറില്ല്യ. മാറ്റ്യാൻ മാറ്റ്യാൻ എന്നാണ് എല്ലാവരും എന്നെ വിളിയ്ക്കാറ്. അതൊന്നും ഞാൻ കൂട്ടാക്കാറുമില്ല്യ. എന്നല്ലാ, ഞാൻ അവരേയും മാറ്റ്യാന്മാരായാണ് കരുതാറ്. അവര് വന്ന സമയത്ത് ഞാൻ പുറത്തളത്തിലെ ചാരുപടിമേലിരിക്ക്യായിരുന്നു. ഒട്ടും കുറയ്ക്കണ്ടാന്ന് കരുതി കാലിന്മേൽ കാലും കേറ്റി അമർന്നിരുന്നു.

'എന്താ, എല്ലാവരുംകൂടി ഇന്നിങ്ങട്!'

'വിശേഷൊന്നൂല്ല്യ. ന്നാൽ ഒന്നൂല്യാന്ന് പറയും വയ്യാ. നമ്മുടെ ഗ്രാമത്തിന്റെ അഭിവൃദ്ധിയ്ക്കുവേണ്ടി ആരെങ്കിലുമൊരാൾ രാജസേവകനായി പോകണം,'

'അതിനാരാന്നാ തീരുമാനിച്ചേ. പാച്ചോ, നീലാണ്ടനോ, അതോ എളധളധളംപള്ള്യോ?...'

'ഞങ്ങളാരുല്ല.'

'അല്ലേ, പിന്നാരാ.'

'അങ്ങാണ് അതിനു നല്ലത് ന്നാ എല്ലാവരും കൂടി നിശ്ചയിച്ചത്. ഞങ്ങൾ അതു പറയാൻവേണ്ടി വന്നതാ.'

അതുകേട്ട് എനിയ്ക്ക് ക്ഷ രസായി. കാരണം, ഒരു രാജസേവകനാവാൻ എനിയ്ക്കാഗ്രഹം തുടങ്ങിയിട്ട് കാലം കുറേ ആയി. ഇല്ലത്ത് ഉമ്മറത്തിരിക്കുമ്പോൾ, ചിലപ്പോഴൊക്കെ ആ വഴി രാജഭടന്മാർ കുതിരപ്പുറത്തു കേറി ഞെളിഞ്ഞു പോണത് ഞാൻ കാണാറുണ്ട്. അപ്പോൾ തുടങ്ങിയതാ മോഹം, എനിയ്ക്കും അങ്ങനെ കുതിരപ്പുറത്തുകേറി മൂളിച്ചൊരു പോക്കു പോവാൻ. ഇപ്പോഴേതായാലും അതിന്നൊരവസരം വന്നല്ലോന്ന് വിചാരിച്ച്, ഉള്ളിൽ ക്ഷ സന്തോഷായി. വേഗം സമ്മതിച്ചു. ന്നന്ന്യല്ലാ, ഇറങ്ങി പുറ

പ്പെടും ചെയ്തു. 'ഏയ്, എന്താത്ര ധൃതി', ന്ന് നിരീയ്ക്കും. അതിന്ന് കാരണണ്ട്. താമസിച്ചാൽ ആളേ മാറ്റ്യാലോ. അങ്ങനെ വന്നാൽ കുതിരപ്പുറം കുന്താവും. കുറച്ചുദൂരം ചെന്നപ്പോഴാ ഓർത്തത്, ഏതു രാജാവിന്റെ അടുത്തേയ്ക്കാ പോണ്ടത്ന്നൊന്നും ചോദിക്ക്യണ്ടായില്ല്യാന്ന്. ഏതായാലും മടങ്ങിപ്പോയി ചോദിയ്ക്കണ്ടാന്ന് വെച്ചു. എന്താച്ചാൽ, 'ഇത്ര പരുങ്ങലാ തന്റെ കഥ. ന്നാ താൻ പോണ്ടാ', എന്നോ മറ്റോ ആരെങ്കിലും പറയോന്നൊരു പേടി. വല്ല വഴിപോക്കൻമാരോടും അടുത്തുള്ള രാജാക്കന്മാരെപ്പറ്റി ചോദിയ്ക്കാമെന്ന് വിചാരിച്ച് ഞാൻ നടന്നു. പക്ഷേ, ആരോടും ചോദിയ്ക്കേണ്ടതായി വന്നില്ല്യ. മഹാരാജാവ് ധർമ്മപുത്രരെപ്പറ്റി പ്രശംസിച്ചുകൊണ്ടു പോകുന്ന പലരേയും കണ്ടു. പിന്നെ സംശയിച്ചില്ല്യ. ഞാൻ അദ്ദേഹത്തിന്റെ രാജധാനിയിലേയ്ക്ക് യാത്ര തിരിച്ചു. ഭാഗ്യംകൊണ്ട് വളരെ ബുദ്ധിമുട്ടാതെ എനിയ്ക്ക് ധർമപുത്രരുടെ മുന്നിലെത്താൻ കഴിഞ്ഞു. മഹായോഗ്യനായ രാജാവാണദ്ദേഹമെന്ന് എനിയ്ക്ക് കണ്ടപ്പോൾത്തന്നെ മനസ്സിലായി. ചെന്ന ഉടൻ ഞാൻ അദ്ദേഹത്തെ ഭംഗ്യായിട്ടൊന്നനുഗ്രഹിച്ചു.

ജയിയ്ക്കേണം ഭവാനേറ്റം
ക്ഷയിയ്ക്കേണം വിപത്തു തേ
നശിയ്ക്ക തവ ശത്രുക്കൾ
നയം സാധിയ്ക്ക ഭൂപതേ!

പിന്നെ കുശലപ്രശ്നങ്ങളങ്ങട് തുടങ്ങി.

'ബ്രാഹ്മണൻ, വിശേഷിച്ചൊന്നൂല്ല്യേലോ. ഇത്രത്തോളംതന്നെ, അല്ലെ.'

'അതെ, വളരെ ദിവസായി അങ്ങയെ ഒന്ന് കാണണംന്ന് വിചാരിയ്ക്കുണു. ഇപ്പഴേ അതിന്ന് തരായുള്ളൂ.'

'എന്താ പ്രത്യേകിച്ച്?'

'അങ്ങനൊന്നുണ്ടായിട്ടല്ല... ന്നാലൊന്നൂല്ല്യാന്നങ്ങട് പറയാൻ വയ്യേനീം.'

'എന്താത് ബ്രാഹ്മണൻ? പറഞ്ഞോളൂ, ഒട്ടും സംശയിയ്ക്കണ്ടാ. എന്നേക്കൊണ്ട് സാധിയ്ക്കണതാണെങ്കിൽ ഞാൻ ചെയ്യാം.'

'ഇല്ലത്ത് ഗൃഹച്ഛിദ്രം സഹിയ്ക്ക വയ്യാതായിരിക്കുണു.'

'ഓഹോ, ആരുതമ്മിലാ. മൂസ്സും മറ്റുമായിട്ടാണോ?'

'അതല്ലാ.'

'പിന്നാരാ.'

'അകത്താ.'

'ആഹാ, അങ്ങിന്യാ. ഛിദ്രം അകത്തു തുടങ്ങ്യാൽ ബുദ്ധിമുട്ടന്ന്യാണേ. ആട്ടെ. ആരു തമ്മിലാ. അകായിലോ. അമ്മയോ...'

'അവരാരുമല്ല.'

'ഹേയ്, പിന്നാരാ വഴക്കിന്.'

'മുരിഞ്ഞപ്പേരീം ചോറും.

'എന്ത്, വഴക്കോ!'

'ആ.....'

'എന്താ ബ്രാഹ്മണൻ ഈ പറേണ്. മുരിഞ്ഞപ്പേരീം ചോറും തമ്മിൽ വഴക്കോ!'

'അത് ഞാൻ പറയാം. ഇല്ലത്ത് മുരിഞ്ഞപ്പേരി പണ്ടു മുതലേ എന്നും ഭക്ഷണത്തിനുണ്ടാവും. വളരെ പ്രധാനപ്പെട്ടൊരു ഭക്ഷണസാധനമായിട്ടാണതിനെ കണക്കാക്കിയിരിക്കുന്നത്. ആ വിവരം അതിനും അറിയാം. നന്ന്യല്ലാ, അതു കാരണമായിരിയ്ക്കണം, അതിന്ന് കുറച്ചൊരു മേനികൂടിയുണ്ടായിട്ടുണ്ട്. ഇപ്പോഴത് കുറേശ്ശെ കയ്യേറ്റം ആരംഭിച്ചിരിയ്ക്കുണു.'

'ആര്, മുരിഞ്ഞപ്പേര്യോ!'

'അതെ.'

'അതെങ്ങിന്യാടോ.'

'ചോറിന്റെ നേരെയാണ് ആക്രമണം. കയ്യേറ്റക്കാർക്കാണലോ ഇന്ന് സ്ഥാനം. കയ്യേറി കയ്യേറി എന്തായീന്നല്ലെ, ചോറിന്റെ സ്ഥാനം മുഴുവൻ മുരിഞ്ഞപ്പേരി പിടിച്ചെടുത്തു. ഇപ്പോൾ ചോറിന് ഒരു സ്ഥാനോല്ല്യാന്നായിട്ടുണ്ട്. ചോറിന്റെയും കറികളുടേയും ഒക്കെ സ്ഥാനത്ത് മുരിഞ്ഞപ്പേര്യാ. എന്നാൽ ചോറ് ഒട്ടൂല്ല്യാന്ന് പറഞ്ഞാൽ ഭോഷ്കാവ്വോന്ന് ഭയന്ന് അതു പറേണില്ല്യേന്നു മാത്രം. വല്ലപ്പോഴും കുറേ

ശ്ശ്യാക്കെ കാണാം. അതിനന്നെ പണ്ട് മുരി ഞ്ഞപ്പേരിയ്ക്കുണ്ടായിരുന്ന സ്ഥാനൊന്നൂല്ല്യാ ട്ട്വോ.

ഉപദംശപദേ തിഷ്ഠൻ
പുരാ യം ശിഗ്രുപല്ലവഃ/
ഇദാനീമോദനസ്യാപി
ധുരമുദ്വോഢുമീഹതേ.'*

ഇതു കേട്ട് മഹാബുദ്ധിമാനായ ആ രാജാവിന് കാര്യം മനസ്സിലായി. ന്നന്ന്യല്ല, എന്റെ രസി കത്തം ഇഷ്ടപ്പെട്ടിട്ട്വോ എന്തോ, അദ്ദേഹ ത്തിന്റെ സേവകന്മാരിലൊരാളായി എന്നെ നിയമിച്ചു. പിന്നവിടൊരു താമസണ്ടായിട്ടുണ്ട്, അയ്യാ... തേച്ചുകുളി, ചതുർവിധ ഭോജ്യരസങ്ങ ളോടും കൂടിയ ഭക്ഷണം. സുഖായ ഉറക്കം, നേരംപോക്കു പറയല്. ഇങ്ങന്യങ്ങട് കഴിയാൻ തുടങ്ങി.

വിദൂഷകക്കൂത്ത് കേട്ടെഴുതിയത്:
**വി.ആർ.കൃഷ്ണചന്ദ്രൻ**

---

*ഉപദംശപദേ ................................. മീഹതേ
*മുരിങ്ങയില പണ്ട് ഇരുന്നത് ഉപദംശത്തിന്റെ, അതായത് ഉപ്പേരിയുടെ സ്ഥാനത്തായിരുന്നു. ഇപ്പോഴത് ചോറിന്റെയും പുറത്തു നുകം വച്ചു കയറാൻ തുടങ്ങിയിരിക്കുന്നു. (മുരിങ്ങയില ഇപ്പോൾ ചോറിനെ കീഴ്പ്പെടുത്തുകയാണ്. ചോറിന്റെ സ്ഥാനം മുരിങ്ങയില കൈയേറിയിരിക്കുകയാണ്. മുരിങ്ങയിലയാണ് മുഖ്യഭക്ഷണം. ചോറ് നന്നേ കുറവ്. ദാരിദ്ര്യത്തിന്റെ പരമാവസ്ഥയെ സൂചിപ്പിക്കുന്നു.)*

- "കയ്യേറ്റക്കാർക്കാണലോ ഇന്ന് സ്ഥാനം. കയ്യേറിക്കയ്യേറി എന്തായീന്നല്ലേ, ചോറിന്റെ സ്ഥാനം മുഴുവൻ മുരിഞ്ഞപ്പേരി പിടിച്ചെടുത്തു". ഈ പരാമർശത്തിലൂടെ ചാക്യാർ നിർവഹിക്കുന്ന സാമൂഹ്യധർമം എന്താണ്? വിവരിക്കുക.
- കഥപറച്ചിലിനെക്കുറിച്ച് കുഞ്ചൻനമ്പ്യാരുടെ രണ്ടു നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു:
  - ചിരിക്കുന്ന കഥകേട്ടാലിരിക്കു, മായതല്ലെങ്കിൽ
    തിരിക്കുമിങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
    ചിരിക്കാതെ രസിപ്പിക്കാനൊരുനാളുമെളുതല്ല. (കുംഭകർണവധം)
  - ഒരുത്തർക്കും ലഘുത്വത്തെ വരുത്തുവാൻ മോഹമില്ല
    ഒരുത്തന്നും ഹിതമായിപ്പറവാനും ഭാവമില്ല. (പഞ്ചേന്ദ്രോപാഖ്യാനം)

  നമ്പ്യാരുടെ ഈ കാഴ്ചപ്പാട് കൂടിയാട്ടത്തിലെ വിദൂഷകനിൽ എത്രമാത്രം പ്രതിഫലി ക്കുന്നുണ്ട് - പരിശോധിക്കുക.
- ഏതെങ്കിലും സാമൂഹ്യപ്രശ്നം പ്രമേയമാക്കി കൂത്തിലെന്നപോലെ സരസമായി ഒരു രചന നിർവഹിക്കുക.
- വാമൊഴിയുടെ തനിമയാണ് കൂത്തിലെ ഭാഷയെ ആകർഷകമാക്കുന്ന മുഖ്യ ഘടകം. പാഠഭാഗവുമായി ബന്ധപ്പെടുത്തി സമർഥിക്കുക.
- കേരളത്തിലെ ഒരു വിഭാഗം ജനങ്ങളുടെ കലാരൂപത്തെക്കുറിച്ചാണ് ചുവടെ കൊടു ത്തിട്ടുള്ള ലേഖനഭാഗത്ത് പരാമർശിച്ചിട്ടുള്ളത്. സമാനമായ കലാരൂപങ്ങളെ കുറിച്ച് അന്വേഷിച്ച് കുറിപ്പ് തയാറാക്കുക.

"നാട്ടിൻപുറങ്ങളിലെ വയലേലകളിൽ ഞാറ് നടുമ്പോൾ പാടിയിരുന്ന വടക്കൻപാട്ടിന്റെ ഈണവും താളവും മാപ്പിളപ്പാട്ട് സാഹിത്യകൃതികളിൽ നമുക്ക് കാണാൻ കഴിയും. സൗന്ദ ര്യത്തെക്കുറിച്ച് പല കവികളും പാടിയിട്ടുണ്ടെങ്കിലും വൈരൂപ്യം ചിത്രീകരിക്കുന്നത് അപൂർവമാണ്. വടക്കൻപാട്ടിൽ ഒരു സ്ത്രീയുടെ വൈരൂപ്യം ചിത്രീകരിച്ചത് ഇപ്രകാര മാണ്:

*കാക്കയെപ്പോലെ കറുത്ത ചീരു*
*അരിവാള് പോലെ വളഞ്ഞ ചീരു*
*ചക്കച്ചുളപ്പല്ലും പേന്തലയും*
*എനിക്കിന്നാ ചീരുനെ വേണ്ടെന്റേട്ടോ.*

ഇതേ വൃത്തത്തിലും താളത്തിലും മാപ്പിളപ്പാട്ടിന്റെ ഒരിശലുണ്ട്, സഖൂൻ പടപ്പാട്ടിൽ.

*ആരമ്പ ബീരിതൻ ഖാലിദെണ്ടോർ*
*അപ്പുരിബാശും തഖ്ത്ത് കണ്ടാർ*
*നാരികൾ ബന്ത് കളിയും പാട്ടും*
*നാതൻ ചെകിട്ടിനെ താത്തിക്കേട്ടും.*

ഈ പാട്ടിനുശേഷം ഇതേ രീതിയിൽ രചിക്കപ്പെട്ട മാപ്പിളപ്പാട്ടുകളെല്ലാം 'ഇശൽ ആരമ്പ' എന്ന പേരിലാണ് അറിയപ്പെട്ടത്.

ആരമ്പ ഇശലിലുള്ള ഗാനം വടക്കേ മലബാറിലെ നാടൻ കലാരൂപമായ 'കോതാമൂരിപ്പാട്ടിൽ' കാണാം.

*ആര്യാറ് നാട്ടിൽ പിറന്നോരമ്മാ*
*കോലത്ത് നാട് കിനാകണ്ടീന്*
*കോലത്ത് നാട് കിനാ കാണുമ്പം*
*കോലമൂടിമന്നനെ കാണാകുന്നു.*

മോയിൻകുട്ടി വൈദ്യരുടെ പ്രശസ്ത പ്രണയകാവ്യമായ ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന കൃതിയിൽ ഹുസ്നുൽജമാലിനെ വർണിക്കാൻ ഉപയോഗിച്ചതും ഇതേരീതിയാണ്.

*പൂമകളാനേ ഹുസ്നുൽ ജമാൽ*
*പുന്നാരത്താളം മികന്തെ ബീവി*
*ഹേമങ്ങൾ മെത്തെ പണി ചിത്തിരം*
*ആഭരണക്കോവ അണിന്തെ ബീവി.*

**(മാപ്പിളപ്പാട്ടിന്റെ തായ്‌വേരുകൾ - വി.എം. കുട്ടി)**

# ആർട്ട് അറ്റാക്ക്

എം. മുകുന്ദൻ

**ശി**വരാമൻ റോഡിന്റെ വെളിച്ചം കുറഞ്ഞ അരുകിലൂടെ പതുക്കെ വീട്ടിലേക്കു നടന്നു. വാടക വീടായതുകൊണ്ട് പാർപ്പിടത്തിലേക്കുള്ള വഴി ഇടയ്ക്കിടെ മാറിക്കൊണ്ടിരിക്കും. പുതിയ വീട്ടിലേക്ക് താമസം മാറ്റുമ്പോൾ മേൽവിലാസവും വഴികളും കാഴ്ചകളും മാറുന്നു. നഗരത്തിൽ വന്നിട്ട് മൂന്നു പതിറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും അയാൾക്കിതുവരെ തലചായ്ക്കാൻ സ്വന്തമായൊരിടമില്ല.

അല്ലെങ്കിൽ സ്വന്തമെന്നു പറയാൻ എന്താണുള്ളത്? ഇല്ലാത്തതിന്റെ ലിസ്റ്റ് നാൾക്കുനാൾ നീണ്ടുവരികയാണ്.

സന്ധിവാതം വന്ന ഭാര്യയും പ്രായപൂർത്തിയായ മകളുമുണ്ട്. ബാക്കിയെല്ലാം ഒന്നുകിൽ വാടകയ്ക്കെടുത്തതോ അല്ലെങ്കിൽ പണയം വച്ചതോ ആണ്. മാസത്തവണകൾ അടച്ചു തീർക്കാൻ വൈകിയതുകാരണം ഇൻസ്റ്റാൾമെന്റിൽ വാങ്ങിയ ഫ്രിഡ്ജ് ഡീലറുടെ ഗുണ്ടകൾ വന്ന് ബലമായെടുത്തുകൊണ്ടുപോയി. ലക്ഷ്മി അയൽക്കാരോടു പറഞ്ഞത് കംപ്രസർ ലീക്ക് ചെയ്യുന്നതുകാരണം ഗ്യാസ് നിറയ്ക്കാൻ കൊണ്ടുപോയതാണെന്നാണ്.

“നേര് പറഞ്ഞൂടായിരുന്നോ? ഇനിയിപ്പോളെത്ര കളവു പറയേണ്ടി വരും ഈശ്വരാ...”

ഗ്യാസ് നിറച്ച് ഫ്രിഡ്ജ് എന്താ തിരിച്ചുകൊണ്ടുവരാത്തതെന്ന് അയൽക്കാർ ചോദിക്കില്ലേ? അപ്പോളെന്തു പറയും?

“ഗ്യാസ് ചോർന്ന് കേടായ ഫ്രിഡ്ജ് പോലെത്തന്നെ നമ്മളെ ജീവിതം.”

ലക്ഷ്മി സാഹിത്യഭാഷയിൽ അത്രയും പറഞ്ഞിട്ട് ഒരു നെടുവീർപ്പിട്ടു. എന്തെങ്കിലും നഷ്ടപ്പെടുമ്പോൾ അവൾക്കു സാഹിത്യം വരുന്നത് ഒരു പതിവാണ്. നഷ്ടങ്ങളുടെ ഓർമയാണ് സാഹിത്യമെന്ന് പണ്ടേതോ ഒരു ലാറ്റിനമേരിക്കൻ നോവലിസ്റ്റ് പറഞ്ഞിരുന്നില്ലേ? കുറേ വായിക്കുകയും പഠിക്കുകയും ഒക്കെ ചെയ്ത ആളാണ് ലക്ഷ്മി. പക്ഷേ...

അല്പമകലെ സെന്റ് തോമസ് സ്കൂളിന്റെ ഇളം ചുവപ്പു കെട്ടിടം കണ്ടു. ഇനി പത്തുമിനിട്ട് നടന്നാൽ മതി പാർപ്പിടത്തിലെത്താൻ. പത്രത്തിലെ ജോലി നഷ്ടപ്പെട്ടുവെന്നു കേൾക്കുമ്പോൾ എന്തു സാഹിത്യമാണ് അവൾക്കു തോന്നുക ആവോ.

നഷ്ടപ്പെടാതെയും മാറാതെയും ഇതുവരെ കൂടെയുണ്ടായിരുന്നത് നാഷണൽ ടൈംസ് പത്രത്തിലെ ജോലി മാത്രമായിരുന്നു. അതുകൊണ്ട് ഒന്നും മിച്ചം വയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും കഞ്ഞികുടിക്കാൻ കഴിഞ്ഞിരുന്നു. ഇനി



മാസംതോറും ലക്ഷ്മിക്ക് കഷായവും കുഴമ്പും എങ്ങനെ വാങ്ങും? ആരതിയുടെ കോളേജ് വിദ്യാഭ്യാസച്ചെലവ് ആര് താങ്ങും? കോളേജ് ഓഫ് ആർട്ടിൽ ബി.എഫ്.എ. രണ്ടാം വർഷ വിദ്യാർഥിനിയാണ് അവൾ. തീർന്നില്ല, മറ്റൊരു പ്രധാന ചെലവുകൂടിയില്ലേ? മാസംതോറും വീട്ടുവാടകയെങ്ങനെ കൊടുക്കും?

പക്ഷേ, മുഷിഞ്ഞ പാന്റിന്റെ കീശകളിൽ കൈകൾ തിരുകി ഇരുട്ടിലൂടെ നടക്കുന്ന അയാളുടെ തലയിൽ നിന്ന് അത്തരം ചിന്തകളെല്ലാം പെട്ടെന്ന് ഒഴിഞ്ഞുപോയി. ഇപ്പോൾ അയാളെ അലട്ടുന്നത് മറ്റുചില ചിന്തകളാണ്.

നാഷണൽ ടൈംസിൽ ജോലിചെയ്ത മൂന്ന് പതിറ്റാണ്ടുകാലം മനസ്സാക്ഷിക്കെതിരായി ഒരിക്കലും ഒരു വരിപോലും അയാളെഴുതിയിട്ടില്ലെന്ന ചാരിതാർഥ്യം ഒരിളംകാറ്റുപോലെ അയാളുടെ പൊള്ളുന്ന തലയെ തഴുകി കടന്നുപോയി.

തുന്നലുവിട്ട് വലുതായ പാന്റിന്റെ കീശ, കീറിയ കോളർ, ഓട്ടകൾവീണ സോക്സ്, മടമ്പുകൾ തേഞ്ഞ ഷൂസ് ...

അതാണ് ഇപ്പോൾ കെ.എസ്. ശിവരാമൻ.

അയാൾക്ക് വീട്ടിലെത്താൻ ധൃതി തോന്നി. ഷൂസും പാന്റും അഴിച്ചുമാറ്റി മുണ്ടെടുത്ത് അരയിൽ ചുറ്റിയാൽത്തന്നെ പാതി ആശ്വാസമായി. കുഴമ്പിന്റെ വാടയുള്ള കിടപ്പുമുറിയിൽ ചുമരിനോടു ചേർത്തിട്ട കട്ടിലിൽ നീണ്ടു നിവർന്നു കിടന്നാൽ വേണ്ടാത്ത ഒരു ചിന്തയും അയാളെ അലട്ടുകയില്ല. വീട്ടിലെ ദാരിദ്ര്യങ്ങൾക്കിടയിൽ കിടക്കുമ്പോൾ അയാൾ സ്വന്തം ദാരിദ്ര്യത്തെക്കുറിച്ച് ചിന്തിക്കുകയില്ല. അറിയാതെ വീട്ടിലേക്ക് നടക്കുന്ന കാലുകൾക്ക് വേഗമേറി വന്നു.

മാർക്കറ്റിനരികിൽ എത്തിയപ്പോൾ എടുപ്പുകൾക്കിടയിലൂടെ റോഡിൽ വെളിച്ചം വീണു. വഴിപോക്കർ അയാളെ കടന്നുപോയി. പലരുടെയും കൈയിൽ പച്ചക്കറിസഞ്ചി കാണാം. ഇടത്തരം കുടുംബക്കാർ താമസിക്കുന്ന ഈ കോളനിയിൽ വൈകുന്നേരമാവുമ്പോൾ എവിടെനിന്നെല്ലാമോ ഉന്തുവണ്ടികളുമായി പച്ചക്കറിക്കാർ വന്നെത്തും. മാർക്കറ്റിന്റെ പരിസരങ്ങളിൽ തെരുവുവിളക്കുകളുടെ ചുവട്ടിൽ അവർ സ്ഥാനം പിടിക്കും. കാലാവസ്ഥ മാറുന്നതോടൊപ്പം ഉന്തുവണ്ടികളിലെ പച്ചക്കറികളും മാറിക്കൊണ്ടിരിക്കും. ഇപ്പോൾ വെണ്ടയ്ക്കായും കാരറ്റും കാബേജുമാണ് വണ്ടിനിറയെ. ശീതകാലം വരുമ്പോൾ കോളിഫ്ളവറും മുള്ളങ്കിയും വരും. അയാൾ സസ്യഭുക്കാണ്.

"ഹേ മനുഷ്യാ, പേനയ്ക്ക് ശക്തിവേണമെങ്കിൽ ഇറച്ചീം മീനും തിന്നണം." ഡെപ്യൂട്ടി എഡിറ്റർ ഗിരിരാജ് ഒരിക്കൽ പറഞ്ഞു. എന്നിട്ട് അയാൾ കണ്ണടയുടെ കോണിലൂടെ ശിവരാമനെ നോക്കി ഒന്നു ചിരിച്ചു. അതൊരു പരിഹാസച്ചിരിയാണോ? ശിവരാമനു മനസ്സിലായില്ല.

അയാൾ കാലത്തു ഫയൽ ചെയ്ത കോപ്പി ഗിരിരാജന്റെ മുമ്പിൽ കിടപ്പുണ്ടായിരുന്നു. ഡെപ്യൂട്ടി എഡിറ്ററുടെ മൂർച്ചയുള്ള പേന അയാൾ എഴുതിയുണ്ടാക്കിയ കോപ്പിയിൽ നിന്നു വാക്കുകൾ കൊത്തിയെടുക്കുകയും വാചകങ്ങൾ ചീന്തിയെറിയുകയും ചെയ്തു. ഈയിടെ മാത്രം സ്ഥാപനത്തിൽ ജോലിക്കു ചേർന്ന പയ്യൻ അങ്ങനെ ചെയ്യുമ്പോൾ അയാൾക്കു മിണ്ടാതെ നോക്കിനിൽക്കുവാൻ മാത്രമേ കഴിഞ്ഞുള്ളൂ. സെന്റ് സ്റ്റീഫൻ കോളേജിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദാനന്തരബിരുദമെടുത്ത ഗിരിരാജ്, എം.എഫ്. ഹുസൈന്റെ ചിത്രങ്ങളെക്കുറിച്ച് താനെഴുതിയ ലേഖനത്തിൽ ഇടപെടുന്നത് അയാൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു.

അതിനു ഗിരിരാജിന് മറുപടിയുണ്ട്:

"ഞങ്ങൾ സെന്റ് സ്റ്റീഫനിയൻസുകാർ ഐ.എ.എസ്സുകാരെപ്പോലെയാണ്. ഏതു സീറ്റിലും ഞങ്ങൾ കംഫർട്ടബിളാണ്."

എന്നിട്ട് ഗിരിരാജ് അയാളുടെ അച്ഛനെക്കുറിച്ച് പറഞ്ഞു. സാംസ്കാരിക വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായിരുന്ന അച്ഛൻ ഇപ്പോൾ ഖനികളുടെയും കൽക്കരിയുടെയും മന്ത്രാലയത്തിൽ അഡീഷണൽ സെക്രട്ടറിയാണ്.

"രണ്ടു മിനിസ്ട്രിയിലും അച്ഛന്റെ പെർഫോമൻസ് ബ്രില്യന്റ്."

ഗിരിരാജ് ചിരിച്ചു.

അന്ന് കാന്റീനിലിരുന്ന് ലഞ്ച് കഴിക്കുമ്പോൾ ഗിരിരാജ് ശിവരാമന്റെ അരികിൽ വന്നിരുന്ന് കുറേനേരം സംസാരിച്ചു. ഹുസൈന്റെ ചിത്രകലയെക്കുറിച്ച് അയാൾക്ക് സാമാന്യം നല്ല വിവരമുണ്ടായിരുന്നു. പക്ഷേ, ആ അറിവ് വായനയിൽ നിന്നുണ്ടായതാണെന്ന് ശിവരാമന് ഉടനെ മനസ്സിലായി. ചിന്തയിൽ നിന്നോ ഫീലിങ്സിൽ നിന്നോ ഉണ്ടായതല്ല. ഹുസൈനെക്കുറിച്ച് ശിവരാമനുള്ള പ്രധാന പരാതി വരകളിലെ നിർജീവതയാണ്. വരകളിലെ ജൈവാംശത്തെക്കുറിച്ച് പറയുമ്പോൾ അയാൾ എപ്പോഴും ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നത് സൂസയുടെ ചിത്രങ്ങളാണ്.

"അതു തന്നെയാണ് എനിക്കും പറയാനുള്ളത്, സൂസയുമായി താരതമ്യം ചെയ്തെഴുതിയിരുന്നെങ്കിൽ ഹുസൈനെക്കുറിച്ചുള്ള നിങ്ങളുടെ പീസിന് കുറച്ചുകൂടി പഞ്ചുണ്ടാകുമായിരുന്നു."

പക്ഷേ, ശിവരാമന്റെ കലാവിമർശനശൈലിയിൽ താരതമ്യപഠനത്തിന് സ്ഥാനമുണ്ടായിരുന്നില്ല. ഓരോ ചിത്രത്തെയും അതിന്റെ സ്വന്തം ബലത്തിൽ ഊന്നി സ്വതന്ത്രമായി പഠിക്കുന്ന ഒരു സമ്പ്രദായം അയാൾ ഇതിനകം വളർത്തിയെടുത്തിരുന്നു. തന്റെ മനസ്സാക്ഷിക്കെതിരായി ഒന്നും അയാൾ എഴുതുകയുമില്ല. അതുതന്നെയാണ് ഒരു ആർട്ട് ക്രിട്ടിക് എന്ന നിലയിൽ അയാൾ സമ്പാദിച്ച യശസ്സിനു കാരണവും. ഒരു പക്ഷേ, അയാളുടെ ദാരിദ്ര്യത്തിനുള്ള കാരണവും അതുതന്നെയാകാം.

"അച്ഛനെന്താ ഫോറിനിൽ പോകാത്തത്?" ആരതി പലതവണ ചോദിച്ചു. "നരേഷ് അങ്കിൾ എത്ര പ്രാവശ്യം ലണ്ടനിലും ന്യൂയോർക്കിലും ഒക്കെ പോക്ന്നത്..."

നരേഷ് മൽഹോത്ര ഭാരതീയ ടൈംസിന്റെ ആർട്ട് ക്രിറ്റിക്കാണ്.

"നിന്റച്ഛനൊരു പഴഞ്ചനാ മോളേ."

വേഷം കൊണ്ടും ശിവരാമൻ ഒരു പഴഞ്ചനാണ്. അയാൾ നരേഷ് മൽഹോത്രയെപ്പോലെ ചുമൽവരെ മുടി വളർത്തുകയോ പൈപ്പു വലിക്കുകയോ ഒന്നും ചെയ്യുന്നില്ല.

ഒരിക്കൽ ശിവരാമൻ ഗിരിരാജിന്റെ പുതിയ ഫ്ളാറ്റിൽ പോകാനിടയായി. അത് അയാളുടെ ഹൗസ് വാമിങ് പാർട്ടിയിൽ പങ്കെടുക്കാനായിരുന്നു. തന്നെക്കാളും വളരെ പ്രായം കുറഞ്ഞ ഗിരിരാജ് പ്രശസ്തരും ധനികരും താമസിക്കുന്ന നഗരത്തിന്റെ തെക്കുഭാഗത്ത് ഒരു നാലു ബെഡ്റൂം ഫ്ളാറ്റുവാങ്ങിയതു കണ്ട് ശിവരാമൻ അതിശയിച്ചു. ഇറ്റാലിയൻ ഫർണിച്ചറും കാശ്മീർ കാർപ്പറ്റുംകൊണ്ടലങ്കരിച്ച ആ വീടിന് യാന്ത്രികമായൊരു ഭംഗിയുണ്ടായിരുന്നു. ശിവരാമന് അവിടെ കാണാൻ കഴിയാതെ പോയത് പുസ്തകങ്ങളും മാസികകളുമാണ്. 'ന്യൂയോർക്ക് ടൈംസി'ന്റെ ഒരു കോപ്പിയല്ലാതെ മറ്റൊരു പത്രവും അവിടെ കണ്ടില്ല. അയാളുടെ സ്റ്റഡി റൂമിൽ കമ്പ്യൂട്ടറും അടുക്കിവച്ച കുറേ ഫ്ളോപ്പികളുമുണ്ടായിരുന്നു.

ഗിരിരാജ് പതിവായി ശിവരാമന്റെ എഴുത്തിൽ ഇടപെടാൻ തുടങ്ങിയപ്പോൾ എന്തു ചെയ്യണമെന്നറിയാതെ അയാൾ വിഷമിച്ചു. അയാളുടെ പത്രത്തിന്റെ ആർട്ട് പേജിന്റെ ഉത്തരവാദിത്തം ഗിരിരാജിനാണ്. എല്ലാ വെള്ളിയാഴ്ചയും ശിവരാമൻ എഴുതുന്ന കലാപ്രദർശനങ്ങളുടെ നിരൂപണം ആ പേജിന്റെ മുഖ്യ ആകർഷണമാണ്. പലപ്പോഴും അരപ്പേജിൽ ചിത്രങ്ങളോടെയാണ് അതു കൊടുത്തിരുന്നത്. ഈയിടെ ഗിരിരാജ് ചിത്രങ്ങൾ കൊടുക്കുന്ന പതിവ് നിർത്തി. അതിനെക്കുറിച്ചു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു:

"ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയി കാണും. നമ്മൾ അതിനുവേണ്ടി വില പിടിച്ച സ്പെയ്സ് നഷ്ടപ്പെടുത്തേണ്ടതില്ല."


ശിവരാമൻ എഡിറ്ററെ കണ്ട് സംസാരിക്കാൻ ശ്രമിച്ചെങ്കിലും ആ ശ്രമം ഫലിച്ചില്ല. എഡിറ്ററെ കാണാൻ പോലും കഴിഞ്ഞില്ല.

ഗിരിരാജ് തുടർന്നിടപെടുകയാണെങ്കിൽ മറ്റൊരു പത്രത്തിലേക്ക് മാറുന്ന കാര്യം അയാൾ ഗൗരപൂർവം ആലോചിച്ചുതുടങ്ങി. പക്ഷേ, ഏതു പത്രത്തിലേക്ക്?

ഭാഗ്യവശാൽ അതു വേണ്ടിവന്നില്ല. ഒരു ഫെല്ലോഷിപ്പുമായി ഗിരിരാജ് ലണ്ടനിലേക്കു പോയി. ദൈവം എന്നും കലയുടെയും കലാകാരന്മാരുടെയും ഭാഗത്താണെന്ന അയാളുടെ വിശ്വാസത്തെ അതു ബലപ്പെടുത്തി.

തുടർന്ന് ഗിരിരാജിനെക്കുറിച്ച് ശിവരാമൻ ഒന്നും കേട്ടില്ല. പിന്നീട് അറിഞ്ഞു, അയാൾ ഇപ്പോൾ ന്യൂയോർക്കിൽ ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിലാണെന്ന്. ഗിരിരാജിനെപ്പോലുള്ള ചെറുപ്പക്കാർ ജീവിതത്തിൽ കുതിച്ച് മുന്നോട്ടുപോകുന്നത് അയാൾ അമ്പരപ്പോടെ നോക്കിനിന്നു.

പക്ഷേ, ഗിരിരാജ് പോയിട്ടും ശിവരാമന്റെ പ്രശ്നങ്ങൾ തീർന്നില്ല. 'നാഷണൽ ടൈംസി'ൽ പതുക്കെ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. എപ്പോഴും ശബ്ദിച്ചുകൊണ്ടിരുന്ന ടെലിപ്രിന്ററുകൾ ഇല്ലാതെയായതാണ് ആദ്യം കണ്ട പ്രകടമായ ഒരു മാറ്റം. ടെലിപ്രിന്ററുകളുടെ കൂടെ ഒച്ചവച്ചുകൊണ്ടിരുന്ന ടൈപ്പ്റൈറ്ററുകളും ഇല്ലാതെയായി. എല്ലായിടത്തും കമ്പ്യൂട്ടറുകൾ സ്ഥാനം പിടിച്ചു. അപ്പോഴും ശിവരാമൻ തന്റെ പഴക്കംചെന്ന റെമിങ്ടൺ ടൈപ്പ്റൈറ്റർ കൈവെടിഞ്ഞില്ല. അയാളുടെ ടൈപ്പ്റൈറ്ററിന്റെ ഒച്ച കമ്പ്യൂട്ടറുകൾ നിരന്നുകിടക്കുന്ന ശീതീകരിച്ച നിശ്ശബ്ദമായ ഓഫീസുകളിലേക്ക് ഒരു അപശബ്ദം പോലെ കടന്നുചെന്നു.



പരിചയമുള്ള പ്രായമായ മുഖങ്ങൾ അപ്രത്യക്ഷമാകുന്നതും അയാൾ ശ്രദ്ധിച്ചു. അവരുടെ സ്ഥാനത്ത് ജീൻസിട്ടു നടക്കുന്ന യുവതികളും യുവാക്കളും വന്നു. കാൽനൂറ്റാണ്ടു കാലമായി ഇംഗ്ലീഷിൽ കലാവിമർശനമെഴുതുന്ന അയാൾക്ക് അവരുടെ സംസാരത്തിലെ പല ഇംഗ്ലീഷ് പ്രയോഗങ്ങളും മനസ്സിലായില്ല. ശിവരാമനെ അതു തളർത്തി. താൻ ഭാഷ മറന്നുപോവുകയാണോ? അല്ലെങ്കിൽ ഭാഷ തന്നെ കൈവെടിയുകയാണോ?

ഭാഷമാത്രമല്ല, ജീവിതം തന്നെ അയാൾ മറന്നുപോയിരിക്കുന്നു എന്ന് ഒരു ദിവസം ലക്ഷ്മി പറഞ്ഞു. അവരുടെ കാൽമുട്ടുകൾ നീരുവന്ന് വീർത്തിരുന്നു. മുട്ടുകൾ രണ്ടും തേഞ്ഞു തീർന്നിരിക്കുന്നു. കട്ടിലിൽ നിന്ന് താഴെ ഇറങ്ങുവാൻ കഴിയാത്ത വിധം അവർ അവശയായി.

"ലക്ഷ്മീ, എല്ലാ കഷ്ടപ്പാടുകൾക്കും ഒരവസാനമുണ്ട്."

"എപ്പോ, ന്റെ കണ്ണടഞ്ഞിട്ട്, ല്ലേ?"

ശിവരാമൻ മിണ്ടാതെയിരുന്നു. സ്വന്തം വാക്കുകളിൽ അയാൾക്ക് വിശ്വാസം നഷ്ടപ്പെട്ടുതുടങ്ങിയിരിക്കുന്നു.

ശിവരാമൻ ഒന്നും മിണ്ടാതെ സ്വന്തം കൈകളിൽ നോക്കിയിരുന്നു. അയാളുടെ കൈനഖങ്ങൾക്കുള്ളിൽ ചേറുണ്ടായിരുന്നു. വിരലുകൾക്കു മുകളിൽ തടിച്ചുനിൽക്കുന്ന ഞരമ്പുകൾ എതോ ഇഴജന്തുക്കളെപ്പോലെ തോന്നിച്ചു. അയാൾക്ക് സ്വന്തം കൈകളോട് നീരസം തോന്നി. ഒന്നിനും കൊള്ളാത്ത കൈകൾ.

അയാൾക്കു പുസ്തകങ്ങളുടെ ഒരു വലിയ ശേഖരമുണ്ട്. ഒരു പുസ്തകവും മാസികയും കൈവിട്ടുപോകാൻ സമ്മതിക്കില്ല. ഇപ്പോൾ കുറേക്കാലമായി പുതിയ പുസ്തകങ്ങൾ ഒന്നും വാങ്ങാറില്ല. പണമില്ലാത്തതുതന്നെ കാരണം. പഴയ പുസ്തകങ്ങളുടെ കവറുകൾ മങ്ങി. ചിലതൊക്കെ ഉറകുത്തി.

ശിവരാമന്റേതായ എല്ലാം പഴകുകയും ജീർണി ക്കുകയും ചെയ്തിരിക്കുന്നു.

ഇന്നും രാവിലെ രണ്ട് ഉണക്കച്ചപ്പാത്തി തിന്ന് അതിനുമുകളിൽ കടുപ്പത്തിൽ ഒരു ചായയും കുടിച്ച് അയാൾ ആപ്പീസിലേക്ക് പുറപ്പെട്ടു. ഇറ ങ്ങുമ്പോൾ പ്ലാസ്റ്റിക് സഞ്ചി എടുക്കാൻ മറ ന്നില്ല. ലക്ഷ്മിയുടെ കഷായവും കുഴമ്പും തീർന്നിരുന്നു.

രണ്ടു ബസ്സുകൾ മാറിക്കയറി വിയർത്തു കുളിച്ച് അയാൾ കൃത്യസമയത്ത് തന്നെ ആപ്പീസിലെ ത്തി. വൈകുന്നേരം അയാൾക്ക് രണ്ടു ചിത്ര പ്രദർശനങ്ങൾ കാണാനുണ്ട്. പ്രദർശനങ്ങൾ കാണാൻ പോകുന്നതിനു ട്രാൻസ്പോർട്ട് ഇന ത്തിൽ അയാൾക്ക് നൂറ്റമ്പതോ ഇരുന്നൂറോ ഉറു പ്പിക കിട്ടും. ബസ്സിലോ കാൽനടയായോ പോയി ആ പണം കൊണ്ട് പുസ്തകങ്ങൾ വാങ്ങുകയായിരുന്നു പതിവ്. ഇപ്പോൾ ആ പൈസകൊണ്ട് ഒരു നല്ല പുസ്തകവും കിട്ടില്ല. പുസ്തകങ്ങൾക്ക്, പ്രത്യേകിച്ച് കലയെക്കുറി ച്ചുള്ള പുസ്തകങ്ങൾക്ക് തീ പിടിച്ച വിലയാണ്. ആ പൈസ ഇപ്പോൾ അയാൾ ഉപയോഗിക്കു ന്നത് കഷായവും കുഴമ്പും വാങ്ങാനാണ്.

പതിനൊന്നു മണിക്ക് ഡെപ്യൂട്ടി എഡിറ്റർ രവി ഭൂഷൺ ശിവരാമനെ തന്റെ ക്യാബിനിലേക്കു വിളിച്ചു. ഗിരിരാജിനുപകരം വന്ന ആളാണ്. മീഡിയായിലും കമ്മ്യൂണിക്കേഷനിലും പിഎച്ച്.ഡി. എടുത്തത് ന്യൂയോർക്കിൽ നിന്നാണ്.

"ഇന്നു വൈകുന്നേരം താങ്കൾ ഒരു പ്രധാന ഇവന്റ് കവർ ചെയ്യണം. നിഫ്റ്റിലെ അവസാ നവർഷ വിദ്യാർഥികളുടെ ഫാഷൻ ഷോ. വി കാൻട് അഫോർഡ് ടു മിസിറ്റ്."

കമ്പ്യൂട്ടർ സ്ക്രീനിൽനിന്ന് കണ്ണെടുക്കാതെ രവിഭൂഷൺ പറഞ്ഞു. മോണിറ്ററിന്റെ അരികിൽ ഒരു തുറന്ന കോളയുടെ ക്യാൻ ഉണ്ടായിരുന്നു. അയാൾ ശിവരാമന്റെ മുഖത്തു നോക്കാതെ വിറങ്ങലിച്ച കോള ഒരു കവിൾ കുടിച്ച് ക്യാൻ താഴെ വച്ചു.

"ഇന്ന് പ്രധാനപ്പെട്ട രണ്ടെക്സിബിഷൻ കവർ ചെയ്യാനുണ്ട്. പരിതോഷ് സെന്നിന്റെ റെട്രോസ്പെക്ടീവും..."

"ഐ നോ, താങ്കൾ ഞാൻ പറയുന്നതുപോലെ ചെയ്താൽ മതി."

"എന്നെപ്പോലെ ഒരാൾ കുട്ടികളുടെ ഫാഷൻ ഷോ കവർ ചെയ്യാനോ?"

"എന്തുകൊണ്ട് പാടില്ല? താങ്കൾ ഈ ബൂർഷ്വാ വാല്യൂസൊക്കെ കളയണം. പിന്നെ എന്നോട് തർക്കിക്കാൻ വരരുത്. ഐ മീൻ, ഐ നോ വാട്ട് അയാം സേയിങ്."

സ്വാഭാവികമായും ശിവരാമൻ ഫാഷൻ ഷോ കവർ ചെയ്യാൻ പോയില്ല. അയാൾ പരിതോഷ് സെന്നിന്റെ റെട്രോസ്പെക്ടീവ് പോയി കണ്ട് ഒരു വലിയ കോപ്പിയെഴുതി ഫയൽ ചെയ്തു. പിക്കാസോവിനെ നേരിട്ടുകണ്ടു സംസാരിച്ച മൂന്നോ നാലോ ഇന്ത്യൻ ചിത്രകാരന്മാരിൽ ഒരാളാണല്ലോ പരിതോഷ് സെൻ. അവരുടെ കൂടിക്കാഴ്ചയെക്കുറിച്ച് ശിവരാമൻ ഒരിക്കൽ തന്റെ പത്രത്തിൽ എഴുതിയിരുന്നു.


കാൽനൂറ്റാണ്ടിനുള്ളിൽ ആദ്യമായി ആ വാരാന്ത്യം 'നാഷണൽ ടൈംസി'ന്റെ ആർട്ട് പേജിൽ ചിത്രകലയെക്കുറിച്ചുള്ള നിരൂപണം വന്നില്ല. അന്ന് ആർട്ട് പേജിൽ കണ്ടത് ഫാഷൻ ഷോവിന്റെ വർണചിത്രങ്ങളോടുകൂടിയ മുഴു പേജ് സ്റ്റോറിയായിരുന്നു. അത് എഴുതിയുണ്ടാ ക്കിയത് ജീൻസിട്ടു നടക്കുന്ന കൊച്ചുപെണ്ണും. അവൾ ഈയിടെയാണ് ട്രെയ്നിയായി ചേർന്നത്.

കെട്ടിടങ്ങളിലെ വെളിച്ചമില്ലാത്ത പിൻവഴിയി ലൂടെ നടന്ന് അയാൾ തന്റെ വീട്ടിലേക്കു കയ റിച്ചെന്നു. ലക്ഷ്മി പതിവുപോലെ കയറ്റുകട്ടി ലിൽ കിടക്കുകയാണ്. അരികിലിരുന്ന് മകൾ കാൽ തടവിക്കൊടുക്കുന്നു.

അച്ഛനെ കണ്ട് ആരതി ഓടിവന്നു.

"ഗുഡ് ന്യൂസ് അച്ഛാ."

നല്ല വാർത്തയോ? അങ്ങനെയൊന്ന് ഇനി ഈ ജീവിതത്തിലുണ്ടാകുമോ? അയാൾ നെറ്റി ചുളിച്ച് മകളെ നോക്കി. ആഹ്ലാദത്താൽ അവ



ളുടെ പല്ലുകളും കണ്ണുകളും ഒരുപോലെ പ്രകാശിച്ചു.

"ഞങ്ങളുടെ ആനുവൽ ഷോവിനു എനിക്കൊരു സമ്മാനം കിട്ടി അച്ഛാ."

അവൾ സമ്മാനം കിട്ടിയ ചിത്രം ആവേശത്തോടെ അയാളെ കാണിച്ചു. "എന്റെ അച്ഛൻ" എന്നാണ് ചിത്രത്തിന്റെ പേര്. നാലടി നീളവും മൂന്നടി വീതിയുമുള്ള സാമാന്യം വലിയ ഒരു ചിത്രമാണ്. തിരശ്ചീനമായും ലംബമായും ക്യാൻവാസിൽ വിന്യസിച്ച കുറേ കടുംനിറങ്ങളിലുള്ള ത്രികോണങ്ങളും ചതുരങ്ങളും വൃത്തങ്ങളും.

"ഇത് ഞാനാണോ മോളേ?"

അയാൾ ആശങ്കയോടെ ചോദിച്ചു.

"അതെ, അച്ഛൻതന്നെ."

ശിവരാമൻ ചിത്രം തിരിച്ചും മറിച്ചും നോക്കി. എങ്ങനെ നോക്കിയിട്ടും അയാൾക്ക് ആ ചിത്രത്തിൽ തന്റെ മുഖം കാണാൻ കഴിഞ്ഞില്ല.


അയാൾക്ക് തന്റെ മുഖം നഷ്ടപ്പെട്ടിരുന്നു. എന്നേക്കുമായി...

**ദിനോസറുകളുടെ കാലം**

- കലാഭിരുചിയിൽ ഉണ്ടാകുന്ന കാലികമായ മാറ്റങ്ങളെ കഥാകൃത്ത് എങ്ങനെയാണ് നിരീക്ഷിക്കുന്നത്? കഥാകൃത്തിന്റെ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.
- കഥയുടെ തലക്കെട്ട് നൽകുന്ന ആശയം വിശകലനം ചെയ്യുക.
- കഥയിൽ അവതരിപ്പിച്ചിട്ടുള്ള കുടുംബാന്തരീക്ഷത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
- "ഞങ്ങൾ സെന്റ് സ്റ്റീഫനിയൻസുകാർ ഐ.എ.എസ്സുകാരെപ്പോലെയാണ്. ഏതു സീറ്റിലും ഞങ്ങൾ കംഫർട്ടബിളാണ്"- പുതിയ കാലത്തെ പ്രൊഫഷണലുകളുടെ മനോഭാവമാണ് ഇവിടെ പ്രകടമാവുന്നത്. ഈ സമീപനത്തെ നിങ്ങൾ എങ്ങനെ കാണുന്നു?
- കലാനിരൂപകർ എന്ന നിലയിൽ ശിവരാമന്റെയും ഗിരിരാജിന്റെയും സമീപനരീതികൾ തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യുക.

2

# ഇരുചിറകുകളൊരുമയിലങ്ങനെ...



## ഇവൾക്കു മാത്രമായ്

സുഗതകുമാരി

ഇവൾക്കുമാത്രമായ്, കടലോളം കണ്ണീർ
കുടിച്ചവൾ, ചിങ്ങവെയിലൊളി പോലെ
ചിരിപ്പവൾ, ഉള്ളിൽ കൊടും തീയാളിടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ.

ചവിട്ടാൻ, നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ,
പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ,
തുണയ്ക്കു കൈകോർത്തു നടക്കാൻ, മക്കളെ
പിടയ്ക്കും നെഞ്ഞത്തു കിടത്തിപ്പോറ്റുവാൻ
ഇവൾക്കുമാത്രമായ് ഒരു ജന്മം; നെറ്റി
ത്തടത്തിലുണ്ടിവൾക്കൊരിറ്റു കുങ്കുമം,
വിളർത്ത ചുണ്ടത്തു നിലാച്ചിരി, ഹൃത്തിൻ
വിളക്കുമാടത്തിലൊരു കെടാത്തിരി.

ഇവൾ ദൈവത്തിനും മുകളിൽ സ്നേഹത്തെ
ഇരുത്തിപ്പൂജിപ്പോൾ, ഇവൾ കാലത്തിന്റെ
കരങ്ങളിൽ മാത്രം സമാശ്വസിക്കുമ്പോൾ.

ഇവൾക്കുമാത്രമായൊരു ഗാനം പാടാ-
നെനിക്കു നിഷ്ഫലമൊരു മോഹം, സഖീ....!

(സുഗതകുമാരിയുടെ കവിതകൾ)

- “കടലോളം കണ്ണീർ കുടിച്ചവൾ”
  “ഉള്ളിൽ കൊടും തീയാളിടും ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ”

  ഈ കവിതയിൽ സ്ത്രീജന്മത്തിനു കവയിത്രി നൽകിയ വിശേഷണങ്ങൾ ഇന്നും പ്രസക്തമാണോ? വിമർശനാത്മകമായി വിലയിരുത്തുക.

- “ഇവൾക്കുമാത്രമായൊരു ഗാനം പാടാ-
  നെനിക്കു നിഷ്ഫലമൊരു മോഹം, സഖീ....!”

  ഈ വരികളുടെ ആശയം ചർച്ചചെയ്യുക.

- കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന സ്ത്രീജീവിതാവസ്ഥകളിലൂന്നി ആസ്വാദനം തയാറാക്കുക.

# സാഹിത്യത്തിലെ സ്ത്രീ

ജോസഫ് മുണ്ടശ്ശേരി

സാഹിത്യകാരന്മാർ, വിശേഷിച്ചു കവികൾ, അവർ സൃഷ്ടിച്ചിട്ടുള്ള സ്ത്രീപാത്രങ്ങളിലൂടെയാണ് ജീവിക്കുന്നതെന്നു പറയാറുണ്ട്. ഷേക്സ്പിയറുടെയും മറ്റും കൃതികൾ നിരൂപണം ചെയ്തിട്ടുള്ളവരിൽ ചിലർ പണ്ടേ ഉന്നയിച്ചിട്ടുള്ളതാണ് ഈ അഭിപ്രായം. കാളിദാസന്റെ കാര്യത്തിലും ഈ സ്ത്രീപക്ഷപാതത്തെ ഉയർത്തിപ്പിടിച്ചുകണ്ടിരുന്നു. ഇപ്പോൾ മലയാളകവികളെ സംബന്ധിച്ചും ഏതാണ്ടിങ്ങനെ ഒരു ധാരണയുണ്ടായിട്ടുണ്ട്. നമ്മുടെ കവികളിൽ സമഗ്രജീവിതപ്രതിപാദനസമർഥരായി ഏറെപ്പേരില്ല. മഹാകാവ്യകാരന്മാർ ആ വഴിക്കു പോയവരാണെങ്കിലും അവർ തങ്ങൾ നിരത്തിവച്ചിട്ടുള്ള ജീവിതചിത്രങ്ങളുടെ പേരിലല്ല നിലനിൽക്കുന്നത്. നവീനകവികൾ ജീവിതവസ്തുക്കളെ അപോദ്ധരിച്ചു പഠിച്ച് തങ്ങൾക്കുചിതമായി തോന്നിയ ശില്പത്തിൽ ഉദ്ഗ്രഥിച്ചാവിഷ്കരിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രഥമഗണനീയനാണ് കുമാരനാശാൻ. അദ്ദേഹവും നായികാപാത്രങ്ങളെക്കൊണ്ടാണ് അധികവും വിജയിച്ചിരിക്കുന്നതെന്ന് ഒരഭിപ്രായമുണ്ടായിരിക്കുന്നു.



കാവ്യങ്ങളിലെന്നല്ല, നാടകങ്ങളിലും നോവലുകളിലുമൊക്കെത്തന്നെ സ്ത്രീപാത്രങ്ങളാണ് കൂടുതൽ ഹൃദയാവർജകങ്ങളായിട്ടുള്ളതെന്നു പൊതുവെ പറയാം. അതു നിഷേധിക്കാൻ പാടില്ലാത്ത വാസ്തവമാണ്. പക്ഷേ, തങ്ങൾ സൃഷ്ടിക്കുന്ന കഥാപാത്രങ്ങളിൽ സ്ത്രീകളോടു കൂടുതൽ പക്ഷപാതം സാഹിത്യകാരന്മാർക്കുണ്ടായതിനാലാണോ അപ്രകാരമായിത്തീർന്നത്? പുരുഷപാത്രങ്ങളോടു സാരമായ മമതയൊന്നും കാണിക്കാറില്ലെന്നുണ്ടോ സാഹിത്യകാരന്മാർ? അവരുടെ കലാകൗശലമൊക്കെ സ്ത്രീകളെ സൃഷ്ടിക്കുന്നതിൽ ബോധപൂർവം കേന്ദ്രപ്പെടുത്തിയിരിക്കുകയാണോ? ഈ ചോദ്യങ്ങൾക്കു സമാധാനം കാണാതെ കവികൾ പൊതുവെ സ്ത്രീപക്ഷപാതികളാണെന്നോ സ്ത്രീ സ്വഭാവനിർമിതിയിൽ കൂടുതൽ കൃതശ്രദ്ധരാണെന്നോ സിദ്ധവൽക്കരിക്കുന്നതു സാഹസമായിരിക്കും.

സ്ത്രീയെ അടിമയായോ കളിപ്പാട്ടമായോ ജീവിതത്തിൽ ഉപസ്ഥാനത്തിനു മാത്രം അർഹയായോ പരിഗണിക്കുന്ന ഒരു സാമൂഹ്യനീതിയുടെ കീഴിലാണ് ലോകമിന്നേവരെ കഴിഞ്ഞുപോന്നിട്ടുള്ളത്. പുരുഷനോടു തുല്യമായ ഒരു പദവി ജീവിതത്തിൽ സ്ത്രീക്ക് അനുവദിച്ചുകൊടുക്കുവാൻ ഒരു രാജ്യത്തെ മനുസ്മൃതിയും തയാറായിട്ടില്ല. കുടുംബമാണല്ലോ സാമൂഹ്യജീവിതത്തിന്റെ അസ്തിവാരമായി നിൽക്കുന്നത്. കുടുംബജീവിതം ആരംഭിച്ച നാൾതൊട്ടു


സ്ത്രീ പുരുഷന്റെ കീഴിൽ ഒതുങ്ങിപ്പാർക്കേണ്ട എന്തോ ഒന്നായിട്ടാണ് കരുതപ്പെട്ടിട്ടുള്ളത്. ചില നാടുകളിലും ചില സമുദായങ്ങളിലും സ്ത്രീ ഇന്നും അടിമയാണ്. നാടുവാഴിത്തം നടമാടുന്ന ചില അപരിഷ്കൃതകേന്ദ്രങ്ങളിൽ ഭാര്യമാരായോ വെപ്പാട്ടികളായോ എത്രയോ സ്ത്രീകളെ ഒരേ സമയത്ത് വച്ചുകൊണ്ടിരിക്കുന്ന പുരുഷന്മാരുണ്ട്. ആ സ്ത്രീകളെക്കൊണ്ടു വേലയെടുപ്പിക്കാമെന്നും അവരിലുണ്ടാകുന്ന സന്താനങ്ങളെ വളർത്തിയെടുത്താൽ അവരെക്കൊണ്ടും വേലയെടുപ്പിക്കാമെന്നുമുള്ള ഉറപ്പിന്മേലാണ് അങ്ങനെ ധാരാളം സ്ത്രീകളെ വച്ചുകൊണ്ടിരിക്കുന്നതെന്നറിയുന്നു. അത്രയും അധമമായ ഒരു നില മധ്യശതകങ്ങൾക്കുശേഷം പരിഷ്കൃതമായിത്തീർന്ന രാജ്യങ്ങളിൽ സ്ത്രീകൾക്കില്ലെന്നു സമ്മതിക്കാം. എന്നാലും സ്ത്രീ പുരുഷന്റെ കീഴിരിക്കണം എന്നുള്ള കുടുംബനീതിക്കു മധ്യശതകങ്ങൾക്കു ശേഷവും കോട്ടം തട്ടിയിട്ടില്ല.



ഇന്ത്യയിൽ ആർഷസംസ്കാരത്തിന്റെ അങ്ങേത്തലതൊട്ട് ഇങ്ങേത്തലയോളം പരിശോധിച്ചാൽ കാണാം, സ്ത്രീക്ക് പുരുഷനിരപേക്ഷമായ ഒരു സ്വതന്ത്രനില ഒരിക്കലും വിധിക്കപ്പെട്ടിട്ടില്ലെന്ന്. ഏറെക്കുറെ പുരുഷനൊപ്പം സ്വതന്ത്രതയവകാശപ്പെടാൻ സ്ത്രീകൾക്കു സാധിച്ചിട്ടുണ്ടെങ്കിൽ അതു വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടെയുമൊക്കെ തൊട്ടയൽപക്കക്കാരെന്നു വിചാരിക്കാവുന്ന പണിയാളർക്കിടയിൽ മാത്രമാണ്. വേട്ടുവസ്ത്രീക്കും പുലയസ്ത്രീക്കും ഉള്ള തന്റേടം മറ്റുള്ള സ്ത്രീകൾക്കു കൈവന്നിട്ടില്ല. ചുരുക്കത്തിൽ ഒന്നേ പറയാനുള്ളൂ, മാനവസംസ്കാരത്തിന്റെ മേഖലയിൽ വന്നുവീണിട്ടുള്ള എല്ലാ ജനസമുദായങ്ങൾക്കുമിടയിൽ കുടുംബംതൊട്ടു രാഷ്ട്രംവരെയുള്ള എല്ലാ സംഘടിതസ്ഥാപനങ്ങളിലും പുരുഷന്റെ കോയ്മയാണ് നിലനിന്നിട്ടുള്ളത്. സ്ത്രീക്ക് പുരുഷനുമായി ഒത്തുനിന്ന് അവന്റെ വരുതിക്കു കീഴിൽ പ്രസവിച്ചും കുട്ടികളെ വളർത്തിയും വേറെ പല ജോലികൾ ചെയ്തും ജീവിതത്തെ ഉന്തിത്തള്ളിനീക്കി അന്തരിച്ചുപോകുവാനേ ജാതകമുള്ളൂ. പുരുഷൻ ഭർത്താവാകുമ്പോൾ ഭാര്യയാണ് സ്ത്രീ. ആ ശബ്ദങ്ങൾതന്നെ ജീവിതത്തിൽ അവരുടെ സ്ഥാനങ്ങളെ നിർണയിച്ചിട്ടുണ്ട്. ഭർത്രിയെന്നും ഭാര്യനെന്നും പദങ്ങൾ മറിച്ചിടുവാൻ പുരുഷൻ ഇന്നുവരെ സമ്മതിച്ചിട്ടില്ല. സ്ത്രീ പതിവ്രതയായിരിക്കണമെന്നും സിദ്ധാന്തമുണ്ട്. എന്നല്ല, പുരുഷൻ മരിച്ചാൽ സഹധർമിണിയായ സ്ത്രീ ചിതയിൽ ചാടി കൂടെ മരിക്കണമെന്നായിരുന്നു നിയമം. ഈ ഉത്തരവാദിത്തങ്ങൾ പുരുഷപക്ഷത്തേക്കും വിധിക്കുവാൻ സ്മൃതികാരന്മാർ തയാറായില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ വച്ചുകൊണ്ടു നമുക്ക് ലോകോത്തരങ്ങളായ സാഹിത്യകൃതികൾ പരിശോധിക്കാം. മിക്ക കഥകളിലും കഷ്ടപ്പാടനുഭവിക്കുവാൻ സ്ത്രീയാണ്. കുടുംബജീവിതത്തിലെയും സാമൂഹ്യജീവിതത്തിലെയും നടപടിപ്പിഴകളുടെ പ്രത്യാഘാതങ്ങൾ ചെന്നടിക്കുന്നത് സ്ത്രീയുടെ തലയ്ക്കാണ്. പുരുഷപക്ഷത്തിലുണ്ടാകുന്ന ദുർവൃത്തികളുടെയും ദുഷ്പ്രവണതകളുടെയും എല്ലാം ഫലം അനുഭവിക്കേണ്ടത് സ്ത്രീയാണ്. എന്തു കഷ്ടപ്പാടുണ്ടായാലും ക്ഷമാപൂർവം സഹിക്കുന്നവളാണ് ഉത്തമസ്ത്രീ. അപ്പോഴെന്തു വരുന്നു? ക്ഷമാപൂർവം ജീവിതക്ലേശങ്ങൾ തുടരത്തുടരെ അനുഭവിക്കുന്ന സ്ത്രീകളെല്ലാം ത്യാഗശാലി

നികളായിത്തീരുന്നു. അർഹിക്കാത്ത കഷ്ടപ്പാടിനൊക്കെത്തന്നെയും ഉത്തരവാദികൾ തങ്ങളാണെന്നുള്ള വസ്തുതയെ മറച്ചുവച്ച് പുരുഷന്മാർ അവരെ 'ത്യാഗിനികൾ' 'ത്യാഗിനികൾ' എന്നു കൊട്ടിയറിയിക്കുകയാണ്. പുരുഷന്റെ യാതൊരു കൈച്ചെലവുമില്ലാത്ത സർട്ടിഫിക്കറ്റിൽ സ്ത്രീകൾ മയങ്ങിപ്പോകുന്നു. പുരുഷനെ ചോദ്യംചെയ്യുവാൻ സ്ത്രീ ധൈര്യപ്പെട്ടിട്ടില്ല. എങ്ങനെ ധൈര്യപ്പെടാനാണ്? ആത്മാവില്ലാത്ത സ്ത്രീ ആത്മാവിന്റെ കുത്തകക്കാരനായ പുരുഷനെ ചോദ്യം ചെയ്യുകയോ? അതൊരിക്കലും പാടില്ല. ഇത്തരത്തിൽ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും അട്ടിപ്പേറവകാശിനികളായി, അങ്ങേയറ്റത്തെ ത്യാഗശാലിനികളായി എല്ലാ പ്രസിദ്ധകഥകളിലും സ്ത്രീകൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ദുഃഖഭാക്കുകളായ കഥാപാത്രങ്ങളുടെ പേരിൽ മനുഷ്യത്വമുള്ള വായനക്കാർക്ക് കൂടുതൽ ഹൃദയസംവാദമുണ്ടാകും; കൂടുതൽ സഹാനുഭൂതി ജനിക്കും. ഗജവിക്രമന്മാരായ പുരുഷന്മാരെ എന്തു ചായപ്പകിട്ടുകൾ ഉപയോഗിച്ചു ചിത്രീകരിച്ചാലും അവരുടെ പേരിൽ അത്രതന്നെ വായനക്കാർക്ക് മനോലയമുണ്ടാകുന്നില്ല. ഇതു മിക്കവാറും ഒരു പൊതുനിയമമാണ്. ഭൂരിപക്ഷം വായനക്കാർക്കും സഹാനുഭൂതിയുളവാകുന്നത് സ്ത്രീപാത്രങ്ങളുടെ പേരിലാണെങ്കിൽ കാവ്യങ്ങളും നാടകങ്ങളും നോവലുകളും വിജയിക്കുന്നത് സ്ത്രീകളെക്കൊണ്ടാണെന്ന് വന്നുപോകുക സ്വാഭാവികമാണ്. ഇക്കാര്യത്തിൽ കവികളുടെ സ്വതസ്സിദ്ധമായ രചനാകൗശലം സ്ത്രീപക്ഷപാതിയായിപ്പോയി എന്നതിന്നൊരു കാരണം തേടേണ്ടതില്ല. ഭുവനപ്രശസ്തരായ എല്ലാ എഴുത്തുകാരുടെയും നിർമാണചാതുരി സ്ത്രീയുടെ ഭാഗത്തേക്കു ചാഞ്ഞുപോകേണ്ട കാര്യമില്ലല്ലോ. വിവേകധനനായ ഒരെഴുത്തുകാരനു വേണമെങ്കിൽ തന്റെ പ്രതിഭയുടെ മുൻതൂക്കം ആ ഭാഗത്തേക്കാകാതെ സൂക്ഷിക്കാൻ കഴിയും. വാസ്തവത്തിൽ കവികളുടെ പിൻപിൽ അറിഞ്ഞോ അറിയാതെയോ പ്രവർത്തിച്ചുകൊണ്ടിരുന്നത് ഇത്രയും കാലമായി ചോദ്യം ചെയ്യപ്പെടാതെ നിലനിന്നുപോന്ന സാമൂഹ്യനീതിയാണ്. വാല്മീകിരാമായണത്തിൽ രാമനെക്കാളേറെ സീത നമ്മുടെ സഹാനുഭൂതിയെ അർഹിക്കുന്നു. നൈഷധത്തിൽ നളനെക്കാളധികം ദമയന്തിയാണ് നമ്മുടെ ഹൃദയത്തെ വികാരതരളിതമാക്കുന്നത്. സത്യവാനെ അനുഗമിച്ച സാവിത്രിയും തഥൈവ. കാളിദാസനെ നാം ഓർക്കുന്നത് ദുഷ്ഷന്തന്റെ പേരിലല്ല, ശകുന്തളയുടെ പേരിലാണ്. അവളോ? പരമാവധി ദുഃഖഭാഗിനിയും. യൂറോപ്യൻ സാഹിത്യത്തിലേക്ക് കടന്നാലും ഇതേ അനുഭവം തന്നെയാണുള്ളത്. ഷേക്സ്പിയറുടെ ഏറ്റവും ഹൃദയാവർജകങ്ങളായ കഥാപാത്രങ്ങൾ സ്ത്രീകളാണെന്നു പറയാം. ഡിണ്ഡിമകല്പന്മാരായ പുരുഷപാത്രങ്ങൾ ഷേക്സ്പിയർ കൃതികളിലുണ്ട്. പക്ഷേ, അവരെക്കാളും നമ്മെ പിടിച്ചിരുത്തുന്നത്, നമ്മുടെ മനസ്സലിയിക്കുന്നത്, ഡെസ്ഡമോണയും കൊർഡീലിയായും മറ്റുമാണ്. ഷേക്സ്പിയറെപ്പറ്റി ഒന്നു പറയാം. നാടകസാമ്രാജ്യത്തിലെ ചക്രവർത്തിയായ അദ്ദേഹത്തിനു മനുഷ്യസ്വഭാവത്തിന്റെ എല്ലാ മേഖലകളിലും





വെന്നിക്കൊടി നാട്ടാൻ കഴിഞ്ഞിട്ടുണ്ട്. തോമസ് ഹാർഡിയുടെ വിളിപ്പെട്ട നോവലുകൾ നോക്കുക. പലതിലും സ്ത്രീകളാണ് തുറുപ്പുചീട്ടുകൾ. അദ്ദേഹത്തിന്റെ 'മാസ്റ്റർ പീസ്' എന്നുവച്ചിട്ടുള്ള 'ടെസ്സ് ഓഫ് ദി ഡ്യൂബർവിൽസ്' ടെസ്സെന്നുള്ള ആ ഒരൊറ്റ സ്ത്രീപാത്രത്താൽ വിജയശ്രീലാളിതമായ നോവലാണ്. ഫ്രാൻസിലും മറ്റുമുണ്ടായ കൃതികളിലും സ്ത്രീകൾക്കാണ് പ്രാബല്യം. മലയാളത്തിൽ ഇപ്പറഞ്ഞവരോടൊപ്പം നിൽക്കാവുന്ന എഴുത്തുകാരില്ല. വല്ലവരുമുണ്ടെങ്കിൽ അവരുടെ കൃതികളിലും സ്ത്രീകൾ ത്യാഗിനികളായിത്തീർന്നിട്ടുണ്ട്. സി.വിയുടെ വൈജയന്തികയായ സുഭദ്രയുണ്ടല്ലോ, അവളേക്കാൾ വലിയ ഒരഗ്നിപർവതം സി.വി.യുടെ കൃതികളിലുണ്ടോ? എല്ലാ സാഹിത്യങ്ങളിലുമായി ചിത്രീകൃതരായ അനേകായിരം സ്ത്രീകളിൽ തൊണ്ണൂറു ശതമാനവും പുരുഷന്റെ ദുഷ്പ്രഭുത്വത്തിൻ കീഴിൽ ദുർഭഗത്വം വരിക്കേണ്ടിവന്നവരാണ്. അവരുടെ പേരിൽ വീണ്ടും വീണ്ടും ലോകത്തിലെ വായനക്കാർ വേദനിച്ചുകൊണ്ടിരിക്കുന്നു. നൊന്തുനൊന്താണ് വായിച്ചുപോകുന്നതെന്നിരുന്നാലും അത്രയും സ്ത്രീകൾക്ക്, അഥവാ അവരെ ജനിപ്പിച്ച വിശാലമായ ലോകത്തിലെ സ്ത്രീസമുദായത്തിന്, ദുഃഖകാരിയായിത്തീർന്ന പഴഞ്ചൻ സാമൂഹ്യനീതിയെ ധീരമായി ചോദ്യംചെയ്യണമെന്നുള്ള ഒരു മനസ്ഥിതി വായനക്കാർക്കുണ്ടാകുന്നില്ല. എന്തുകൊണ്ടാണിത്? ആ സ്ത്രീപാത്രങ്ങളിൽ മിക്കവരുടെയും ക്ലേശാനുഭവങ്ങൾ അവയ്ക്കു ഭൂഷണങ്ങളാണെന്ന്, ദുരന്തം വരിക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ അത് അവയെ സംബന്ധിച്ചിടത്തോളം ഒരാത്മോന്നതിയാണെന്ന്, തോന്നിക്കുന്ന മട്ടിലാണ് അവയെ തദ്വിധാതാക്കൾ അവതരിപ്പിച്ചിട്ടുള്ളത്. സീത, ദമയന്തി, സാവിത്രി, സുഭദ്ര, ഡെസ്ഡമോണ, കോർഡീലിയാ എന്നിവരിൽ ആരെക്കുറിച്ചും മറ്റൊന്നു തോന്നുകയില്ല. അപ്പോൾ, തങ്ങൾക്കെതിരായ ഒരു നീതിയുടെ ബലിപീഠത്തിൽ ഹിംസിക്കപ്പെട്ട അനേകായിരം സ്ത്രീകളുടെ ഞരക്കങ്ങളിലും വേദനകളിലും കാവ്യപദവിയിൽ നിന്ന് ആഹ്ലാദം കൊള്ളുവാൻ അനന്തരതലമുറകൾക്കു ഭാഗ്യം കിട്ടിയിരിക്കുന്നു.

* * * * *

കുമാരനാശാന്റെ കഥാപാത്രങ്ങളിൽ സ്ത്രീകൾക്ക് നല്ലൊരു സ്ഥാനമുണ്ട്. 'വീണപൂവി'ലും 'നളിനി'യിലും അദ്ദേഹത്തിന്റെ നായികമാർ സ്നേഹമയികളാണെങ്കിലും ഏറെക്കുറേ പഴയ നീതിയുടെ സന്താനങ്ങൾ തന്നെയാണ്. പക്ഷേ, കായിക്കര കായൽത്തീരത്തുള്ള കുന്നിന്റെ ശിഖരത്തിൽനിന്നു പതുക്കെ താഴെയിറങ്ങി സമനിരപ്പായ ഭൂമിയിൽ സാധാരണക്കാരുമായിടപെട്ടതിനു ശേഷം ആശാന്റെ മൂശയിൽ വാർന്നുവീണ നായികമാർ കുറേക്കൂടി തന്റേടം കാട്ടുന്നവരായിട്ടുണ്ട്. ആ 'ലീല'യെ നോക്കുക. അവൾ പഴഞ്ചൻസമ്പ്രദായത്തിന്റെ ബലിസത്വമായിപ്പോയി. എന്നാലും അവൾ ആ പാരമ്പര്യത്തിന്റെ നേരെ പല്ലിറുമ്മിക്കൊണ്ടിരിക്കുന്നു.

'യുവജനഹൃദയം സ്വതന്ത്രമാ-
ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ'

എന്ന സിദ്ധാന്തം ആശാൻ ലീലയിലൂടെ പ്രഘോഷിക്കുകയും ചെയ്തു. 'സീത'യിലെത്തുമ്പോൾ ആശാൻ കുറേക്കൂടി സ്ത്രീക്കു കരുത്തും ആത്മാഭിമാനവും കൊടുക്കുന്നുണ്ട്. എത്രയോ ശതാബ്ദങ്ങളായി രാമന്റെ കർമത്തെ നൂറുശതമാനവും സാധൂകരിച്ച

സീതയെ ഒട്ടൊക്കെ രാമനീതിയെ വിമർശിക്കുന്ന സീതയായി മാറ്റുവാൻ ആശാൻ ധൈര്യപ്പെട്ടു. കാളിദാസന്റെയും മറ്റും ദിങ്മാത്രസൂചനകൾ അദ്ദേഹത്തിനു വഴികാട്ടിയായിരിക്കാം. എന്നാലും തന്റെ സീതയ്ക്ക് അവളുടേതായൊരു വ്യക്തിത്വം സംഭാവന ചെയ്യുവാൻ ആശാന്റെ കലാകൗശലം ഉപകരിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. ആ, ഇവിടെ വരുമ്പോൾ മറ്റൊരുകാര്യം തോന്നുന്നു. വെറും ത്യാഗിനിയുടെ പാരമ്പര്യത്തിൽ നിന്ന് സീതയെ അഭിമാനമുള്ള സ്ത്രീത്വത്തിന്റെ പാരമ്പര്യത്തിലേക്കുയർത്തിയപ്പോൾ പഴമയുടെ വക്കാലത്തു പിടിച്ചുകൊണ്ടിരിക്കുന്നവർ ആശാനെ കോടതിയിൽ കയറ്റി വിസ്തരിക്കണം എന്നായി. അതിന്റെ അർഥം മറ്റൊന്നുമല്ല; സ്ത്രീയെ ഇനിയും പുരുഷന്റെ നിക്ഷിപ്തധനമായി വച്ചുകൊണ്ടിരിക്കണമെന്നുള്ള അഭിപ്രായക്കാരാണവർ. പുരുഷനോടൊപ്പം ഇരിക്കാനും നടക്കാനും പ്രവർത്തിക്കാനും ജീവിതസൗകര്യങ്ങൾ അനുഭവിക്കാനുമുള്ള സ്വാതന്ത്ര്യത്തോടുകൂടി സ്ത്രീയെ ചിത്രീകരിച്ചുപോയോ, സാമാന്യമായി പറഞ്ഞാൽ, നമുക്കിഷ്ടമല്ല. അമ്മാതിരി കഥാപാത്രങ്ങളുടെ പേരിൽ നമുക്കൊന്നും സാരമായ സഹാനുഭൂതിയുമില്ല. ആശാൻ ജീവിക്കുന്നതു നളിനിയിലും ലീലയിലുമാണെന്നു വാദിക്കുന്ന നിരൂപകന്മാർ സീതയിലും ജീവിക്കുന്നില്ലേ എന്നു ചോദിച്ചാൽ പെട്ടെന്നുത്തരം പറയുവാൻ കൂട്ടാക്കുകയില്ല. കുറേക്കൂടി അങ്ങോട്ടു കടന്ന് മാതംഗിയുടെയും വാസവദത്തയുടെയും കാര്യങ്ങൾ എടുത്തിട്ടാലോ? കൊള്ളാം, അവിടെയും ആശാൻ മിക്കവാറും ജയിച്ചിരിക്കുന്നുവെന്നു പറയും. പക്ഷേ, അതിനിടയ്ക്ക് ആ 'ദുരവസ്ഥയു'ണ്ടല്ലോ, അതിലെ സാവിത്രിയെക്കുറിച്ചു പറഞ്ഞുതുടങ്ങിയാൽ മുഖഭാവം മാറും. ആ നമ്പൂതിരിപ്പെൺകുട്ടി, വേറെ യാതൊരു നിൽക്കക്കള്ളിയുമില്ലാതാണെങ്കിലും, ആ ചാത്തനെ കെട്ടിപ്പിടിച്ചതു കടന്ന കൈയായില്ലേ എന്നാവും പലരുടെയും ഉള്ളിൽ പൊങ്ങുന്ന ചോദ്യം. താൻപോരിമ കാണിക്കുന്ന സ്ത്രീ-അവളെ പുരുഷന്റെ സാഹിത്യവും ആസ്വാദനപാരമ്പര്യവും വെറുക്കുന്നുവെന്നേ പറയാനുള്ളൂ.

**(പുതിയ കാഴ്ചപ്പാടിൽ)**

- യഥാർഥ ജീവിതത്തിൽ സ്ത്രീ പുരുഷാധിപത്യത്തിനു കീഴിൽ അടിച്ചമർത്തപ്പെടുന്നുണ്ടെങ്കിലും സാഹിത്യത്തിൽ അവൾ അനശ്വരയാക്കപ്പെടുന്നു എന്നുള്ള മുണ്ടശ്ശേരിയുടെ നിരീക്ഷണം ശ്രദ്ധിച്ചല്ലോ.
  - തന്റെ നിരീക്ഷണങ്ങൾക്ക് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ എന്തൊക്കെയാണ്?
  - അവ ഇന്നും പ്രസക്തമാണോ? ചർച്ചചെയ്യുക.
- "പുരുഷൻ ഭർത്താവാകുമ്പോൾ ഭാര്യയാണ് സ്ത്രീ. ആ ശബ്ദങ്ങൾതന്നെ ജീവിതത്തിൽ അവരവരുടെ സ്ഥാനങ്ങൾ നിർണയിച്ചിട്ടുണ്ട്. ഭർത്രിയെന്നും ഭാര്യനെന്നും പദങ്ങൾ മറിച്ചിടുവാൻ പുരുഷൻ ഇന്നുവരെ സമ്മതിച്ചിട്ടില്ല." (ഭർത്താവ് - ഭരിക്കുന്നയാൾ, ഭാര്യ-ഭരിക്കപ്പെടുന്നവൾ). ലിംഗവിവേചനത്തിന്റെ തെളിവുകൾ ഭാഷയിൽത്തന്നെ നിലനിൽക്കുന്നുണ്ട് എന്ന മുണ്ടശ്ശേരിയുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന കൂടുതൽ തെളിവുകൾ കണ്ടെത്താമോ? സ്ത്രീയുടെ സാമൂഹികപദവിയുമായി ബന്ധപ്പെട്ട് ഇതിനെ എങ്ങനെ വ്യാഖ്യാനിക്കാം?
- "സ്ത്രീയെ അടിമയായോ കളിപ്പാട്ടമായോ ജീവിതത്തിൽ ഉപസ്ഥാനത്തിനു മാത്രം അർഹയായോ പരിഗണിക്കുന്ന ഒരു സാമൂഹ്യനീതിയുടെ കീഴിലാണു ലോകമിന്നേവരെ കഴിഞ്ഞുപോന്നിട്ടുള്ളത്. പുരുഷനോടു തുല്യമായ ഒരു പദവി ജീവിതത്തിൽ

സ്ത്രീക്ക് അനുവദിച്ചുകൊടുക്കുവാൻ ഒരു രാജ്യത്തെ മനുസ്മൃതിയും തയാറായിട്ടില്ല. കുടുംബമാണല്ലോ സാമൂഹ്യജീവിതത്തിന്റെ അസ്തിവാരമായി നിൽക്കുന്നത്. കുടുംബജീവിതം ആരംഭിച്ച നാൾതൊട്ടു സ്ത്രീ പുരുഷന്റെ കീഴിൽ ഒതുങ്ങി പ്പാർക്കേണ്ട എന്തോ ഒന്നായിട്ടാണു കരുതപ്പെട്ടിട്ടുള്ളത്."

- നിങ്ങൾക്കു പരിചിതമായ ജീവിതസാഹചര്യങ്ങൾ വിശകലനംചെയ്ത് മുണ്ടശ്ശേരിയുടെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

- നളിനി, ലീല, സീത, മാതംഗി, വാസവദത്ത, സാവിത്രി തുടങ്ങി കുമാരനാശാന്റെ നായികാകഥാപാത്രങ്ങളിൽ ഒരാളുടെ ജീവിതം നിരൂപണം ചെയ്ത് ഉപന്യാസം തയാറാക്കൂ.

*വെറും ത്യാഗിനിയുടെ പാരമ്പര്യത്തിൽ നിന്ന് സീതയെ അഭിമാനമുള്ള സ്ത്രീത്വത്തിന്റെ പാരമ്പര്യത്തിലേക്കുയർത്താൻ ആശാനു സാധിച്ചിട്ടുണ്ട് എന്ന മുണ്ടശ്ശേരിയുടെ നിരീക്ഷണം ശ്രദ്ധിച്ചല്ലോ. ഈ ഭാഗം പരിശോധിക്കൂ.*

# യാത്രാമൊഴി

**കുമാരനാശാൻ**

**ഇ**നി യാത്രപറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ! ദിവസ്പതേ!
അനിയന്ത്രിതദീപ്തിയാം കതിർ-
ക്കനകാസ്ത്രാവൃതനാം ഭവാനു ഞാൻ.

സുസിതാംബരനായി വൃദ്ധനായ്
ബിസിനീതന്തുമരീചികേശനായ്
ലസിതസ്മിതനായ ചന്ദ്രികാ-
ഭസിതസ്നാത! മൃഗാങ്ക! കൈതൊഴാം.

അതിഗാഢതമസ്സിനെത്തുര-
ന്നെതിരേ രശ്മികൾ നീട്ടി ദൂരവേ
ദ്യുതികാട്ടുമുഡുക്കളേ! പരം
നതി നിങ്ങൾക്കതിമോഹനങ്ങളേ!

സ്വയമന്തിയിലും വെളുപ്പിലും
നിയതം ചിത്രവിരിപ്പു നെയ്തുടൻ
വിയദാലയവാതിൽ മൂടുമെൻ-
പ്രിയസന്ധ്യേ! ഭവതിക്കു വന്ദനം.

രമണീയവനങ്ങളേ! രണൽ-
ഭ്രമരവ്യാകുലമാം സുമങ്ങളേ!
ക്രമമെന്നി രസിച്ചു നിങ്ങളിൽ
പ്രമദം പൂണ്ടവൾ യാത്രചൊൽവൂ ഞാൻ.

അതിരമ്യബഹിർജ്ജഗത്തൊടി-
ന്നഥവാ വേർപിരിയേണ്ടതില്ല ഞാൻ
ക്ഷിതിയിൽ തനുചേരുമെൻ മനോ-
രഥമിബ്ഭംഗികളോടുമൈക്യമാം.

ജനയിത്രി! വസുന്ധരേ! പരം
തനയസ്നേഹമോടെന്നെയേന്തി നീ
തനതുജ്ജ്വലമഞ്ചഭൂവിലേ-
ക്കനഘേ! പോവതു ഹന്ത! കാണ്മു ഞാൻ.

ഗിരിനിർഝരശാന്തിഗാനമ-
ദ്ദരിയിൽ കേട്ടു ശയിക്കുമങ്ങു ഞാൻ
അരികിൽ തരുഗുല്മസഞ്ചയം
ചൊരിയും പൂനിര നിത്യമെന്റെമേൽ.

മുകളിൽ കളനാദമാർന്നിടും
വികിരശ്രേണി പറന്നു പാടിടും
മുകിൽപോലെ നിരന്നു മിന്നുമ-
ത്തകടിത്തട്ടിൽ മൃഗങ്ങൾ തുള്ളിടും

അതുമല്ലയി! സാനുഭൂവിലെ-
പ്പുതുരത്നാവലി ധാതുരാശിയും
കുതുകം തരുമെന്നുമല്ലഹോ!
പൊതുവിൽ സർവമതെന്റെയായിടും!

സസുഖം ഭവദങ്കശയ്യമേൽ
വസുധേ,യങ്ങനെ ഞാൻ രമിച്ചിടും
സുസുഷുപ്തിയിൽ-അല്ലയല്ലയെൻ
പ്രസുവേ! കുപ്പിയുയർന്നു പൊങ്ങിടും.

തടിനീജലബിംബിതാംഗിയായ്
ക്ഷമയെക്കുമ്പിടുവോരു താരപോൽ
സ്ഫുടമായ് ഭവദംഘ്രിലീന ഞാ-
നമലേ! ദ്യോവിലുയർന്ന ദീപമാം.

"പ്രിയരാഘവ! വന്ദനം ഭവാ-
ന്നുയരുന്നൂ ഭുജശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നുപോയിടാം
സ്വയമദ്യോവിലൊരാശ്രയം വിനാ.

ഘനമാർന്നെഴുമണ്ഡമണ്ഡലം
മെനയും മണ്ണിവിടില്ല താഴെയാം
ദിനരാത്രികളറ്റു ശാന്തമാ-
മനഘസ്ഥാനമിതാദിധാമമാം.

രുജയാൽ പരിപക്വസത്വനായ്
നിജഭാരങ്ങളൊഴിഞ്ഞു ധന്യനായ്
അജപൗത്ര! ഭവാനുമെത്തുമേ
ഭജമാനൈകവിഭാവ്യമിപ്പദം!"

- സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി തുടങ്ങിയ പ്രപഞ്ചപ്രതിഭാസങ്ങളോടാണല്ലോ സീത യാത്ര ചോദിക്കുന്നത്. ഈ യാത്രപറച്ചിലിന്റെ ഔചിത്യം പരിശോധിക്കുക.
- താനെത്തിച്ചേരാൻ പോകുന്ന ലോകത്തെക്കുറിച്ച് എന്തൊക്കെ സങ്കല്പങ്ങളാണ് സീതയ്ക്കുള്ളത്? അവ എന്തുകൊണ്ട് സീതയ്ക്ക് പ്രിയങ്കരമാവുന്നു? വിലയിരുത്തുക.
- സീതയെ രാമന്റെ ഭുജശാഖ വിട്ട് ആകാശത്തേക്കു പറന്നുയരുന്ന പക്ഷിയായി ആശാൻ സങ്കല്പിക്കുന്നുണ്ടല്ലോ. അതുപോലെ രുജയാൽ പരിപക്വസത്വനായ്, തന്റെ ഭാരങ്ങളൊഴിഞ്ഞ് 'ഭജിക്കുന്നവർക്കു മാത്രം അറിയാൻ കഴിയുന്ന' അനഘസ്ഥാനത്തേക്ക് തന്നെ പിന്തുടർന്നാണ് രാമനെത്തുക എന്നും സീത ചിന്തിക്കുന്നുണ്ട്.

  സ്ത്രീസ്വാതന്ത്ര്യത്തിന്റെ ഉയർന്ന തലമാണോ സീതയുടെ വിചാരത്തിലൂടെ ആശാൻ മുന്നോട്ടുവയ്ക്കുന്നത്?

  - പുരുഷന്റെ കൈത്താങ്ങില്ലാതെ ഉയരാൻ കഴിയുക.
  - അനുഭവത്തിന്റെ കരുത്തുമായി തന്റേതുമാത്രമായ ലോകത്തെത്തുക.
  - പുരുഷന് മുന്നേ ലക്ഷ്യത്തിലെത്തുക

  മുതലായ സൂചനകളുടെ അടിസ്ഥാനത്തിൽ പൊതുചർച്ച നടത്തുക.

- മാധവിക്കുട്ടിയുടെ കഥയിലെ അമ്മ (ആറാംതരം), കാക്കനാടന്റെ ഓറോത (ഏഴാം തരം), ബഷീറിന്റെ കുഞ്ഞുപാത്തുമ്മ (എട്ടാംതരം), ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥയിലെ ഉമ്മ (ഒൻപതാംതരം) തുടങ്ങി സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങൾ പ്രകടിപ്പിക്കുന്ന കഥാപാത്രങ്ങളെ നിങ്ങൾക്കു പരിചയമുണ്ടല്ലോ. താഴെ പറയുന്ന കഥകൾകൂടി പരിഗണിച്ചുകൊണ്ട് 'സാഹിത്യത്തിൽ ആവിഷ്കരിക്കപ്പെട്ട സ്ത്രീയവസ്ഥകൾ' എന്ന വിഷയത്തിൽ ഒരു അന്വേഷണം നടത്തുക.
  - കോലാട് - മാധവിക്കുട്ടി
  - മുടിത്തെയ്യമുറയുമ്പോൾ - സാറാ ജോസഫ്
- "എന്റെ സ്വപ്നത്തിലുള്ള മലയാളിപ്പെണ്ണ് ഇങ്ങനെയാണ്: മലയാളത്തെ സ്നേഹിക്കുന്നവൾ, അന്തസ്സുള്ളവൾ, തല ഉയർത്തിപ്പിടിക്കുന്നവൾ, ധീര, അഭിമാനിനി, സ്വന്തം കാലിൽ നിന്ന് വേലചെയ്തു ജീവിക്കാൻ കഴിവുറ്റവൾ, സ്നേഹത്തിൽ മുറുകെപ്പിടിക്കുന്നുവെങ്കിലും അപമാനം പൊറുക്കാത്തവൾ, അവൾക്കു പെറ്റനാടിന്റെ ചൈതന്യവും കരുത്തുമുണ്ട്." - സുഗതകുമാരി
  - ഇത്തരമൊരവസ്ഥയിലേക്കു മാറാൻ സ്ത്രീക്ക് എന്തെല്ലാം പ്രതിബന്ധങ്ങളാണുള്ളത്?
  - അതിനുവേണ്ടി അവൾ ആർജിക്കേണ്ടത് എന്തെല്ലാമാണ്?
  - സമൂഹത്തിന്റെ കാഴ്ചപ്പാടിൽ എന്തെല്ലാം മാറ്റങ്ങൾ വരേണ്ടതുണ്ട്?
  - സ്ത്രീ ഇത്തരത്തിൽ മാറുമ്പോൾ പൊതുസമൂഹത്തിനുണ്ടാകുന്ന ഉയർച്ച എന്തായിരിക്കും?

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പൊതു ചർച്ച സംഘടിപ്പിക്കൂ.

- പദങ്ങളുടെ കൂടിച്ചേരൽകൊണ്ട് വരുന്ന അർഥവ്യത്യാസം കണ്ടെത്തുക.
  - അവന്റെ കൈ ചെലവു ചെയ്യാൻ മടിക്കാറില്ല.<br>ആ പണം കൈച്ചെലവിനുള്ളതാണ്.

- അവർ അയാളെ മുറിയിൽ ചെന്ന് അടിക്കുകയായിരുന്നു.
  പിടിവിട്ടപ്പോൾ അവന്റെ തല ചുവരിൽ ചെന്നടിക്കുകയായിരുന്നു.
- ചെണ്ടകൊട്ടി അറിയിക്കുകയാണു പണ്ടു ചെയ്തിരുന്നത്.
  വിശപ്പ് കൊട്ടിയറിയിക്കുന്ന കഥാപാത്രങ്ങൾ നവോത്ഥാനകഥകളിലുണ്ട്.
- അവളുടെ കണ്ണു നീരുവന്ന് തടിച്ചു.
  അവൻ കണ്ണീർ ചൊരിഞ്ഞു നിന്നു.

പദങ്ങൾ ചേർത്തും പിരിച്ചും പറയുമ്പോഴുണ്ടാവുന്ന മാറ്റങ്ങൾ ശ്രദ്ധിക്കുക. അർഥതലത്തിൽ വരുന്ന വ്യത്യാസം, ശബ്ദോച്ചാരണത്തിലെ അനായാസത എന്നിവ ചർച്ച ചെയ്യുക. പാഠഭാഗത്തു നിന്നു കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക. ഇത്തരം മാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കുക.

## 3

# അശാന്തിപർവങ്ങൾക്കപ്പുറം



# ഗാന്ധാരീവിലാപം

**എഴുത്തച്ഛൻ**

**ക**ണ്ടീലയോ നീ മുകുന്ദാ! ധരണിയി-
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ

തൻകരിവീരനരികേ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ

വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!

നല്ല മരത[illegible]ല്ലിനോടൊത്തൊരു
കല്യാണര[illegible] കുമാരൻ മനോഹരൻ

ചൊല്ലെഴുമർജുനൻതന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ.

കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻതന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ.

അല്ലലാകുന്നിതേ കണ്ടതോറുമിനി-
ക്കൊല്ലായ്കിലും പൊളിയല്ലിതു ദൈവമേ!

മന്ദസ്മിതംപൂണ്ടു സുന്ദരമാം മുഖ-
മിന്ദീവരേക്ഷണാ! കണ്ടാൽ പൊറുക്കുമോ?

എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ.

സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനംചെയ്തുരുളുന്നതു കാൺക നീ.

അല്ലൽപൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതു നിന്മാനസേ?
കല്ലുകൊണ്ടോ മനം താവകമാകില-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ.
അല്ലേ! ഘടോൽക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം.
നീലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരിപുക്കാൻ.
കണ്ഠം മുറിഞ്ഞു ജയദ്രഥൻതന്നുടൽ
കണ്ടാലുമർജ്ജുനനെയ്ത ശരത്തിനാൽ
എന്മകൾ ദുശ്ശള കേഴുന്നതോർത്തുള്ളി-
ലെന്മനം വെന്തുരുകുന്നു ശിവ! ശിവ!
ദ്രോണരെ സംസ്കരിച്ചോരു നിലമതാ
കാണായതാരണനായതതല്ലയോ?
ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേറ്റവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
മറ്റൊരുത്തന്നു തോന്നീടുമോ മാനസേ
മുറ്റുമിവനൊഴിഞ്ഞോർക്കിൽ മഹാമതേ!
എന്റെ മകൻ ദുരിയോധനൻതന്മകൻ-
തന്റെ ശരീരമതല്ലോ ദയാനിധേ!
ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
ലക്ഷണാ നീയും ചതിച്ചിതോ ഞങ്ങളെ?
കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളെയെനിക്കെന്തിതു തോന്നുവാൻ?
കർണ്ണനാമംഗനരാധിപനെന്നുടെ-
യുണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ
കുണ്ഡലമറ്റതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.

വില്ലാളികൾമുമ്പനായവൻതന്നുടെ
വില്ലിതാ! വേറെ കിടക്കുന്നിതീശ്വരാ!
കണ്ടാൽ മനോഹരനാമവൻതന്നുടൽ
കണ്ടാലുമമ്പോടു നായും നരികളും
ചെന്നു കടിച്ചുവലിക്കുന്നതിങ്ങനെ-
വന്നതിനെന്തൊരു കാരണം ദൈവമേ!
പൂരിച്ച ഖേദാൽ കരം മടിയിൽ ചേർത്തു
ഭൂരിശ്രവാവിൻ പ്രണയിനി കേഴുന്നോൾ.
ഉന്മൂലനാശനകാരണനാകിയ-
ദുർമതിവീരൻ ശകുനിയുടെയുടൽ
പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാൻ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ!
ഉണ്ണീ! മകനേ! ദുരിയോധന! തവ
പൊന്നിൻകിരീടവും ഭൂഷണജാലവും
ഉമ്പർകോനൊത്തൊരു വമ്പും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും
ഇട്ടുംകളഞ്ഞുടനെന്നെയുമെത്രയു-
മിഷ്ടമായീടും പിതാവിനെത്തന്നെയും
പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെങ്ങു നീ?
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ!
പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ!
പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചു കാലുമൊടിച്ചുകൊണ്ടിങ്ങനെ
കണ്ടുകൂടായിനിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ.

(ശ്രീമഹാഭാരതം കിളിപ്പാട്ട്)

- "ഗാന്ധാരിയുടെ വിലാപത്തിന് ശത്രുമിത്രഭേദമില്ല. മക്കൾ നഷ്ടമായ എല്ലാക്കാലത്തെയും അമ്മമാരുടെ നിലവിളിയാണത്" - ചർച്ചചെയ്യുക.

- "ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടെക്കൊടുക്കയും
ഓടിക്കഴിക്കയും വാടിവിയർക്കയും
മാടിവിളിക്കയും കോപിച്ചടുക്കയും
ഊടേ വിയർക്കയും നാഡികൾ ചീർക്കയും
മുഷ്ടിയുദ്ധപ്രയോഗം കണ്ടു നിൽപവർ
ദൃഷ്ടികുളുർക്കയും, വാഴ്ത്തിസ്തുതിക്കയും"

  ബാലിസുഗ്രീവയുദ്ധം എഴുത്തച്ഛൻ വർണിക്കുന്നതിങ്ങനെയാണ്. പാഠഭാഗത്താകട്ടെ ശോകഭാവമാണ് ആവിഷ്കരിക്കുന്നത്. ഭാവം മാറുമ്പോൾ ഭാഷയും മാറുന്നതെങ്ങനെയെന്ന് രണ്ട് സന്ദർഭങ്ങളെയും മുൻനിർത്തി പരിശോധിക്കുക.

- "നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ"
"നീലമലപോലെ കർണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരിപുക്കാൻ"

ഇത്തരം പ്രയോഗങ്ങളുടെ സവിശേഷത ശ്രദ്ധിച്ചല്ലോ. പറയുന്ന കാര്യങ്ങൾക്ക് സാദൃശ്യകല്പന കൊണ്ട് കൂടുതൽ മിഴിവ് ലഭിക്കുന്നുണ്ടോ? മറ്റു കവിതകളിൽ നിന്നുള്ള ഉദാഹരണങ്ങൾ കൂടി കണ്ടെത്തി പരിശോധിക്കുക.

- പട്ടുകിടക്ക മേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ!

വാക്കുകളുടെ ആവർത്തനം എങ്ങനെയെല്ലാം കാവ്യസൗന്ദര്യം വർധിപ്പിക്കുന്നു? മുമ്പു പഠിച്ച കവിതകളിലെ ഉദാഹരണങ്ങൾ കൂടി കണ്ടെത്തി ചർച്ചചെയ്യുക.

# പട്ടാളക്കാരൻ

തകഴി ശിവശങ്കരപ്പിള്ള

**പോ**ലീസ്സ്റ്റേഷനിൽ ഒരു ആൾക്കൂട്ടം കണ്ട് അങ്ങോട്ടു കയറിച്ചെന്നു. അവിടെ ഓരോരുത്തരുടെയും പൊക്കവും വണ്ണവും അളന്നു നോക്കി; വീട്ടുപേര് ചോദിച്ചു. അതിനുത്തരം പറയാനില്ലായിരുന്നു. അങ്ങനെ അന്നു നൂറ്റിയമ്പതുപേരെ എടുത്ത കൂട്ടത്തിൽ അയാളെയും എടുത്തു.

അന്നുതന്നെ അവരെ കൊണ്ടുപോയി. ഉത്സാഹകരമായ ഒരു യാത്രയായിരുന്നു. മൂന്നു നേരവും നല്ല ആഹാരമുണ്ട്. സ്വകാര്യചെലവിന് കുറേ പണവുമുണ്ട്. കൂട്ടുകാരും കൊള്ളാം.

ട്രെയിൻ പുതിയ പുതിയ പല സ്ഥലങ്ങളിലും കൂടി കടന്നുപോയി. വമ്പിച്ച പല നഗരങ്ങളും അവൻ കണ്ടു. എട്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവരെ ഒരു സ്ഥലത്തു കൊണ്ടുചെന്നിറക്കി.

പരിശീലനകാലം കുറേ ക്ലേശകരമായിരുന്നു. എങ്കിലും മൂന്നു നേരവും ആഹാരമുണ്ടെന്ന ബോധ്യം എന്താശ്വാസമാണ്! എന്നല്ല, ജീവിതം ഒന്നിനൊന്ന് വിശാലമായിക്കൊണ്ടും പുതിയ പുതിയ അനുഭവങ്ങൾ അതിനെ സ്തോഭപൂർണമാക്കിക്കൊണ്ടുമിരുന്നു. തെണ്ടിയെന്ന ബോധം പോയിത്തുടങ്ങി. വിരിച്ചുകിടന്നെങ്കിലേ ഉറക്കം വരൂ. തല ഒന്നു പൊക്കിവയ്ക്കണം. നാക്കിനു സ്വാദറിയാമെന്നുമായി!

ചെയ്യാൻ എന്തോ ഉണ്ടെന്ന തോന്നൽകൊണ്ടു ജീവിതത്തിനു പിടിപ്പും കനവും വന്നു. അവനും ചില കടമകളുണ്ട്, അവകാശങ്ങളുണ്ട്.

ആ സൈന്യത്തെ രണ്ടായിരം മൈൽ അകലെ ഒരിടത്തേക്കു മാറ്റി. പിന്നീട് മറ്റൊരിടത്തേക്കു പോയി. മൂന്നാമതൊരിടത്തും കുറച്ചുനാൾ കഴിഞ്ഞു. ഇപ്പോൾ അയാൾക്ക് ഹിന്ദുസ്ഥാനി അറിയാം. ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളും കണ്ടു. ജീവിക്കുവാനും കുറേയൊക്കെ പഠിച്ചു. കൈയിൽ പണമുണ്ട്; സർക്കാരിൽ നിന്ന് കിട്ടുവാനുമുണ്ട്.

ഒരു ദിവസം, മേലധികാരി അവരെ അറിയിച്ചു, ആവശ്യമുള്ളവർക്ക് ഒരു മാസത്തെ അവധിയിൽ വീട്ടിൽ പോയി വേണ്ടവരെയെല്ലാം കണ്ടിട്ടുവരാമെന്ന്. വേണ്ടവർ ഉടൻ അപേക്ഷിച്ചുകൊള്ളണം. ആ സൈനികനിലയത്തിലെ അന്നത്തെ ഉത്സാഹം പറഞ്ഞറിയിക്കാൻ വയ്യ. അയാളും അതിൽ പങ്കുകൊണ്ടു. പക്ഷേ, അയാളുടെ ഉത്സാഹത്തിനു സാരാംശത്തിൽ എന്തോ കുറവുണ്ടായിരുന്നു. അത് ഒരു ഭാവനയാണെന്നു തോന്നിപ്പോകും.

അയാളും ഒരു ഫാറം പൂരിപ്പിച്ചയച്ചു.

അന്നു രാത്രിയിൽ ഭക്ഷണം കഴിഞ്ഞു നാലഞ്ചുപേരായി ഓരോ സംഘം കൂടിയിരുന്നു വർത്തമാനം പറയുകയായിരുന്നു. ഒരു മൈസൂർക്കാരൻ തിരുനെൽവേലിക്കാരനോടു ചോദിച്ചു: "നമുക്കൊന്നിച്ചു തിരിക്കരുതോ?"

"പക്ഷേ, എനിക്ക് നാളെ വയ്യിട്ടുതന്നെ പോകണം."

"ഞാനും അങ്ങനെ തീർച്ചപ്പെടുത്തിയിരിക്കുകയാണ്. കൊള്ളാം! എന്റെ മകളെക്കണ്ടിട്ട് എത്ര നാളായി!"

ആ മൈസൂർക്കാരൻ തെല്ലിട എന്തോ ഓർത്തിരുന്നു. മകളെ അന്തശ്ചക്ഷുസ്സുകൾക്കു മുമ്പിൽ കണ്ടിട്ടെന്നപോലെ അയാളുടെ മുഖം പ്രകാശിച്ചു.

തിരുനെൽവേലിക്കാരൻ പറഞ്ഞു: "എന്റെ വയസ്സായ അമ്മ, അവരറിയാതെയാണ് ഞാൻ പോന്നത്. ഞാൻ ഒറ്റമകനുമാണ്."

അയാൾക്കും ഓർക്കുവാനുണ്ടായിരുന്നു. സ്വഗതമായി അയാൾ പറഞ്ഞു:

"പാവം! ആ കൊച്ചുകുടിലിൽ മകന്റെ വരവും കാത്തുകാത്ത് തനിച്ചിരിക്കയാണ്."

പാലക്കാട് സ്വദേശിയായ ഒരാൾ അപ്പോൾ രാമനോടു ചോദിച്ചു: "നിങ്ങൾ എന്നു പോകുന്നു? നമുക്കൊരുമിച്ചു പോകരുതോ?" രാമൻനായർ യാന്ത്രികമായി മറുപടി പറഞ്ഞു: "ഓ-ഹോ."

മദ്രാസുകാരനായ മറ്റൊരാൾ എല്ലാവരോടുമായി ഒരുപദേശം ആവശ്യപ്പെട്ടുകൊണ്ട് പതുക്കെ ചോദിച്ചു:

"മുപ്പതു ദിവസങ്ങളിൽ കൂടുതൽ താമസിക്കാൻ വല്ല വശവുമുണ്ടോ?"

പാലക്കാട്ടുകാരൻ ഉത്തരം പറഞ്ഞു: "സുഖക്കേടാണെന്നു പറഞ്ഞ് കമ്പികൊടുക്കണം. അത് എനിക്കും നോട്ടമുള്ള കാര്യമാണ്. വീട്ടിൽ ചെന്നിട്ട് ആയിരംകൂട്ടം സംഗതികൾ സാധിക്കാനുണ്ട്." മറ്റൊരാൾ അഭിപ്രായപ്പെട്ടു: "അതൊന്നും നടക്കുമെന്നു തോന്നുന്നില്ല. എന്തിനാ ഈ അവധി തരുന്നതെന്നറിയാമോ? വീടു കാണാനാണ്. എല്ലാം കണ്ടിട്ടു പോരണം. ഇനിയും യോഗമുണ്ടെങ്കിലേ അമ്മയെയും മക്കളെയും ഒക്കെ കാണാനൊക്കൂ. നമ്മെ യുദ്ധത്തിനയയ്ക്കാൻ പോവുകയാണ്."

ആരുമാരും മിണ്ടിയില്ല. ആ രംഗം പെട്ടെന്ന് അപ്രസന്നമായി. ഒരു ദീർഘനിശ്വാസത്തോടെ മൈസൂർക്കാരൻ പറഞ്ഞു:

"എന്റെ മക്കൾക്ക് ആയിരം രൂപാ കിട്ടും; ഓ! അതുമതി."

തിരുനെൽവേലിക്കാരൻ തുടർന്നു: "ആയിരം രൂപായുള്ളതുകൊണ്ട് എന്റെ അമ്മയെ അവസാനകാലത്തു ശുശ്രൂഷിക്കാൻ ആരെങ്കിലും കാണും."

ദീർഘനിശ്വാസങ്ങൾകൊണ്ടു കലുഷമായ ആ രാത്രിയിൽ ആർക്കും പെട്ടെന്ന് ഉറക്കം വന്നില്ല. ആ മുപ്പതു ദിവസങ്ങൾ കൊണ്ട് ചെയ്യാനുള്ളതെല്ലാം ചെയ്തുതീർക്കണം.

രാമൻനായരും അവധിക്കാലത്തെ പരിപാടി തയാറാക്കാൻ ശ്രമിച്ചു. പക്ഷേ, ഒന്നും ചെയ്യാനില്ലായ്കയാൽ ഒരു പരിപാടിയും വിശദമാവുന്നില്ല. അലസങ്ങളായ മുപ്പതു ദിവസങ്ങളാണ് നീണ്ടുനിവർന്ന് മുന്നിൽ കിടക്കുന്നത്.

അടുത്തുകിടക്കുന്ന പാലക്കാട്ടുകാരൻ രാമൻ നായരോടു ചോദിച്ചു: "രാമൻ നായർക്ക് വീട്ടിൽ ആരെല്ലാമുണ്ട്?"

"ആരുമില്ല."

"അവധിക്കാലത്ത് എങ്ങോട്ടു പോകുന്നു?"

അതിനയാൾക്ക് ഉത്തരം പറയാനില്ല. കൂട്ടുകാരൻ വീണ്ടും ചോദിച്ചു:

"നാടു തിരുവനന്തപുരമല്ലേ?"

രാമൻനായർ ഒന്നുകൂടി കുഴങ്ങി; അതിനുത്തരം പറയാനില്ല.

"എന്നെ എടുത്തത് തിരുവനന്തപുരത്തുനിന്നാണ്."

"നാടെവിടെയാണ്?"

"ഞാൻ വരുന്നില്ല. എനിക്കവധി വേണ്ട." രാമൻനായർ ദേഷ്യപ്പെട്ടു പറയുന്നതുപോലെ തോന്നി.



കൂട്ടുകാരൻ ചോദിച്ചു: "താൻ എന്തിനാ പിണങ്ങുന്നേ? താൻ വീട്ടിൽ നിന്ന് പിണങ്ങിയാണു പോന്നതെങ്കിൽ ഞാനെന്തു പിഴച്ചു?"

അങ്ങനെ ആ സംസാരം നിലച്ചു.

രാത്രിയുടെ മൂന്നാം യാമത്തിന്റെ അവസാനത്തിലും അവിടെ ഉറങ്ങാതൊരാളുണ്ടായിരുന്നു: 'രാമൻ'. ഈ പേര് ആരാണിട്ടതെന്ന് അയാൾ അത്ഭുതപ്പെട്ടു. നായരെന്ന സ്ഥാനം എങ്ങനെ കിട്ടി? തെരുവുനീളെ തെണ്ടിനടന്ന ബാല്യകാലത്ത് ആ പേരുചൊല്ലി ആരും വിളിച്ചിട്ടില്ല. ജീവിതത്തിൽ എവിടെ മുതൽ ഈ പേര് ആരംഭിക്കുന്നു?

"ഞാൻ വരുന്നില്ല. എനിക്കവധി വേണ്ട."

ഈ വാചകങ്ങൾ ഒരു ശാപം പോലെ അയാളുടെ ചെവിക്കുള്ളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അങ്ങനെ തീർത്തുപറയണ്ടായിരുന്നു. കേരളത്തിൽ എവിടെയോ ആ ഭാഗ്യം കെട്ട സ്ത്രീ ഉണ്ടായിരിക്കും – അമ്മ! അല്ലെങ്കിൽ ആ പുരുഷൻ – അച്ഛൻ! അതുമല്ലെങ്കിൽ താൻ കിടന്ന വയറിൽ നിന്നും അതിനുമുമ്പോ പിമ്പോ വന്ന ഒരാളെങ്കിലും! അങ്ങനെ തന്നെക്കുറിച്ച് ഓർക്കുന്ന ഒരാൾ ലോകത്തിലില്ലെന്നു വരുമോ? ഒരുപക്ഷേ, അന്വേഷിച്ചാൽ കണ്ടെത്തിയെന്നും വരാം.

അയാൾ പല നാടുകളും കണ്ടു – പല ജാതിക്കാരുമായി ഇടപെട്ടു – പല ഭാഷകളും പേശിക്കേട്ടു. പക്ഷേ, കേരളത്തിൽ തെണ്ടിനടന്നാലും ക്ഷീണമില്ല. അവിടത്തെ പച്ചവെള്ളത്തിനും ഒരു പ്രത്യേകതയുണ്ട്. അവിടത്തെ ഉച്ചവെയിലും വാടിത്തളർത്തുകയില്ല. മലയാളിയുടെ ചിരിക്കേ ഹൃദയംഗമത്വമുള്ളു. ആ ഭാഷയ്ക്ക് സ്നേഹത്തെ ആവിഷ്കരിക്കാനേ കഴിയൂ.

ജനിച്ച നാട്, പെറ്റമ്മയെപ്പോലെ അയാളെ മാടിവിളിച്ചു. കേരളത്തിലെ സുഖശീതളമായ തെങ്ങിൻതണലിൽ കിടന്നുറങ്ങണം. പുറവേലികളിൽക്കൂടി അലയണം. അങ്ങനെ കേരളത്തിലെ ഒരുപിടി ചോറുകൂടി ഉണ്ണണം.

പ്രഭാതത്തിൽ എല്ലാവരെക്കാളും മുമ്പേ അയാൾ എഴുന്നേറ്റു. മറ്റുള്ളവർ ഉണർന്നപ്പോൾ അയാൾ യാത്രയ്ക്ക് തയാറായിക്കഴിഞ്ഞു.

ആലപ്പുഴപ്പട്ടണത്തിലെ എല്ലാ റോഡുകളിലും മുക്കുകളിലും ഒരു പട്ടാളക്കാരനെ മൂന്നു നാലു ദിവസങ്ങളായി കാണാറുണ്ട്. നഗരത്തിലെ എല്ലാ ഭാഗത്തും മൂന്നും നാലും തവണ അയാൾ പ്രത്യക്ഷപ്പെടും. രാത്രിയിലും നടപ്പു തന്നെയാണ്. ഒരു രാത്രി ബോട്ടുജെട്ടിയിൽ നിന്ന കോൺസ്റ്റബിളിനോട് ഒരു വൃദ്ധനായ ചുമട്ടുകാരൻ മുഹമ്മദീയനു മാത്രം അയാളെക്കുറിച്ചെന്തോ പറയാനുണ്ടായിരുന്നു. അയാൾ എവിടെ താമസിക്കുന്നു എന്നോ എവിടത്തുകാരനെന്നോ ഒന്നും അറിഞ്ഞുകൂടാ.

ഒരു ദിവസം അയാളെ കണ്ടില്ല. പിറ്റേന്നു രാവിലെ കൊല്ലത്ത് ആനന്ദവല്ലീശ്വരം ക്ഷേത്രത്തിനു സമീപം ഒരു വീടിന്റെ അടച്ചിട്ടിരുന്ന പടിപ്പുരയ്ക്കു പുറത്ത് അയാൾ നിൽക്കുന്നത് കാണായി. ഒരു ഇരുമ്പുപെട്ടി തൂക്കിപ്പിടിച്ചിട്ടുണ്ട്. റോഡിൽക്കൂടി പോയ ഒരു ചെറുക്കൻ അയാളോട് കയറിപ്പറഞ്ഞു, അവിടെയാരും താമസമില്ലെന്ന്.

ആ സമയം ക്ഷേത്രത്തിൽ നിന്നും ഇറങ്ങിവന്ന ഒരു മാന്യന്റെ പിന്നാലെ അയാൾ നടന്നു. കുറച്ചുദൂരം ചെന്നിട്ട് അദ്ദേഹം പടിക്കലേക്ക് തിരിഞ്ഞു.

"ഞാൻ രാമനാണ്."

ഈ ശബ്ദം കേട്ട് അദ്ദേഹം തിരിഞ്ഞുനോക്കി. പെട്ടിയും തൂക്കിപ്പിടിച്ച് ശിലാപ്രതിമപോലെ ആ പട്ടാളക്കാരൻ നിൽക്കുന്നു.

"രാമനോ, ഏതു രാമൻ?" ആ മാന്യൻ ചോദിച്ചു.

ഒന്നും മിണ്ടാൻ കഴിയാതെ അയാൾ തെല്ലിട അങ്ങനെ നിന്നിട്ടു നടന്നു. അങ്ങകലെ റോഡിന്റെ വളവിൽ അയാൾ അപ്രത്യക്ഷനാകുന്നതുവരെ അദ്ദേഹം നോക്കിനിന്നു. രാമൻ! അങ്ങനെ ഒരാളെ അദ്ദേഹം ഓർക്കുന്നില്ല.

ചിന്നക്കടയിൽ ഒരു ഹോട്ടലിന്റെ വാതിൽപ്പടിയിൽ 'രാമൻ' എന്ന വാക്ക് പിച്ചാത്തിമുന കൊണ്ടെഴുതപ്പെട്ടിരുന്നു. ആ പട്ടാളക്കാരൻ, ഹോട്ടലുടമസ്ഥൻ പോറ്റിയോടു പറഞ്ഞു:

"അതു ഞാൻ വരച്ചതാണ്."

പോറ്റി ഒന്നും പറഞ്ഞില്ല.

ഒരു പരമുവണ്ണനെത്തേടി തിരുവനന്തപുരത്ത് അയാൾ അലഞ്ഞുനടന്നു. കണ്ടുകിട്ടിയില്ല.

അങ്ങനെ പതിനേഴു ദിവസങ്ങൾ കഴിഞ്ഞു. പരിചിതമായ ഒരു മന്ദഹാസം അയാൾക്ക് എങ്ങുനിന്നും ലഭിച്ചില്ല. എപ്പോൾ വന്നു എന്ന ചോദ്യത്തിനുവേണ്ടി അയാൾ കേരളത്തിലെ നഗരങ്ങളിലെല്ലാം ഓടിനടന്നു. ഒരു പരിചയം സമ്പാദിക്കാൻ പാടുപെട്ടു. അഞ്ച്, ആറ്, ഏഴ്- ഇങ്ങനെ ദിനങ്ങൾ കഴിഞ്ഞു. കാണുന്നവരോടെല്ലാം വർത്തമാനം പറഞ്ഞു. വളരെപ്പേരെ അനുജാ എന്നു വിളിച്ചു. കാണുന്നവരുടെയെല്ലാം നേരെ ചിരിച്ചു. അയാൾക്ക് ഒരാളെയെങ്കിലും ഓർമവയ്ക്കാൻ കഴിഞ്ഞില്ല. ഒരാളെങ്കിലും ഓർക്കുന്ന മട്ടുമില്ല. കോഴിക്കോടു മുതൽ നാഗർകോവിൽ വരെ അയാൾ പക്ഷിവേഗത്തിൽ യാത്രചെയ്തു. അങ്ങനെ ഇരുപത്തിയെട്ടു ദിവസം വരെ കഴിഞ്ഞു. ഇനി രണ്ടു ദിവസങ്ങൾ മാത്രമുണ്ട്. ഇപ്പോഴും എവിടെയും ഊണു കഴിയുമ്പോൾ പണത്തിനു കൈനീട്ടുന്നു. ഒരു പേരുചൊല്ലി വിളിക്കുന്നില്ല. എന്തിന് ഈ പേരുണ്ടായി?

ഭ്രാന്തുപിടിച്ച നഗരങ്ങളിൽ നിന്നകന്ന്, ബഹുദൂരം അകന്ന്, ശാന്തിയും സമാധാനവും നിറഞ്ഞ നാട്ടിൻപുറം. കുന്നിൻചെരുവിൽ, വയലിൻചെരുവിൽ പച്ചക്കാട്ടിനിടയ്ക്ക് ഒരു കൊച്ചുവീട്. അതിന്റെ കോലായിൽ ഒരു നിലവിളക്കിനു മുന്നിലിരുന്ന് സമാധാനത്തോടെ ആ പട്ടാളക്കാരൻ ഉണ്ണുകയാണ്. വളരെ നേരമായി ഉണ്ണാനിരുന്നിട്ട്. ഒരു വൃദ്ധ ചോറും കറിയും അടുത്തു കൊണ്ടുവച്ചു. കുറേശ്ശെ വിളമ്പിക്കൊടുത്ത് വർത്തമാനം പറഞ്ഞ് അയാളെ ഊട്ടുകയാണ്.

അയാൾ അവരെ 'അമ്മ' എന്നാണ് വിളിക്കുന്നത്. അമ്മ! അവർ അയാളെ 'മോനെ'ന്നും. അവർക്കു പറയാനുള്ളത് വീട്ടുകാര്യങ്ങളും!

ആ അമ്മ പറയുന്നു:

"എന്റെ മോനെ! ആറെണ്ണം കഴിയണം. ഉടുക്കണ്ടയോ; തേയ്ക്കണ്ടയോ; ഉണ്ണണ്ടയോ? എല്ലാം നടക്കണം. ഈ 'ഠ' വട്ടം സ്ഥലമുണ്ട്. കഴിഞ്ഞേന്റങ്ങേക്കൊല്ലം മാത്രം അഞ്ചുകണ്ടി കപ്പയൊണ്ടാരുന്നു. ഒത്തിരി മോരൊഴിച്ച കൂട്ടാനൊഴിക്കാം മോനേ! പിന്നെ മോരൊഴിക്കാം."

വൃദ്ധ കുറച്ചു പുളിശ്ശേരി വിളമ്പിക്കൊടുത്തു.

"ചോറു വേണ്ടായിരുന്നമ്മാ! ഞാൻ ഇന്ന് ഒരു പാടുണ്ടു. ഒരു ഇടങ്ങഴിയരിയുടെ ഉണ്ടിട്ടുണ്ട്. ഇല്ലെയമ്മാ?"

"ഇതാ കൂത്ത്! ആകെ നാഴിയുരി അരിയേ വെച്ചൊള്ളൂ."

വീണ്ടും വൃദ്ധ വർത്തമാനം തുടർന്നു. രാമൻ നായർ ചോദിച്ചു: "അപ്പോൾ അമ്മയ്ക്ക് ആൺമക്കളില്ലേ?"

ഒരു ദീർഘനിശ്വാസത്തോടെ വൃദ്ധ പറഞ്ഞു: "ഒരു നരിന്തിനെ ദൈവം തന്നു. അതിനെ കൊണ്ടുപോവുകയും ചെയ്തു. ഇപ്പോഴൊണ്ടായിരുന്നെങ്കിൽ ഇരുപത്തിമൂന്നു വയസ്സായേനെ. എന്റെ നാണിയുടെ നേരെ എളേതാ. രണ്ട് വയസ്സ് മൂപ്പുണ്ടവക്ക്."

വൃദ്ധ കുറച്ചു ചോറുകൂടെ വിളമ്പി. വേണ്ടെന്നു വിലക്കിയിട്ടും കുടഞ്ഞു.

"നീ എന്റെ കൈയേന്നു വിടൂ മോനേ."

"മതിയമ്മാ, എനിക്കു ശ്വാസം മുട്ടുന്നു."

അങ്ങനെ ഒരു ഊണ് ജീവിതത്തിൽ ഇദംപ്രഥമമായിരുന്നു. അയാൾ ഉണ്ടത് മതിയായില്ല എന്ന് ഒരാൾക്കും ഇന്നോളം തോന്നിയില്ല.

ആ രാത്രിയിൽ ആ കൊച്ചുവീടിന്റെ മുറ്റത്ത് അസ്വസ്ഥനായി അയാൾ നടന്നുകൊണ്ടിരുന്നു. ഈ ഓണംകേറാമൂലയുമായാണ് അയാളുടെ ജീവിതത്തിലെ നിർവചിക്കാൻ വയ്യാത്ത ഒരു ബന്ധമുണ്ടാകുന്നത്. ഇപ്പോൾ സമാധാനമായാണ് ഹൃദയം തുടിക്കുന്നതെന്ന് അയാൾക്ക് തോന്നി. ചിന്തകൾ വെളിവാകുന്നുമുണ്ട്. അയാൾക്ക് ഒരമ്മയെക്കിട്ടി.

അമ്മ! അമ്മ! "ഒരുരുളച്ചോറുകൂടി, അമ്മ പുളിശ്ശേരി ഒഴിക്കാം." ആ വൃദ്ധയുടെ മന്ദഹാസം ഒരിക്കലും മറക്കാൻ സാധ്യമല്ല. താൻ നിറച്ചു

ണ്ണണമെന്ന് അവർ ആഗ്രഹിച്ചു. എന്നാൽ നിറച്ച് ഉണ്ടില്ലെങ്കിലോ? രാത്രിയിൽ ഉറക്കം വരുത്താത്ത വിധം അത് അവരെ തപിപ്പിക്കുകയില്ല. നാഴിച്ചോറും വച്ചുകൊണ്ട് വിളക്കണയ്ക്കാതെ അവർ കാത്തിരിക്കേണ്ട കാര്യമില്ല. എന്തുകൊണ്ടെന്നാൽ, പ്രസവത്തിന്റെ ആ വലിയ നൊമ്പരം അവർക്കുണ്ടായിട്ടില്ല.

ഇല്ല, ആരുമാരും കാത്തിരിക്കാനില്ല. സമുദ്രാന്തരങ്ങൾക്കപ്പുറത്ത് യുദ്ധരംഗത്തിൽവച്ച് ഈ ശരീരം ചിന്നിച്ചിതറിയാൽ ആർക്കും ഒരു നഷ്ടവും വരുവാനുമില്ല. അങ്ങനെ വരാതെയിരിക്കുവാൻ ഒരുത്തരും പ്രാർഥിക്കുവാനുമില്ല.

പിറ്റേന്നു രാവിലെ ആ വൃദ്ധയോട് അയാൾ പറഞ്ഞു:

"അമ്മാ, ഞാൻ ഒരു കാര്യം പറയട്ടോ?"

"എന്റെ മക്കളു പറ."

"ഞാൻ- ഞാൻ ഒരു നായരാണമ്മാ!"

"അത് മക്കളിന്നലെ പറഞ്ഞതാണല്ലോ."

"എനിക്ക് നാടും വീടുമില്ല. ആരുമില്ല."

"അതും നീ അത്താഴമുണ്ടുകൊണ്ടിരുന്നപ്പോൾ പറഞ്ഞതാണല്ലോ."

"എനിക്കാരുമില്ലമ്മാ!" അയാൾ പൊട്ടിക്കരഞ്ഞുപോയി. ആ വൃദ്ധ അമ്പരന്നുനിന്നു.



അന്നുച്ചയ്ക്ക് ഒരു ചെറിയ കല്യാണം ആ വീട്ടിൽ നടന്നു. അങ്ങനെ ഇരുപത്തിയഞ്ചാം വയസ്സിൽ നാണിക്കൊരു ഭർത്താവുണ്ടായി.

മനോഹരമായ ഒരു സായാഹ്നമായിരുന്നു. കൊയ്തൊഴിഞ്ഞ പാടം അസ്തമയകാന്തിയിൽ കനകധൂസരമായിരുന്നു. ആ ഏലായുടെ നിശ്വാസം പോലെ മന്ദമാരുതൻ വീശിക്കൊണ്ടിരുന്നു. കാളകളെ അടിച്ചുകൊണ്ട് നുകവും ചുമലിലെടുത്ത് പരിക്ഷീണനായ ഒരു കൃഷീവലൻ കടന്നുപോയി. അയാൾ കുശലം ചോദിച്ചു:

"എന്താ ഇവിടെ നിൽക്കുന്നേ?"

"ചുമ്മാതെ." രാമൻനായർ മറുപടി പറഞ്ഞു. അയാൾക്ക് ബന്ധുക്കളുണ്ടായി!

"ഇന്നെന്തിനു പോകുന്നു?"

എന്നൊരു ചോദ്യം കേട്ട് അയാൾ തിരിഞ്ഞു നോക്കി. അവൾ പിന്നിൽ നിൽക്കുന്നു. അവളെ അയാൾ സൂക്ഷിച്ചുനോക്കി. അവൾ അവനതാസ്യയായി.

"എനിക്കു പോകണം. ഞാൻ-ഞാൻ- വിധിയുണ്ടെങ്കിൽ കാണാം. നീ കന്യകയായിത്തന്നെയിരിക്ക്."

അയാളുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു.

"ഞാൻ ഇരിക്കാം. എങ്കിലും നാളെ—"

അയാൾ നിഷേധരൂപത്തിൽ തലകുലുക്കി.

പത്തുനാഴിക രാച്ചെന്നു. പൂർണചന്ദ്രൻ ഉദിച്ചുയർന്നിരുന്നു. ആ പാടത്തുകൂടി പെട്ടിയും

തൂക്കിപ്പിടിച്ചുപോകുന്ന രൂപത്തെ അവൾ നോക്കിനിന്നു. അരുവി അതിന്റെ ജീവിതഗാനം പാടിക്കൊണ്ടിരുന്നു.

അവിടെ പട്ടാളക്കാരന്റെ ഫാമിലി അലോട്ട്മെന്റ് വരുന്നുണ്ട്. മാസം നാൽപ്പതു രൂപാ. ഒരു ഉരുളി, രണ്ടു ചെമ്പുകലം, മൂന്നാലു കട്ടിലുകൾ- ഇത്രയും അവൾ വാങ്ങി. അതിൽ അവളുടെ പേരു വെട്ടിച്ചു. ആ വീട് ഒന്നു പുതുക്കിപ്പണിതു. പറമ്പിനു ചുറ്റും കയ്യാലവച്ചു. പറമ്പിൽ നിറച്ച് ഏത്തവാഴയാണ്. അവൾ ഇന്നവിടത്തെ പ്രധാനിയാണ്. അമ്മപോലും അവൾ പറയുന്നത് കേൾക്കും.

എന്നും അമ്പലത്തിൽപ്പോയി അവൾ എന്തൊക്കെയോ പ്രാർഥിക്കുന്നുണ്ട്. അവിടെ എന്നും ഒരാൾക്കുണ്ണാൻ ചോറിരിക്കും. രാത്രിയിൽ എന്തെങ്കിലും ശബ്ദം കേട്ടാൽ അമ്മ വിളിച്ചു ചോദിക്കും, അതാരെന്ന്. അതുകേട്ട് അവൾ ഉരുണ്ടുപിരണ്ടെഴുന്നേൽക്കും. നിന്റെ നായർ എന്നു വരുമെന്ന് കൂട്ടുകാരികൾ ചോദിക്കുമ്പോൾ മാത്രം അവൾക്കുത്തരം പറയാനില്ല.

ഒരു ദിവസം പോസ്റ്റുമാൻ ഒരു വലിയ കവർ കൊടുത്തു. അത് ആ പട്ടാളക്കാരന്റെ ഫോട്ടോയായിരുന്നു. അന്നു മുതൽ ആ വീടിന്റെ മൺഭിത്തിയെ ഒരു പടം അലങ്കരിച്ചു.

മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ പ്രതിമാസം നൂറുരൂപ അവളുടെ മേൽവിലാസത്തിൽ വരാൻ തുടങ്ങി. ആറുമാസം കഴിഞ്ഞപ്പോൾ അതു വീണ്ടും വർധിച്ചു.

ഒരു ദിവസം സ്ഥലത്തുള്ള പോലീസ്സ്റ്റേഷനിൽ നിന്നും മൂന്നു വലിയ ഇരുമ്പുപെട്ടികൾ ഏറ്റുവാങ്ങാനുള്ള നോട്ടീസ് കിട്ടി. അതു നിറയെ ഉയർന്ന തരം പട്ടാള ഉദ്യോഗസ്ഥന്റെ ഉടുപ്പുകളായിരുന്നു. ഒരു പെട്ടിയിൽ അവൾ അയാളുടെ കഴുത്തിലിട്ട വിവാഹമാല്യം ഉണ്ടായിരുന്നു. അത് ഉണങ്ങിക്കരിഞ്ഞുപോയി.

നാണി അകാരണമായി നടുങ്ങി.

ഒരാഴ്ചയ്ക്കുശേഷം പതിനായിരം രൂപയുടെ ഒരു ചെക്ക് അവൾക്കു ലഭിച്ചു. പിന്നീട് പ്രതിമാസമുള്ള മണിയോർഡറുകളുമില്ല.

(തകഴിയുടെ കഥകൾ)

- പട്ടാളക്കാരുടെ ജീവിതത്തിലെ എന്തെല്ലാം പ്രതിസന്ധികളാണ് തകഴി ഈ കഥയിൽ അവതരിപ്പിക്കുന്നത്? ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.
- രാമൻനായർക്ക് തന്റെ അച്ഛനമ്മമാർ ആരെന്നറിയില്ല. സ്വന്തം പേരു പോലും എങ്ങനെയാണുണ്ടായതെന്ന് അറിയില്ല. അനാഥത്വങ്ങൾ സൃഷ്ടിക്കുന്നതിൽ യുദ്ധങ്ങൾക്കും പങ്കില്ലേ? യുദ്ധങ്ങൾ സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങൾ ചർച്ചചെയ്യുക.
- – "വൃദ്ധ കുറച്ചുകൂടി വിളമ്പി. വേണ്ടെന്നു വിലക്കിയിട്ടും കുടഞ്ഞു."

  – "ആ വൃദ്ധയുടെ മന്ദഹാസം ഒരിക്കലും മറക്കുവാൻ സാധ്യമല്ല."

  സൂചനകൾ ശ്രദ്ധിച്ചല്ലോ. 'പട്ടാളക്കാരൻ' എന്ന കഥയിലെ വൃദ്ധയുടെ വ്യക്തിത്വം മറ്റു സൂചനകൾ കൂടി കണ്ടെത്തി വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക.
- തീവ്രമായ ഒരു യുദ്ധാനുഭവമാണ് 'പട്ടാളക്കാരൻ' എന്ന കഥയിൽ തകഴി ചിത്രീകരിക്കുന്നത്. എന്നാൽ വെടിയൊച്ചയും വിലാപവുമൊന്നും ഇതിൽ കാണാനില്ല. എന്താവാം ഇതിനു കാരണം? യുദ്ധത്തിന്റെ ഭീകരത കഥാകാരൻ എങ്ങനെയാണ് ധ്വനിപ്പിക്കുന്നത്?

# അർജുനവിഷാദയോഗം

കുട്ടികൃഷ്ണമാരാര്

പാണ്ഡവന്മാർക്ക് നിഷ്കണ്ടകമായ രാജ്യാധിപത്യം കൈവന്നു. അഭിമന്യുപുത്രനായി ഒരു വംശാങ്കുരവും, ഒരുവിധം ചത്തുജീവിച്ചും കൊണ്ടു ജനിച്ചു. ജ്ഞാതിവധവിഷണ്ണനായ യുധിഷ്ഠിരൻ വ്യാസോപദേശമനുസരിച്ചു പാപപരിഹാരാർഥം അശ്വമേധം യജിപ്പാൻ നിശ്ചയിച്ചു. ഇനിയും രാജാക്കന്മാരെ കടന്നാക്രമിച്ചു ധനം സമ്പാദിച്ചുകൂടാ എന്നുവച്ച് പണ്ടു മരുത്തൻ നിക്ഷേപിച്ചുവച്ചിരുന്ന ധനമെടുത്താണ് ഒരുക്കംകൂട്ടിയത്. വിധിപ്രകാരം മേധാശ്വത്തെ ഭൂപ്രദക്ഷിണത്തിനു വിട്ടു. വ്യാസൻ നിർദേശിച്ചതനുസരിച്ച് അഭിമന്യുപിതാവായ അർജുനനാണ് അശ്വരക്ഷിതാവായി പുറപ്പെട്ടത്. വമ്പിച്ചൊരു ക്ഷത്രഹിംസ കഴിഞ്ഞിരിക്കയാൽ, ഇനി ഈ അശ്വത്തെ തടഞ്ഞേക്കാവുന്ന ക്ഷത്രിയന്മാരെ ഹിംസിക്കാതെതന്നെ വഴിപ്പെടുത്താൻ നോക്കണമെന്നു യുധിഷ്ഠിരൻ അർജുനനെ ഏല്പിച്ചിരുന്നു, എങ്കിലും, ഭാരതയുദ്ധത്തിൽ വധിക്കപ്പെട്ട രാജാക്കന്മാരുടെ പുത്രപൗത്രന്മാർ പലരും അതതു നാട്ടിൽവച്ചു തീവ്രമായെതിർത്തതിനാൽ അർജുനനു കുറേയൊക്കെ ഹിംസ ചെയ്യേണ്ടിത്തന്നെ വന്നു.



അങ്ങനെ, യജ്ഞാശ്വം സൈന്ധവരാജ്യത്തെത്തി. നൂറ്റുവരുടെ സഹോദരിയായ ദുശ്ശളയെ വേട്ട ജയദ്രഥന്റെ രാജ്യമാണത്. ആ ജയദ്രഥൻ അർജുനപുത്രനായ അഭിമന്യുവിന്റെ കൊടുംകൊലയ്ക്കു സഹായിച്ചതും പകരം അർജുനൻ 'നാളെ സൂര്യാസ്തമയത്തിനുമുമ്പു ഞാനവനെ കൊല്ലു'മെന്നു പ്രതിജ്ഞചെയ്ത് അന്നു സൂര്യാസ്തമയത്തിനു മുമ്പുതന്നെ കൊന്നതും ഭാരതയുദ്ധകഥയിലെ രോമഹർഷണമായ സന്ദർഭങ്ങളിലൊന്നത്രേ. ആ ജയദ്രഥന്റെ മകനായ സുരഥനാണ് അപ്പോൾ അവിടെ നാടുവാണിരുന്നത്. ആ രോമഹർഷണമായ പിതൃവധം കേട്ടു വിഷണ്ണനായിരുന്ന അയാൾ, ആ പിതൃഘാതി ഇപ്പോൾ യജ്ഞാശ്വവുമായി തന്റെ നാട്ടിൽ വന്നുകേറിയിരിക്കുന്നു എന്ന് കേട്ട നടുക്കത്തിൽ പെട്ടെന്നു വീണുമരിച്ചുപോയി. സർവഥാ പകമുഴുത്ത സൈന്ധവവീരന്മാർ അർജുനനെ വീറോടെ എതിർത്തു. അവർ പലവട്ടം അർജുനനാൽ തോൽപിക്കപ്പെട്ടു പിൻവാങ്ങുകയും, വീണ്ടും കോലാഹലത്തോടെ ഏറ്റെതിർക്കുകയും ചെയ്തു. അർജുനൻ തുലോം അവശനായിപ്പോയി. ഒടുക്കം, ദേവന്മാരും ഋഷിമാരും ചെയ്ത ശാന്തിജപങ്ങൾകൊണ്ടു ഗാണ്ഡീവധന്വാവുതന്നെ ജയം നേടി.

അങ്ങനെ വിജയിച്ചരുളുന്ന അർജുനന്റെ അടുക്കലേയ്ക്കതാ, പെരുമുറെ കരഞ്ഞുംകൊണ്ട് ഒരു സ്ത്രീ വരുന്നു - ദുശ്ശള, നൂറ്റുവരുടെ ഏകസഹോദരി. അവളുടെ കൈയിൽ ഒരു പിഞ്ചു

കുട്ടിയുമുണ്ട് – അവളുടെ പേരക്കുട്ടി, സുരഥന്റെ സീമന്തപുത്രൻ. അർജുനൻ വില്ലുവച്ചു ദൈന്യത്താൽ തലകുനിച്ച് സഹോദരിയോട് എന്തു വേണമെന്നു ചോദിച്ചു. അവൾ തന്റെ ആ പിഞ്ചുപൈതലിന്–മുത്തച്ഛനും അച്ഛനും മരിച്ചുപോയ ആ അനാഥാത്മാവിന്–അഭയം യാചിപ്പാൻ വന്നിരിക്കയാണ്. തന്റെ സഹോദരന്മാരെയും ഭർത്താവിനെയും കൊന്നതിനെപ്പറ്റി അവൾക്കൊന്നും മറുത്തുപറയാനില്ല. അനാര്യരും അപനയക്കാരുമായ അവരുടെ അപരാധമെല്ലാം മറന്ന്, തന്നോടും അപ്പോൾ മരിച്ചുപോയ തന്റെ പുത്രനോടും ദയതോന്നി, ആ കൈക്കുഞ്ഞിന്റെ നേർക്ക് ആയിടെ ജനിച്ച അഭിമന്യുപുത്രന്റെ നേർക്കെന്നപോലെ, മനസ്സു തെളിയേണമേ എന്ന് അവൾ കേണപേക്ഷിച്ചു.

ഈ ഘട്ടത്തിൽ, മുള്ളിലവിൻതടിപോലെ അനേകം കൂരാണികൾ എഴുന്നുനിൽക്കുന്ന ഒരായുധംകൊണ്ട് നെഞ്ചിൽ ആഞ്ഞടിക്കപ്പെട്ടാലത്തെപ്പോലെ അർജുനന്റെ ഹൃദയത്തിലുണ്ടാകുന്ന ചിന്താവ്യഥകളെപ്പറ്റി ആലോചിച്ചുനോക്കൂ.

ഏതൊരു മനുഷ്യനും, തന്റേതിനെക്കാൾ എളിയ സ്ഥിതിയിലായിപ്പോയ ഒരു സഹോദരിയെ, അതും സ്ത്രീത്വത്തിന്റെ ഏകഭൂഷണമായ ഒരിളംകുഞ്ഞിനോടുകൂടി, കണ്ടുമുട്ടേണ്ടിവരിക എന്നതു ഹൃദയഭേദകമാണ്; അവൾക്ക് ആ നില വന്നുപെട്ടതു തന്റെ കൈകൊണ്ടുകൂടിയാണെങ്കിലോ! ഇവിടെ തങ്ങൾ (പാണ്ഡവർ) ക്ഷത്രിയർക്കു പ്രാപിക്കാവുന്ന പരമോന്നതപദവിയിൽ എത്തിയിരിക്കുന്നു; അതിലെത്തുവാൻവേണ്ടി തങ്ങൾ ചെയ്ത 'വീരകർമ'ങ്ങളുടെ ഫലമായാണ് ഇന്ന് ഈ സഹോദരി കേവലം അനാഥയായി വെറും പിച്ചക്കാരിയെപ്പോലെ തന്റെ മുമ്പിൽനിന്നു കേഴുന്നത്.

ഇവളോ, തങ്ങളുൾപ്പെടെ നൂറ്റഞ്ചു കൗരവസഹോദരന്മാർക്കെല്ലാം കൂടിയുള്ള ഒരേയൊരു സഹോദരി; ചെറുപ്പത്തിലേ അച്ഛൻ മരിച്ചുപോയ തങ്ങൾക്കു പിന്നീടു വേണ്ട എല്ലാ പിതൃകർത്തവ്യവും വാത്സല്യത്തോടുകൂടി ത്തന്നെ അനുഷ്ഠിച്ചുപോന്ന ധൃതരാഷ്ട്രരുടെ ഏകപുത്രി. സ്വന്തം ഔരസപുത്രന്മാരോട്–അവർ ദുർബുദ്ധികളായാലും – കുറച്ചധികം വാത്സല്യംകൊള്ളുക എന്ന മനുഷ്യസാധാരണമായ ഒരു പ്രമാദം മാത്രമേ ആ അന്ധവൃദ്ധനു പറ്റിപ്പോയിട്ടുള്ളൂ. ഇവളുടെ അമ്മയായ ഗാന്ധാരിയെയാകട്ടെ, ആ അന്ധമായ വാത്സല്യംപോലും തീണ്ടിയിരുന്നില്ലതാനും.

ഐശ്വര്യലോഭത്താൽ അധർമം ചെയ്ത് അപായമടഞ്ഞ ആ നൂറു സഹോദരന്മാരിൽ ഒരുവനെങ്കിലും ഇന്നും ജീവനോടുകൂടി ഉണ്ടായിരുന്നുവെങ്കിൽ, അവൻ സ്വസഹോദരിയുടെ ഈ നില കണ്ടു പൊറുക്കുമായിരുന്നുവോ? ഇല്ലെങ്കിൽ അവരെ ഒന്നൊഴിയാതെ കൊന്നൊടുക്കി തങ്ങളിപ്പോൾ നേടിയ ഈ ഐശ്വര്യമാകെ ഇവളുടെ കാൽക്കൽ അടിയറവച്ചാൽക്കൂടി, ഈ അധർമത്തിനു പരിഹാരമാകുമോ?

ഇവളുടെ ചില ആങ്ങളമാർ അവരുടെ ഒരു സഹോദരിയെ–തങ്ങളുടെ ധർമപത്നിയായ പാഞ്ചാലിയെ– നിറഞ്ഞ രാജസദസ്സിലേക്കു വലിച്ചിഴച്ച് അപമാനിക്കയുണ്ടായി. അന്നതു നടന്നത് ലോകൈകവീരരായ തങ്ങളുടെ കൺമുമ്പിൽവച്ചാണ്; വേണമെങ്കിൽ തങ്ങൾക്കതിനെ പെട്ടെന്നു തടയാമായിരുന്നു. ഇന്ന് ഈ സഹോദരിയെ തങ്ങൾ വരുത്തിവെച്ച ഈ ദീനാവസ്ഥയിൽ നിന്നു കരകേറ്റുവാൻ ആ നൂറ്റുവരെവിടെ, ജയദ്രഥനെവിടെ, സുരഥനെവിടെ? അന്നാസ്സദസ്സിൽ വച്ചു സുയോധനനും തൽപക്ഷപാതികൾക്കും തോന്നേണ്ടിയിരുന്ന ലജ്ജ ഇന്നിപ്പോൾ തനിക്കും തോന്നാതെ പോകാമോ?

ഇവളുടെ ഭർത്താവ്, തന്റെ പ്രേമഭാജനമായ സുഭദ്രയിലുണ്ടായ ഏകപുത്രന്റെ, ആ ആത്മാനുരൂപനായ കൊച്ചുവീരന്റെ കൊടുംകൊലയിൽ പങ്കുകൊണ്ടവനാണ്; അതിനു ഞാൻ വീരോചിതമായി പകരം വീട്ടുകയും ചെയ്തു. അതിനുമേൽ അയാളുടെ പുത്രനെ ചെന്നു പേടിപ്പിച്ചുകൊല്ലുക എന്നത് ആർക്കുചിതമാണ്? താൻ സ്വപ്നേപി വിചാരിക്കാതെയാണെങ്കിലും, തന്റെ പ്രവൃത്തിയുടെ ഫലം ഒടുവിൽ അങ്ങനെയാണല്ലോ വന്നുകൂടിയത്. അമ്മാവനെപ്പേടിച്ചു മരിച്ചുപോയ ആ മരുമകന്റെ അമ്മയാണ് ഇപ്പോൾ ഒരപേക്ഷയുമായി

ആങ്ങളയായ തന്റെ മുമ്പിൽ വന്നുനിൽക്കുന്നത്.

എന്തപേക്ഷ? ഒന്നും തിരിയാറായിട്ടില്ലാത്ത, മുലകുടിമാറാത്ത ഒരോമനക്കിടാവിന്റെ-സർവസ്വവും നശിച്ച ഒരു സ്ത്രീയുടെ ഒരേ ഒരാശാങ്കുരത്തിന്റെ- ജീവനെ വിട്ടുതരണേ എന്ന്. നേരിട്ടുനിന്ന് പടവെട്ടുന്ന ശത്രുവിനു് വല്ല ക്ഷീണവും തട്ടിയതായിക്കണ്ടാൽ അയാളെ അനുകമ്പാപൂർവം വിട്ടയയ്ക്കുന്ന വീരധർമത്തിനുമുമ്പിൽ ഇങ്ങനെ ഒരെളിയ അപേക്ഷ വരാനിടയായി എന്നതിനേക്കാൾ അപമാനകരമായി ലോകത്തിൽ മറ്റെന്തുണ്ട്?

ഇതിൻവിധം അർജുനനുണ്ടാകാവുന്ന വിഷാദചിന്തകളെ ഓരോന്നായി കാര്യകാരണസഹിതം വിടർത്തിപ്പറയുമ്പോൾ ആ സന്ദർഭഗൗരവം ശിഥിലമായിപ്പോകുന്നു. ഈ പേർത്തുകാണിച്ച ചിന്തകളെല്ലാംകൂടി ഇടതിങ്ങി ഒറ്റയടിക്ക് ഒരാളുടെ ഹൃദയത്തിലേക്കു തള്ളിക്കയറിയാലത്തെ ഭയങ്കരത ഓർത്തുനോക്കൂ. മനുഷ്യനു നേരിടുന്ന ഇത്തരം ഉൽക്കടക്ഷോഭങ്ങളുടെ മുമ്പിൽപ്പെട്ടാൽ, അവന്റെ സുവിദഗ്ധമായ ഭാഷ എത്രമാത്രം തുച്ഛമാണെന്നു നാമിവിടെ കാണുന്നു. ഭാഷയിൽ വരാവുന്ന ഈ ശിഥിലീഭാവത്തെ കണ്ടറിഞ്ഞിട്ടുതന്നെയാവണം, വ്യാസൻ അർജുനന്റെ അപ്പോഴത്തെ ഹൃദയാവസ്ഥയെ അർഥഗർഭമായ ആറേഴുവാക്കുകൊണ്ടു സൂചിപ്പിക്കുകയേ ചെയ്തിട്ടുള്ളൂ:

"ഏവം ബ്രുവത്യാം കരുണം
ദുശ്ശളായാം ധനഞ്ജയഃ
സംസ്മൃത്യ ദേവീം ഗാന്ധാരീം
ധൃതരാഷ്ട്രം ച പാർഥിവം
ഉവാച ദുഃഖശോകാർത്തഃ
ക്ഷത്രധർമം വിഗർഹയൻ,
'ധിക് തം ദുര്യോധനം ക്ഷുദ്രം
രാജ്യലുബ്ധം ച മാനിനം
യൽകൃതേ ബാന്ധവാഃ സർവേ
മയാ നീതാ യമക്ഷയം."

ഓരോ സന്ദർഭത്തിലും കഥാപാത്രങ്ങളെക്കൊണ്ട് വേണ്ടുവോളവും വേണ്ടതിലധികവും സംസാരിപ്പിക്കുന്ന ആ ഋഷികവി ഇവിടെ അർജുനൻ ദുശ്ശളയോടു സാന്ത്വം പറഞ്ഞതെങ്ങനെ എന്നു വിസ്തരിക്കാതെ, "ബഹു സാന്ത്വ്യ = പലപാടാശ്വസിപ്പിച്ചിട്ട്, പരിഷ്വജ്യ = ആലിംഗനം ചെയ്തിട്ട്" എന്നു സംക്ഷേപിച്ച്, മേൽക്കാണിച്ചവിധം വിഷാദദന്തുരമായ ഒരു ഘട്ടമാണ് താൻ സൃഷ്ടിച്ചുവച്ചതെന്ന ഭാവമേ ഇല്ലാതെ കഥാന്തരത്തിലേക്കു പ്രവേശിച്ചിരിക്കയാണ്.

അർജുനനെ ഈ വിഷാദക്കയത്തിൽനിന്നും കരകേറ്റുവാൻ പണ്ടു കേട്ട ഭഗവദ്ഗീതോപനിഷത്തിലെ വല്ല സൂക്തങ്ങളും സഹായിച്ചിരിക്കുമോ? ഇല്ല. ഗീതോപദേശങ്ങളുടെ പരാജയസ്ഥാനമാണിത്. അതുപോലെത്തന്നെ ഇത് ഗീതാകർത്താവിന്റെ വിജയസ്ഥാനവുമാണ്; ഏതു ഭഗവദ്വചനാമൃതത്താലും പരിഹരിക്കപ്പെടാവുന്നവയല്ല ജീവിതമേല്പിക്കുന്ന യാതനകൾ എന്ന് പരമാർഥത്തെ ഉദാഹരിക്കയാണല്ലോ അദ്ദേഹം ഇവിടെ ചെയ്തത്.

ഭാരതകഥയുടെ അവസാനം അഗാധമായ വിഷാദത്തിലാണ്; യുദ്ധത്തിനുശേഷമുള്ള എല്ലാ സംഭവങ്ങളും അതിനെ വളർത്തിക്കൊണ്ടുവരികയേ ചെയ്തിട്ടുള്ളൂ. പടക്കളത്തിൽ ഒടുക്കം വീഴ്ത്തപ്പെട്ട ദുര്യോധനന്ന് അവിടെ വച്ചുതന്നെ ദേവലോകപൂജ ലഭിച്ചതു കണ്ടപ്പോൾത്തൊട്ടു തുടങ്ങിയതാണിത്. തുടർന്ന് താൻ മിനക്കെട്ടു കൊല്ലിച്ച കർണൻ തന്റെ മൂത്ത സഹോദരനായിരുന്നു എന്നറിഞ്ഞതുമുതൽ യുധിഷ്ഠിരനെ സംബന്ധിച്ചിടത്തോളം ആ വിഷാദാത്മകത വളർന്നുവളർന്നു വന്നു; കൃഷ്ണൻ ഒരിക്കൽ യുധിഷ്ഠിരനോടുതന്നെ പറഞ്ഞതുപോലെ, "അമ്പുകൾക്കോ ഭൃത്യന്മാർക്കോ ബന്ധുക്കൾക്കോ ഒന്നും ചെയ്യാനില്ലാത്ത, താനൊറ്റയ്ക്കുതന്നെ നിന്നു പൊരുതേണ്ടുന്ന ഒരു യുദ്ധമാണ്" അദ്ദേഹത്തിന്നപ്പോൾ ആരംഭിച്ചത്. പിന്നീട് പ്രസ്തുതമായ അശ്വമേധം കെങ്കേമമായി നിറവേറ്റിയതിനു ശേഷം ഒരു കീരി വന്നു പറഞ്ഞ കഥ- ഒരു ദരിദ്രകുടുംബം ഒരു നേരത്തെ കൂടുതൽ പട്ടിണികൊണ്ട് ഒരതിഥിയെ തൃപ്തിപ്പെടുത്തിയയച്ചതിലെ പുണ്യംപോലും ഇതിന്നില്ലെന്നു തെളിയിച്ച കഥ - യുധിഷ്ഠിരനെ എത്രമേൽ ലജ്ജിപ്പിച്ചിരിക്കില്ല!

തത്തുല്യമായ ഒരു വിഷാദാത്മകത മേൽവിവരിച്ച സന്ദർഭത്തിൽ അർജുനനെയും ബാധിച്ചിരിക്കണം. എന്നാൽ, അന്നദ്ദേഹം തന്റെ ആ ദിവ്യമായ ഗാണ്ഡീവത്തിന്റെയും അമ്പൊടുങ്ങാത്ത ആവനാഴികളുടെയും ദുഷ്പരിണാമം കണ്ടറിഞ്ഞിട്ടേ ഉള്ളൂ; തുടർന്ന് അത്യാവശ്യമായ ഒരു ഘട്ടത്തിൽ അവ നിഷ്ഫലങ്ങളുമാണെന്നു കാണാനിരിക്കുന്നു: ദ്വാരകയിൽ ഭോജവൃഷ്ണ്യന്ധകവീരന്മാരെല്ലാം തമ്മിൽത്തച്ചു ചത്തൊടുങ്ങുകയും രാമകൃഷ്ണന്മാർ കാലഗതിയടയുകയും ചെയ്തതിനുശേഷം ദ്വാരകയെ കടലാക്രമിക്കുന്നതിനുമുമ്പ്, അവിടെനിന്ന് ഭഗവാന്റെ ചില ഭാര്യമാരുൾപ്പെടെയുള്ള യാദവസ്ത്രീകളെയും കുട്ടികളെയും വൃദ്ധന്മാരെയുംകൂട്ടി അർജുനൻ സ്വന്തം രക്ഷയിൽ ഇന്ദ്രപ്രസ്ഥത്തിലേക്കു കൊണ്ടുപോരുമ്പോൾ, പഞ്ചനദത്തിൽവച്ചു കുറേ തട്ടിപ്പറിക്കാരായ കാട്ടാളന്മാർ വന്നെതിർത്ത് അതിലെ പെണ്ണുങ്ങളെ പിടിച്ചുകൊണ്ടുപോയ ഘട്ടത്തിലാണ് ആ ദിവ്യോപകരണങ്ങളുടെ നിഷ്പ്രയോജനത വെളിപ്പെട്ടത്. ആ ആത്യന്തികാവസ്ഥയിൽ അദ്ദേഹത്തിനു ഗാണ്ഡീവം കുലയേറ്റാൻ പണിപ്പാടായി, അസ്ത്രവിദ്യകളൊന്നും ഓർമവന്നില്ല. അക്ഷയമായ ആവനാഴിയിൽ അമ്പുമൊടുങ്ങി. കാട്ടാളന്മാർ പിടിച്ചുകൊണ്ടുപോയതിൽ ബാക്കിയായവരെ മാത്രമേ അദ്ദേഹത്തിന് ഇന്ദ്രപ്രസ്ഥത്തിലെത്തിപ്പാൻ സാധിച്ചുള്ളൂ.

എന്നിട്ടും അർജുനന്ന് ആ ഗാണ്ഡീവത്തിലും ആ ആവനാഴികളിലുമുള്ള മമതാഭിമാനം - അവ തനിക്കുണ്ടെന്ന ഊറ്റം - ഉപേക്ഷിപ്പാൻ സാധിച്ചില്ലെന്നതാണ് ഈ വിഷാദകഥയുടെ അങ്ങേയറ്റം. പാണ്ഡവന്മാർ സർവവും പരിത്യജിച്ചു വല്ക്കലധാരികളായി മഹാപ്രസ്ഥാനത്തിനു പുറപ്പെട്ടപ്പോൾ അർജുനൻ രത്നലോഭംമൂലം ആ വില്ലും ആവനാഴികളും ധരിച്ചുംകൊണ്ടാണ് നടന്നത്. അങ്ങനെ പോകുമ്പോൾ, പണ്ട് ഖാണ്ഡവദാഹത്തിനു വേണ്ടി ആ ദിവ്യവസ്തുക്കളെ അർജുനന്നു സമ്മാനിച്ച അഗ്നിദേവൻ പ്രത്യക്ഷനായി വന്നു വഴി തടഞ്ഞ് അവരോടരുളിച്ചെയ്തു: "കുരുശ്രേഷ്ഠരേ, അർജുനൻ ഈ ഗാണ്ഡീവം കൈയൊഴിച്ചിട്ടുമതി കാട്ടിലേക്കു പോവുക. ഇതുകൊണ്ട് ഇനി ഒരാവശ്യവുമില്ല. ഞാനിത് അർജുനന്നുവേണ്ടി വരുണനോടു വാങ്ങിയതാണ്; അത് വരുണന്നു തന്നെ തിരിച്ചുകൊടുത്തേക്കട്ടെ." ഇതു കേട്ട് മറ്റു സഹോദരന്മാർ പ്രേരിപ്പിച്ചപ്പോഴാണ് അർജുനൻ അവയെല്ലാം വെള്ളത്തിലിട്ടത്. "ഒരാൾ തന്റെ സർവാതിശായിയായ നേട്ടമെന്നെണ്ണുന്ന കാര്യം വേണ്ട സമയത്ത് അയാളെതെല്ലും സഹായിക്കുന്നില്ലെന്നു കണ്ടിട്ടുപോലും അയാൾക്ക് അതിന്മേലുള്ള പിടി അയഞ്ഞുപോകുന്നില്ലല്ലോ!" എന്ന് ഋഷി ഇവിടെ വിഷാദിക്കുന്നു.

(ഭാരതപര്യടനം)

- എല്ലാ ആയുധങ്ങളും നിഷ്പ്രഭമാകുന്ന സന്ധിയിലാണ് യഥാർഥ ജീവിതയുദ്ധം ആരംഭിക്കുന്നതെന്ന് ഈ പാഠഭാഗത്ത് വിവരിക്കുന്ന സംഭവങ്ങൾ എങ്ങനെയാണ് സാക്ഷ്യപ്പെടുത്തുന്നത്?
- നാനാവേഷാചാരവിചാര-<br>മനുഷ്യസമോഷ്മളസഹകരണത്തിൻ<br>ഗാനം പോൽ ശുഭസുന്ദരമൈഹിക-<br>ജീവിതമെങ്ങും കതിരണിയാവൂ. (ആഫ്രിക്ക - എൻ.വി.കൃഷ്ണവാരിയർ)

കലാപങ്ങളും യുദ്ധങ്ങളുമൊഴിഞ്ഞ് ജീവിതം കതിരണിയണമെന്നാണല്ലോ കവി ആശിക്കുന്നത്. അത്തരമൊരു ലോകത്തെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പങ്ങൾ എന്തൊക്കെയാണ്?

- യുദ്ധവിരുദ്ധദിനാചരണത്തിന് ഉപയോഗിക്കാവുന്ന പോസ്റ്റർവാക്യങ്ങൾ, മുദ്രാഗീതങ്ങൾ, പ്രതിജ്ഞാവാക്യം തുടങ്ങിയവ തയാറാക്കുക.
- സ്കൂളിൽ യുദ്ധവിരുദ്ധചലച്ചിത്രമേള സംഘടിപ്പിക്കുക.
- ഹൃദയഭേദകം - ഹൃദയത്തെ ഭേദിക്കുന്ന
  പിതൃകർത്തവ്യം - പിതാവിന്റെ കർത്തവ്യം

ഇത്തരത്തിൽ പദങ്ങളെ ചേർത്തുവച്ച് പ്രയോഗിക്കുന്നത് ശ്രദ്ധിച്ചല്ലോ. ഭാഷയ്ക്ക് എന്തൊക്കെ പ്രയോജനങ്ങളാവാം ഇതു മൂലം ലഭിക്കുന്നത്? മറ്റ് ഉദാഹരണങ്ങൾ കൂടി കണ്ടെത്തി വിശകലനം ചെയ്യുക.

4

# കായിൻപേരിൽ പൂ മതിക്കുവോർ

"ഇനന്റെ ചെന്തീക്കതിർമാരിനിത്യ-
മിടംപെടും തൻ തലകൊണ്ടു താങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ ദീനദയാലു നില്പൂ
ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മൊരോമനപ്പൈങ്കിളി നമ്മെ നോക്കി
ചെവിക്കുരുന്നിൽത്തെളിതേൻ തെളിക്കും
സ്വാതന്ത്ര്യസംഗീതമുയർത്തിടുന്നു"

സുഖം സുഖം — ഉള്ളൂർ

- "കൊടുംചൂടിനെ തലകൊണ്ട് താങ്ങി നമുക്ക് തണലേകുന്ന തേന്മാവ്, ഉയരെപ്പറന്ന് സ്വാതന്ത്ര്യഗീതം പാടുന്ന പൈങ്കിളി..."

  ഉപാധികളില്ലാത്ത സ്നേഹമാണ് പ്രകൃതിയുടെ ഭാവം. ചർച്ചചെയ്യുക.

# വിണ്ട കാലടികൾ

പി. ഭാസ്കരൻ

പഞ്ചനക്ഷത്രങ്ങൾ തൻ പ്രൗഢിപാറിടും 'സ്വീറ്റിൽ'
ലഞ്ചിനുശേഷം നമ്മൾ നടുനീർത്തിടും നേരം

എന്റെ കാലടികളെ 'സോക്സു' കളെന്യേ ഭവാൻ
കണ്ടപ്പോൾ ഭിഷഗ്വരധർമമാർന്നെന്നോടോതി:

"കാലടി മുഴുവനും വിള്ളലാണല്ലോ; താങ്കൾ
മേലിൽ നഗ്നപാദനായ് നടന്നേക്കരുതെങ്ങും

ചെരിപ്പോ ഷൂസോ സോക്സോ ധരിക്കാതൊരിക്കലും
ചവിട്ടീടരുതിനി തറയിൽ ചളിയിലും.

വിണ്ട് കാലുക, ളനാരോഗ്യത്തി,ലശക്തിയിൽ
കൊണ്ടു തള്ളുന്നു നമ്മെ..." യിങ്ങനെ ഭവൽസൂക്തം

തുടർന്നുപോകുന്നേരം ഞാൻ, ഭവാനറിയാതെ
നടന്നുകേറിപ്പോന്ന പാതകൾ തിരഞ്ഞേപോയ്.

എന്റെ ശക്തിയുമെന്റെ ശുദ്ധിയുമാരോഗ്യവും
വിണ്ടൊരീപ്പാദങ്ങളാണെന്നുള്ള മഹൽസത്യം

എന്റെയീ സുഹൃത്തിനെയെങ്ങനെ ധരിപ്പിക്കാൻ!
എന്റെ ജീവിതഗ്രന്ഥമെങ്ങനെ വായിപ്പിക്കാൻ!

താരുണ്യത്തുടിപ്പാർന്നു പണ്ടവ, ചെരിപ്പെന്യേ
ചേറണിവരമ്പത്തും ചെമ്മണ്ണിൻ വഴിയിലും

പൊള്ളുന്ന വെയിലേറ്റിട്ടെത്രയോ ദൂരം താണ്ടി!
അല്ലിന്റെയിരുൾക്കുത്തിലെത്രയോ കാതം നീങ്ങി!

ആയിരം സ്വപ്നങ്ങളെപ്പിരിച്ച ചുമ്മാടിങ്കൽ
ആദർശഭാരം പേറി ഗ്രാമവീഥികൾതോറും



ചരിക്കെച്ചുമടിന്റെ ഭാരം ഞാൻ സ്മരിച്ചീല;
വരിച്ച മാർഗത്തിന്റെ ദൂരം ഞാനറിഞ്ഞീല.

ഇടവപ്പാതിക്കാറ്റു കല്പകദ്രുമങ്ങൾ തൻ
മുടിയിൽപ്പിടിച്ചാർത്തു മുഷ്ടിയാലിടിക്കുമ്പോൾ

മുഷ്കനാക്കുടിയന്റെയട്ടഹാസത്താൽ കായൽ-
വക്കുകൾ വിറയ്ക്കുമ്പോൾ-വാനിടം മുഴങ്ങുമ്പോൾ

ഓടിപ്പാഞ്ഞടുക്കുന്ന പെരിയാർവെള്ളം, ഇര-
തേടിക്കൊണ്ടിരുട്ടിങ്കൽ കൂരകൾ വിഴുങ്ങുമ്പോൾ

ഒളിവിൽക്കഴിയുന്ന തോഴനെ രക്ഷിക്കുവാൻ
തലയിൽ മുണ്ടുംകെട്ടിയൊറ്റയ്ക്കു തിരിച്ചപ്പോൾ

കൊള്ളിയാൻവെട്ടം വെറും തെങ്ങിൻചൂട്ടൊളിയായി;
അല്ലിലെപ്പെരുമാരി കുളുർനീരുറവായി.

അന്നെന്നെ നയിച്ചൊരീ നഗ്നപാദങ്ങൾ നേടി-
ത്തന്നൊരാ ബലമെന്റെ ശക്തിതൻ മൂലാധാരം!

ചെരിപ്പില്ലാതെ ഞങ്ങൾ പുല്ലൂറ്റു-തൃശ്ശൂർ റോഡിൽ-
ച്ചിരിച്ചു പാട്ടും പാടി, മൂവർണക്കൊടി ചൂടി

പോയതിൻ കഥ ഭവാനെങ്ങനെയറിഞ്ഞീടാൻ?
തോഴ-നിൻ ചരിത്രവും സാഹചര്യവും ഭിന്നം!

ആതിഥേയനാം കൃഷിക്കാരന്റെ ചൂടുള്ളതാ-
മാദരസൗഹൃദങ്ങളോട്ടുകിണ്ണത്തിന്നുള്ളിൽ

കഞ്ഞിയായ് നിറഞ്ഞപ്പോൾ പശിയാർന്നതു മോന്തി,
പിഞ്ഞിയ മെത്തപ്പായിൽ ശയിച്ചിട്ടുണർന്നേറ്റു

പാടത്തിൻവക്കിലുള്ള കിണറ്റിൻ തെളിവെള്ളം
'ത്ലായ' യിൽ തേവിത്തേവിക്കുളിച്ചു സന്തുഷ്ടനായ്

വണ്ടിക്കു കാശില്ലാതെ, മകരക്കൊയ്ത്തു തീർന്ന
കണ്ടത്തിൽക്കൂടി, പാർശ്വനഗരം പ്രാപിക്കുവാൻ

മദിച്ച മലനാടൻ വേനലിൻ മാറിൽക്കേറി-
ക്കുതിച്ചു നടന്നൊരു പാദങ്ങളെൻ പാദങ്ങൾ!

ചൂരലാലടിയേൽക്കെ ചുളുങ്ങാതെയും ചുടു-
ചോരയിലടിതെറ്റി വഴിയിൽ വീഴാതെയും

നടന്നേൻ പിന്നെപ്പിന്നെ നഗരങ്ങളിൽ ജയിൽ-
മുറിയിൽ മനസ്സിന്റെ മധുരസ്വപ്നങ്ങളിൽ.

ചെരിപ്പില്ലാതെ നീണ്ടുമായിരങ്ങളോടൊത്തു
ചരിക്കെപ്പാദം കീറി വന്നൊരീ വിള്ളലെല്ലാം



മണ്ണിതിൽ വീണീടുന്ന വേർപ്പിന്റെയുപ്പും കയ്പും
എന്നിലേക്കാവാഹിക്കും ശക്തിസംഭരണികൾ!

അവപോയെങ്കിലീ ഞാൻ മറ്റൊരാളായിത്തീരും
അവനീബന്ധം വിട്ടൊരക്കിലിസ്സിനെപ്പോലെ.

അവയെൻ തലച്ചോറിൻ വാതായനങ്ങൾ-ഓരോ
ചുവടുവയ്ക്കുമ്പോഴും നേരിയ നോവിൽക്കൂടി
സ്മരണ പുതുക്കീടും ജീവിതക്കുറിപ്പുകൾ;
ധരയെയെന്നോടായിബ്ബന്ധിക്കും തായ്‌വേരുകൾ;

വായിക്കും ഗ്രന്ഥങ്ങളിലക്ഷരം മങ്ങീടായ്‌വാൻ
ജീവിതമുൾക്കാഴ്ചയ്ക്കു നൽകിയ കണ്ണാടികൾ!

പട്ടിന്റെ സോക്സിൽപ്പാദം പൊതിഞ്ഞെന്നാലും നൃത്ത-
പ്പാട്ടിനോടൊപ്പം ഷൂസും പൃഷ്ഠവും ചലിച്ചാലും

താഴോട്ടും മേലോട്ടുമായുയർന്നും താഴ്ന്നും സദാ
പായുമീ ലിഫ്ടിന്നോട്ടം പെട്ടെന്നു നിലച്ചാലും

ചെരിപ്പില്ലാത്തോരാണെൻ സന്തതസഹചരർ;
ചരണത്തിലെച്ചർമം വിണ്ടവരെൻ തോഴന്മാർ

നഗ്നപാദത്തിൽക്കാണും പാടുകളെൻ നേട്ടങ്ങൾ;
ശാശ്വതാരോഗ്യം തരുമുപ്പുനീരുറവകൾ.

(പി. ഭാസ്കരന്റെ കൃതികൾ)

- സോക്സ്, ലഞ്ച്, സ്വീറ്റ്, ലിഫ്റ്റ് തുടങ്ങിയ പദങ്ങളിൽക്കൂടി ഡോക്ടർ പ്രതിനിധാനം ചെയ്യുന്ന പുതിയൊരു കാലത്തെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. കവി പ്രതിനിധാനം ചെയ്യുന്ന മറ്റൊരു കാലവും കവിതയിലുണ്ട്. ആ കാലത്തെ അവതരിപ്പിക്കാൻ കവി തിരഞ്ഞെടുത്ത പദങ്ങളുടെ സവിശേഷതകൾ ചർച്ചചെയ്യുക. തുടർന്ന് കവിതയിൽ തെളിയുന്ന രണ്ടു ജീവിതസമീപനങ്ങളെയും ചേർത്തുവച്ച് പരിശോധിക്കുക.
- "ആടിമാസമേ നിന്നസിതം മുഖം
  നീലകേശം നിലയ്ക്കാത്ത സാന്ത്വനം
  ആവണിക്കൊരു തുമ്പ തേടുമ്പൊഴും
  ആരെയോർക്കേണ്ടു നിന്നെയല്ലാതെ ഞാൻ" (മഴ-വിജയലക്ഷ്മി)

  കവി പ്രകൃതിയിൽ മനുഷ്യഭാവമാരോപിക്കുകയാണ്. ഇത്തരം സന്ദർഭങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി വിശദീകരിക്കുക.
- "അവ പോയെങ്കിലീ ഞാൻ മറ്റൊരാളായിത്തീരും
  അവനീബന്ധം വിട്ടൊരക്കിലിസ്സിനെപ്പോലെ"

  അക്കിലിസ്സിന്റെ കഥ സൂചിപ്പിക്കുന്നതിലൂടെ കാവ്യസന്ദർഭത്തിനു വന്നുചേരുന്ന സവിശേഷത കണ്ടെത്തി അവതരിപ്പിക്കുക.
- കേരളത്തിലെ സാമൂഹികമാറ്റത്തിന്റെ ചില സൂചനകൾ ഈ കവിതയിൽ ദൃശ്യമല്ലേ? അവ കണ്ടെത്തി വിശദമാക്കുക.

# ഉതുപ്പാന്റെ കിണർ

കാരൂർ നീലകണ്ഠപ്പിള്ള

**ആ** ചെറുനഗരത്തിൽ പലേടത്തും ഉതുപ്പാനെ കാണാം. ഹോട്ടലുകളുടെ വാതിൽക്കൽ, വണ്ടിപ്പേട്ടയിൽ, വള്ളക്കടവിൽ, തന്നെക്കാൾ ഭാരമുള്ള ചുമടിനുകീഴെ; പട്ടണം ഉറങ്ങിയാൽ പീടികത്തിണ്ണയിൽ.

അവൻ കഴിയും മട്ടിൽ പണിയെടുക്കും. കിട്ടുന്നതുകൊണ്ടുപജീവിക്കും. ഉതുപ്പാന് ആരുമില്ല, എങ്കിലും ആ തരുണൻ കരുതും, തനിക്കു ചില ചുമതലകളുണ്ടെന്ന്.

അവന്റെ ജീവിതാവശ്യങ്ങൾ ലഘുവാണ്, എങ്കിലും അവനതു ഗുരുവാണ്. അവനും നാളുകൾ കഴിയുന്നുണ്ട്. ഉദരത്തിന്റെ പരാതിയാണ് അവന് ഉറക്കുപാട്ട്. ഹൃദയത്തിനുമുണ്ട് അവനോടാവലാതി. മരത്തണലിലിരുന്ന് വഴിക്കാരോടു കേണിരക്കുന്ന കുരുടനെയും മഞ്ഞിൽ മരച്ചും വെയിലിൽ പൊരിഞ്ഞും മഴയത്തു നനഞ്ഞും വഴിവക്കിൽ കഴിച്ചുകൂട്ടുന്ന കൊച്ചുങ്ങളെയും ചായക്കടയുടെ മുമ്പിൽ ചെന്നു ചൂടുവെള്ളം യാചിച്ചിട്ടു തിളയ്ക്കുന്ന വെള്ളം തലവഴി ഒഴിക്കപ്പെട്ട കിഴവിയെയും മറ്റും പറ്റി ഉദാസീനത കാണിക്കുന്നതിനെക്കുറിച്ച്. ഉദരത്തിന്റെ പരിദേവനം ഉതുപ്പാൻ ചെവിക്കൊണ്ടില്ല. ഹൃദയത്തിന്റെ വേദന അവൻ അമർത്തി. സഹതപിക്കുന്നതും അവന്റെ നിലയിൽ അഹങ്കാരമാണ്. സഹോദരങ്ങളെ സഹായിക്കാൻ അവനു മോഹമുണ്ട്, കഴിവില്ല. അവനും വളർന്നുവന്നു. അച്ഛനമ്മമാരുണ്ടായിരുന്നെങ്കിൽ തങ്ങൾക്കൊരു താങ്ങാണവനെന്നു കരുതി സന്തോഷിച്ചേനെ.



ഒഴിവുള്ള സമയങ്ങൾ പ്രാർഥിക്കാനും സുവിശേഷപ്രസംഗം കേൾക്കാനും അവൻ ചെലവാക്കി. ക്രമേണ വഴിവക്കിലും ചന്തമുക്കിലും നിന്നു വേദോപദേശംചെയ്യുന്നതും ശിശുക്കൾക്ക് യേശുക്കഥകൾ പറഞ്ഞുകൊടുക്കുന്നതും അവന്റെ നിത്യജോലികളിൽപ്പെട്ട് കാലം കടന്നു.

ആ നഗരത്തിന്റെ ഒരു മൂലയിൽ പുതുതായി നിർമിക്കപ്പെട്ട ഒരു റോഡിനാൽ ത്രികോണാകൃതി പ്രാപിച്ച ഒരുതുണ്ടു പുരയിടം വാങ്ങാനുള്ള പണം അവനുണ്ടാക്കി. അവൻ ഭൂസ്വത്തുടമസ്ഥനായി. അയാൾ സ്വന്തം ഭൂമിയിൽ വേല തുടങ്ങി. കിണറു കുഴിക്കുകയായിരുന്നു വേല. അത്രയ്ക്കു മാത്രമുണ്ടാസ്ഥലം.

കഴിയുന്നിടത്തോളം അവൻതന്നെ കുഴിച്ചു- വേണ്ടിവന്നപ്പോളൊരു കൂലിക്കാരനെ കൂട്ടി. 'ഇവനെന്തു പ്രാന്തനാ'ന്നു ചിലർ പറഞ്ഞു. 'വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത്' എന്നു ചിലരും. കിണർ താണുവന്ന ക്രമത്തിന് ഉതുപ്പാന്റെ ഉത്സാഹം ഉയർന്നു

വന്നു. മണ്ണു മാറി, കല്ലു കണ്ടു, കുമ്മായമണ്ണായി. മണ്ണിനു നനവു കണ്ടു! വെള്ളം - വെള്ളം കണ്ട് ഉടമസ്ഥന്റെ ഉള്ളം കുളിർത്തു.


ആ നിസ്സഹായൻ ദൈവത്തെ സ്തുതിച്ചു. കൂട്ടു വേലക്കാരന് അന്നു നാലുചക്രം കൂലി കിട്ടി. അന്നു വേലകേറിയിട്ട് അവൻ വളരെനേരം വെള്ളം നോക്കിക്കൊണ്ടു നിന്നു. ആ കൂപത്തി ലുണ്ടായ ചിറ്റോളം ഉതുപ്പാന്റെ വിശാലഹൃദ യത്തിൽ തിരമാലയുണ്ടാക്കി.

കേൾവിക്കാർക്ക് രസം തോന്നിയില്ലെങ്കിലും അവൻ അന്നു കണ്ടവരോടൊക്കെ കിണറ്റിൽ വെള്ളം കണ്ട കഥ പറഞ്ഞു.

അവന്റെ ഹൃദയശുദ്ധിയുടെ അടിത്തട്ടു കാണാ നെന്ന വണ്ണം കിണർ ചുഴിഞ്ഞിറങ്ങി.

കുട്ടികൾ കിണറ്റിൽ വലിയ കല്ലെടുത്തിട്ട് മാറ്റൊലി കേട്ടു രസിച്ചു. അയൽപക്കത്തുള്ള ഒരു കിഴവി പറയുകയാണ്: "ആ തെമ്മാടി വഴി യുടെ വക്കിനൊരു കിണറു കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണേ പിള്ളേരേ!"

കിണറ് അടിവരെ താഴ്ന്നതോടെ ഉതുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു. കിണറു കുഴിച്ചതിലധികം ഭാരം വഹിച്ചും കാലം ദീർഘിച്ചും അവനതു കെട്ടിച്ചു. മുപ്പതുദിവസം



കൂലിവേലയ്ക്കു പോയി കിട്ടുന്ന മിച്ചംകൊണ്ട് മൂന്നുദിവസം കിണറുകെട്ടുന്ന ജോലി നടത്തും. ഈ കണക്കിൽ അഞ്ചോ ആറോ അരഞ്ഞാ ണവും മതിലും കൽത്തൂണും കെട്ടി കിണറ്റു പാലവും വച്ച് അതിന്മേൽ ഒരു കുരിശടയാള ത്തിന്റെ ഇരുപുറവുമായി, നാട്ടുവഴിയിലൂടെ നടന്നുവരുന്നവർക്കു കാണത്തക്കവണ്ണം 'ഇങ്ങോട്ടുവരുവിൻ! ഇവിടെ ആശ്വസിക്കാം' എന്നു രേഖപ്പെടുത്തി ഒരു കപ്പി കൊളുത്തി, തൊട്ടിയും കയറും ഇട്ടപ്പോൾ, യൗവനത്തെ ചവിട്ടിമെതിച്ചു മുന്നോട്ടുപോകുന്ന പുത്രിക്കു സ്ഥിതിക്കധികനായ വരൻ മംഗല്യസൂത്രം ചാർത്തുന്ന മുഹൂർത്തത്തിൽ പിതാവിനുണ്ടാ കുന്ന കൃതാർഥത ആ കുടുംബശൂന്യനുണ്ടായി.

"അവിടെ ഒരു കുടിലുകെട്ടി പുട്ടും പഴവും വിറ്റി രുന്നെങ്കിൽ അവന്റെ ചെലവിനുള്ളത് കിട്ടി യേനേ" എന്ന് ചിലർ ഉതുപ്പാന്റെ ബുദ്ധിശൂ ന്യതയെ ഉന്നയിച്ചു. "ഉതുപ്പാൻ വക" എന്നു കൂടി എഴുതിവച്ചിരുന്നെങ്കിൽ പ്രസിദ്ധിക്കു കൊള്ളാമായിരുന്നു" എന്നൊരുത്തൻ അസൂ യപ്പെട്ടു.

"തീരെ ഗതികെട്ടാൽ കുടിച്ചുചാകാൻ അവനു വല്ലവരുടെയും കിണറന്വേഷിക്കേണ്ടല്ലോ" എന്നൊരു രസികൻ നിന്ദിച്ചു.

ചിലർ അവന്റെ പ്രവൃത്തിയെ മാനിക്കുകയും ചെയ്തു.

ഉതുപ്പാൻ സാധാരണ പറയും: "രണ്ടു വശത്തും നിന്നു വെള്ളം കോരത്തക്കവണ്ണം രണ്ടു പാലം വേണ്ടതായിരുന്നു. ഒരു കൽത്തൊട്ടിയുണ്ടാക്കി യിടണം. പശുക്കളും വെള്ളം കുടിക്കട്ടെ. മഴ നനയാതെ നിന്നു വെള്ളം കോരത്തക്കവണ്ണം ഒരു പുരയുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു" എന്നും മറ്റും.

അതൊക്കെ ക്രമേണ സാധിച്ചു.

അയൽക്കാരിൽ കിണറു കുഴിപ്പിക്കാൻ കഴി വില്ലാത്തവർ ആ വഴിക്കിണറ്റിൽനിന്ന് വെള്ളം കോരി. പലരും കുളി ആ കിണ റ്റിൻകരയിലാക്കി. കുട്ടികൾ അതിൽ ചപ്പും ചവറും കല്ലും ഇട്ടു രസിച്ചു. ഒരു ദുരാഗ്രഹി തൊട്ടിയും മറ്റൊരു പാപി കപ്പിയും മോഷ്ടിച്ചു.

ഇക്കൂട്ടരാരും ഉതുപ്പാന്റെ കഷ്ടപ്പാടു സ്മരിച്ചില്ല. ആ പാവം കുറവു നികത്തി, അതാവർത്തിക്കാതെ സൂക്ഷിച്ചു. ഉതുപ്പാൻ നിത്യവും രണ്ടുനേരം കിണറ്റുകരെ ചെല്ലും; പരിസരം ശുചിയാക്കും. വെള്ളംകോരി കൽത്തൊട്ടി നിറയ്ക്കും. കുറച്ചു കുടിക്കും. വൃത്തികേടാക്കല്ലേ എന്ന് അവിടെ വരുന്നോരോടൊക്കെ പറയും; ആരെങ്കിലും വെള്ളം കോരി കുടിക്കുന്നതു കാണുമ്പോൾ അവന്റെ ഹൃദയം പുളകംകൊള്ളും. അവന്റെ പലനാളത്തെ ശ്രമഫലം! അക്ഷയമായ സമ്പാദ്യം!

പട്ടണം വളർന്നു. ജനങ്ങൾ തിങ്ങി. പൗരക്ഷേമത്തെ രക്ഷിക്കുകയും വ്യക്തിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയും ചെയ്യുന്നതിൽ നഗരസഭ ജാഗരൂകമായി; ശുദ്ധജലവിതരണത്തിനും മലിനജലവിസർജനത്തിനുമുള്ള പദ്ധതികൾ സ്വീകരിക്കപ്പെട്ടു.

ജലക്കുഴലുകൾ സ്ഥാപിക്കാൻ ചാലുതോണ്ടിയ വേലക്കാർ ആ കിണറ്റിന്റെ ചുറ്റുതറയിൽ കുറേ പൊളിച്ചുകളഞ്ഞു. ഉതുപ്പാന്റെ ഹൃദയം നൊന്തു. ആ അറ്റകുറ്റം തീർത്തല്ലാതെ അടുത്തദിവസം അയാൾ പള്ളിയിൽ പോയില്ല.

കുഴൽവെള്ളം നടപ്പിലായി.

നഗരത്തിലെ ജലധാരകളെല്ലാം മുപ്പതുദിവസ്സത്തിനകം മൂടണമെന്നും അങ്ങനെ ചെയ്യാത്തപക്ഷം നഗരസഭ ആ ജോലി ചെയ്യുമെന്നും ചെലവ് ഉടമസ്ഥനിൽനിന്ന് ഈടാക്കുമെന്നും തമുക്കടിച്ചു പരസ്യപ്പെടുത്തി.

ഉതുപ്പാന്റെ കിണറും നികത്തണം.

അയാൾ അധികാരികളെ കണ്ടു. അവിടെ നിരാശയാണുണ്ടായത്. പുത്തൻപരിഷ്കാരത്തെ പഴയ മനുഷ്യൻ പഴിച്ചു. കുറച്ചു കാലാവധി നീട്ടിക്കിട്ടാൻ അയാളപേക്ഷിച്ചു. അതും ഫലിച്ചില്ല. വൃദ്ധനു രണ്ടോ നാലോ പല്ലുണ്ടായിരുന്നത് നഗരസഭയുടെ നേരെ ഞെരിഞ്ഞു. വഴിക്കാരെ തടഞ്ഞുനിർത്തി അയാൾ നഗരസഭയെ ഭർത്സിച്ചുപറഞ്ഞു. സർക്കാരിൽ സങ്കടം ബോധിപ്പിച്ചു. അയാളുടെ സങ്കടത്തിൽ യാതൊരു ന്യായവും നീതിനിഷ്ഠമായ ഗവൺമെന്റ് കണ്ടില്ല. എന്തുവന്നാലും തന്റെ ജീവിതസർവസ്വമായ കിണർ മൂടുകയില്ലെന്ന് ആ പടുകിഴവൻ ശഠിച്ചു.

അന്നും ചിലർ പറഞ്ഞു: "ഉതുപ്പാൻചേട്ടനു പ്രാന്താണെന്നു തോന്നുന്നു." ഏതാണ്ടങ്ങനെ തോന്നും ആ സാധുവിനെക്കണ്ടാൽ. ഒരു യുവപരിഷ്കാരി പറയുകയാണ്: "ആ കിഴവന്റെ അവസാനം അതിലാണെന്നാ തോന്നുന്നത്." പലരും വൃദ്ധന്റെ ബദ്ധപ്പാടിനു കണ്ണും കരളും കൊടുത്തേ ഇല്ല. കുഴൽവെള്ളം കിട്ടിയപ്പോൾ കിണറിന്റെ കാര്യം എല്ലാവരും മറന്നു. നന്ദികെട്ട ലോകം! ഇപ്പോഴും മറക്കാത്തവരുണ്ട്– അതിൽ കല്ലിട്ടുകളിക്കുന്ന കുട്ടികൾ.

പട്ടണത്തിലുള്ള വാപികൂപങ്ങൾ അന്തർധാനംചെയ്തുതുടങ്ങി. ഉതുപ്പാന്റെ കുഴിഞ്ഞ കണ്ണുകൾ ആ സ്ഥാനം വഹിച്ചു. കുഴൽവെള്ളമുള്ളപ്പോൾ കിണറ് അനാവശ്യമാണെന്നും ഉപയോഗിക്കാതെ കിടക്കുന്ന കിണറ്റിൽ കൊതുകുണ്ടായി പൊതുജനാരോഗ്യം നശിപ്പിക്കുമെന്നും മറ്റുമുള്ള ഉപദേശങ്ങളാൽ അയാളെ സമാധാനപ്പെടുത്താനും കിണർ മൂടിക്കാനും മിത്രങ്ങൾ യത്നിച്ചു. കിഴവന്റെ ആശയുടെ അവസാന ഇഴയും പൊട്ടി.

സ്വന്തം ആളുകളും തനിക്കു ശത്രുക്കളാണല്ലോ എന്നു വൃദ്ധൻ അത്യന്തം വ്യാകുലപ്പെട്ടു. അയാളുടെ ഹൃദയം തപിച്ചു ദ്രവിച്ചു. കണ്ണുനീർ നേത്രങ്ങളിൽക്കൂടി നിർഗമിച്ച് മാറിടത്തെ മറച്ചുനിൽക്കുന്ന നരച്ച താടിയുടെ തുമ്പിൽ തൂങ്ങി.

കിണറു മൂടേണ്ട അവസാനദിവസവും ഇരുളിലാണ്ടു. പ്രകൃതി നിശ്ചലമായി. നഗരം വിശ്രമത്തിനു കൊതിച്ചു. വികാരവൈവശ്യമില്ലാത്തവരെ നിദ്രാദേവി തഴുകി.

ഉതുപ്പാൻ കിണറ്റുകരെ ചെന്നു. അവിടമെല്ലാം തൂത്തുവൃത്തിയാക്കി. അതിനു പലവുരു വലംവച്ചു. ഊഞ്ഞാലാടുന്നതുപോലെ അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അയാളുടെ മനസ്സും അതുതന്നെ ചെയ്തു. എത്രസമയം അങ്ങനെ കഴിഞ്ഞെന്ന് അയാളറിഞ്ഞില്ല. ലോകോപകാരത്തിനുള്ള തന്റെ ശ്രമഫലം, അനേകം ജീവന് ആശ്വാസം നൽകിയ അമൃ

തകലശം, ആത്മാവിന്റെ ഗതിക്കു മാർഗമെന്നു താൻ കരുതുന്ന പുണ്യവസ്തു, ആ കിണർ, കുഴിച്ച കൈകൊണ്ടുതന്നെ നികത്തുക! പിന്നെയും ജീവിച്ചിരിക്കുക, നന്മയെ തടയുന്ന നാഗരികതയുടെ കാലത്ത്, നന്ദികെട്ട ആളുകളുടെയിടയിൽ... ആ വൃദ്ധനേത്രങ്ങൾ കവിഞ്ഞൊഴുകി.




മനസ്സിന്റെ ആട്ടം നിന്നതോടെ ആ ദുർബലന്റെ കാൽപ്പെരുമാറ്റവും നിലച്ചു. അയാൾ കിണറ്റുമതിലിൽ ചാരിനിന്നു.

അയാൾ കിണറ്റുമതിലിൽ കയറി. ചന്ദ്രൻ ചോദ്യരൂപത്തിൽ ഇന്ദ്രദിക്കിൽനിന്ന് എത്തിനോക്കി. പൊട്ടാൻതുടങ്ങുന്ന മാറിടത്തെ അയാൾ ആ കുരിശടയാളത്തോടു ചേർത്തുവച്ചു, അങ്ങനെ നിന്നു. എത്ര നേരം നിന്നോ! അയാൾ പ്രാർഥിക്കുകയായിരുന്നോ? അയാളുടെ തലയെ താങ്ങാനുള്ള ശ്രദ്ധ കഴുത്തിനില്ലാതെ പോയി. ഒരുതുള്ളി വെള്ളമെങ്കിലും ആ കണ്ണിൽ ഊറിയില്ല. അയാളുടെ തൊണ്ട വരണ്ടു. ഹൃദയം തമ്പേരടിച്ചു. പള്ളിയിൽനിന്നു മണിനാദം മുഴങ്ങി. അയാൾ കേട്ടോ എന്നറിഞ്ഞില്ല, "ഇങ്ങോട്ടു വരിൻ, ഇവിടെ ആശ്വസിക്കാം" എന്നാരെങ്കിലും ആ ലോകോപകാരിയെ ക്ഷണിച്ചോ? അയാൾ അറിഞ്ഞുകൊണ്ടാണോ, ആ തെളിനീർ അയാളെ മാറോടണച്ചു. ആ കിണർ, ജനയിതാവിന്റെ മേൽ വെള്ളം തൂകി. അയാൾ സ്വന്തം കിണറ്റിൽനിന്ന് അന്ത്യമായി ജലപാനം ചെയ്തു. അയൽവീട്ടിലെ നായ് ചരമഗീതം പാടി. ചന്ദ്രന്റെ മുഖം വിളറി. ആ കിണർ ഉതുപ്പാന്റെ രഹസ്യത്തെ വിശ്വസ്തതയോടെ ഗോപനംചെയ്തു.

**(കാരൂരിന്റെ തിരഞ്ഞെടുത്ത കഥകൾ)**

- **"ഒരു കണ്ണീർക്കണം മറ്റു-**
  **ള്ളവർക്കായ് ഞാൻ പൊഴിക്കവേ**
  **ഉദിക്കയാണെന്നാത്മാവിൽ**
  **ആയിരം സൗരമണ്ഡലം."** (ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം- അക്കിത്തം)

  **ഈ ദർശനത്തിന്റെ വെളിച്ചത്തിൽ ഉതുപ്പാന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുക.**

- **'വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത്.'**

  **'അവിടെ ഒരു കുടിലുകെട്ടി പുട്ടും പഴവും വിറ്റിരുന്നെങ്കിൽ അവന്റെ ചെലവിനുള്ളത് കിട്ടിപ്പോയേനെ.'**

  **ഈ പ്രതികരണങ്ങളിൽ തെളിയുന്നത് സമൂഹത്തിന്റെ ഏതു മനോഭാവമാണ്? വിശകലനം ചെയ്യുക.**

- "ആ തെളിനീർ അയാളെ മാറോടണച്ചു. ആ കിണർ ജനയിതാവിന്റെ മേൽ വെള്ളം തൂകി. അയാൾ സ്വന്തം കിണറ്റിൽ നിന്ന് അന്ത്യമായി ജലപാനംചെയ്തു. അയൽ വീട്ടിലെ നായ് ചരമഗീതം പാടി. ചന്ദ്രന്റെ മുഖം വിളറി. ആ കിണർ ഉതുപ്പാന്റെ രഹസ്യത്തെ വിശ്വസ്തതയോടെ ഗോപനംചെയ്തു." -കഥാന്ത്യം സൃഷ്ടിക്കുന്ന സവിശേഷമായ ഭാവതലം ചർച്ചചെയ്യുക.
- – "ജലക്കുഴലുകൾ സ്ഥാപിക്കാൻ ചാലുതോണ്ടിയ വേലക്കാർ ആ കിണറ്റിന്റെ ചുറ്റുതറയിൽ കുറേ പൊളിച്ചുകളഞ്ഞു. ഉതുപ്പാന്റെ ഹൃദയം നൊന്തു. ആ അറ്റകുറ്റം തീർത്തല്ലാതെ അടുത്ത ദിവസം അയാൾ പള്ളിയിൽ പോയില്ല."
  – "ഒരു കൽത്തൊട്ടിയുണ്ടാക്കിയിടണം. പശുക്കളും വെള്ളം കുടിക്കട്ടെ."

ഉതുപ്പാന്റെ സ്വഭാവത്തിന്റെ സവിശേഷതകൾ പ്രകടമാകുന്ന ഇത്തരം സന്ദർഭങ്ങൾ കണ്ടെത്തി അവയുടെ അടിസ്ഥാനത്തിൽ കഥാപാത്രനിരൂപണം തയാറാക്കുക.

- കേസരി എ. ബാലകൃഷ്ണപിള്ള സാഹിത്യത്തെക്കുറിച്ച് അവതരിപ്പിക്കുന്ന കാഴ്ചപ്പാട് പരിശോധിക്കൂ.

ഒരു സാഹിത്യകൃതിയിൽ രണ്ട് പ്രധാന അംശങ്ങളാണുള്ളത്. ഒന്ന് മാനസികമായ നിരീക്ഷണശക്തിയും മറ്റേത് വായനക്കാരന്റെ മനസ്സിൽ സ്തോഭം ജനിപ്പിക്കുന്നതിനുള്ള ശക്തിയുമാകുന്നു. വായനക്കാരന്റെ മനസ്സിനെ ഇളക്കുന്നതിനുള്ള ശക്തി അയാളുടെ ചിന്തയും വികാരങ്ങളും വഴിതെറ്റിപ്പോകാതെയും അയാളിൽ അസംഗതങ്ങളായ സാഹചര്യങ്ങൾ ഉദിക്കാതെയും ഇരിക്കത്തക്കവണ്ണം പ്രവർത്തിക്കുന്നതിലും ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന ദിക്കിലേക്കു മാത്രം വായനക്കാരന്റെ മനസ്സിനെ സദാ നയിച്ചുകൊണ്ടിരിക്കുന്നതിലുമാണ് ഏറിയ കൂറും സ്ഥിതിചെയ്യുന്നത്. ഒടുക്കം പ്രസ്താവിച്ചതായ ഈ ശക്തി അഭ്യാസം കൊണ്ട് ഒരാൾക്ക് വശമാക്കാൻ കഴിയുന്നതത്രേ. ഇതാണ് സാഹിത്യനിർമാണരീതി അഭ്യസിപ്പിക്കാമെന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത്.

ഒരു സാഹിത്യകൃതി വായനക്കാരന്റെ മനസ്സിൽ സ്തോഭം ജനിപ്പിക്കുന്നത് സാങ്കേതികമാർഗം (technique), രീതി (style) എന്ന രണ്ടു മാർഗങ്ങളിൽക്കൂടിയാകുന്നു. ഭൗതികവസ്തുക്കൾ, മനുഷ്യരുടെ സ്വഭാവം, വികാരം, പ്രവൃത്തി മുതലായ ഒരു സാഹിത്യകാരന്റെ അസംസ്കൃത സാധനങ്ങളിൽ (materials), ആലങ്കാരികഭാഷയിൽ പറയുകയാണെങ്കിൽ വിഭാവനാംശങ്ങളിൽ അയാൾ തന്റെ കൃതിയെ നിർമിക്കാൻ വേണ്ടി സൃഷ്ടിപരമായി ചെയ്യുന്ന പ്രവൃത്തിയാണ് സാങ്കേതികമാർഗം. പ്രസ്തുത അസംസ്കൃത സാധനങ്ങളിൽ പലതിനെയും ത്യജിച്ച് ചിലതിനെ അയാൾ സ്വീകരിക്കേണ്ടതായി വരും. സ്വീകരിക്കുന്ന ചിലതിനെത്തന്നെ തന്റെ കൃതിക്ക് അനുയോജ്യമായ വിധത്തിൽ വെട്ടിക്കുറയ്ക്കേണ്ട കർത്തവ്യവും അയാൾക്കുണ്ട്.

തന്റെ അസംസ്കൃതസാധനങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഒരു സാഹിത്യകാരനെ പ്രേരിപ്പിച്ച രസത്തെ (value) തന്റെ കരുക്കളായ (medium) വാക്കുകളെയും ആശയക്കരുക്കളെയും (thought forms) കൊണ്ടു മനസ്സിൽ നിന്ന് തന്റെ കൃതിയിലേക്കു പകർത്തുന്ന വിധത്തിനാണ് രീതി (style) എന്നു പേരു കൊടുത്തിട്ടുള്ളത്.

ഭാഷകളുടെ സ്വഭാവഭേദങ്ങളും വ്യക്തികളുടെ ജന്മസിദ്ധമായ സ്വഭാവഭേദങ്ങളുമനുസരിച്ച് രീതികളും മാറിയിരിക്കും. രണ്ടു പേർ ഒരേ മാനസികവും ശാരീരികവുമായ ഘടനയോടുകൂടി, ഒരേസമയത്ത്, ഒരേ പരിതഃസ്ഥിതിയിൽ രണ്ടു വിഭിന്ന ഭാഷകൾ സംസാരിക്കുന്ന രണ്ടു രാജ്യങ്ങളിൽ ജനിക്കുകയും അവർ ഒരേ സന്ദേശം സാഹിത്യം മുഖേന ലോകത്തിനു നൽകാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നു വിചാരിക്കുക. എന്നാലും ഭാഷ

കളുടെ വ്യത്യാസം നിമിത്തം ഇവരുടെ സന്ദേശങ്ങൾക്കു തമ്മിൽ വ്യത്യാസമുണ്ടായിത്തന്നെ ഇരിക്കുന്നതാണ്. ഇതുപോലെ ഒരു വ്യക്തിയുടെ രീതിക്ക് മറ്റൊരുവന്റേതിനോട് ഒരിക്കലും സമ്പൂർണമായ സാദൃശ്യമുണ്ടായിരിക്കുകയില്ല. ഒരു മനുഷ്യന്റെ രീതി അയാളുടെ സ്വഭാവത്തിന്റെ പ്രത്യേകതയെ സൂചിപ്പിക്കുക തന്നെ ചെയ്യും. ഇതു നിമിത്തമാണ് രീതി എന്നത് ആ മനുഷ്യൻ തന്നെ എന്ന ചൊല്ല് ഉണ്ടായിട്ടുള്ളത്. രീതിയിൽ നിന്ന് മനുഷ്യരുടെ മാനസികങ്ങളും വികാരപരങ്ങളുമായ സ്വഭാവവ്യത്യാസങ്ങൾ സാമാന്യമായി കണ്ടുപിടിക്കാൻ കഴിയും.

**(രൂപമഞ്ജരിയുടെ മുഖവുരയിൽ നിന്ന്)**
**കേസരി എ. ബാലകൃഷ്ണപിള്ള**

- സാഹിത്യരചനയെക്കുറിച്ചുള്ള എന്തൊക്കെ തത്ത്വങ്ങളാണ് കേസരി മുന്നോട്ടുവയ്ക്കുന്നത്?
- 'ഉതുപ്പാന്റെ കിണറു'മായി ബന്ധിപ്പിച്ച് അവ വിശദീകരിക്കൂ.

# അടുത്തൂൺ

അക്കിത്തം

പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നു
മുട്ടി വാത്സല്യത്തോടെ കുശലം ചോദിക്കുന്നു:
"അടുത്തൂൺ പറ്റി സ്വന്തം ഗ്രാമത്തിലൊരു മാസം
മടുപ്പൻ വൈചിത്ര്യരാഹിത്യത്തിലുയിർത്തോനേ,
ഇച്ചാരുകസേലയിൽ ഭൂതകാലാഹ്ലാദത്തി-
ന്നുച്ഛിഷ്ടം നുണച്ചുകൊണ്ടിരിക്കും പാവത്താനേ,
മതിയായില്ലേ നിനക്കേകാന്തനിദ്രാണത്വം?"
ഗതിമുട്ടിയ ഞാനൊരുത്തരം കണ്ടെത്തുന്നു:
"മുറ്റത്തു വർഷം തോറും വിടർന്നു വാടാറുള്ള
മുക്കുറ്റിപ്പൂവിന്നിതളെത്രയെന്നറിയാതെ
അമ്പത്തൊമ്പതു വർഷം കടന്നുപോയെന്നുള്ളൊ-
രമ്പരപ്പാണീ മുഹൂർത്തത്തിലെന്നന്തർഭാവം.
പറവൂ നിസ്സന്ദേഹമിന്നു ഞാൻ മുക്കുറ്റിപ്പൂ
കരളിൽത്തുടുപ്പോലുമഞ്ചിതളുകളത്രേ"
പിന്നെയും മാസം രണ്ടു നീങ്ങവേ, സുവിനീത-
മെന്നാത്മസദനത്തിൽ സുപ്രഭാതത്തോടൊപ്പം
ജീപ്പിൽ വന്നിറങ്ങുന്നു നഗരം വീണ്ടും; കാതിൽ-
കേൾപ്പൂ ഞാൻ: "ഇപ്പോളെന്തു ചെയ്വു നീ ജീവാത്മാവേ?
മൂന്നു മാസമായല്ലോ ഗ്രാമജീവിതത്തിന്റെ
മൂകവേദനയിങ്കൽ നീ മുങ്ങിക്കിടക്കുന്നു!
മടുത്തില്ലയോ നിനക്കേകതാനത?" ഞാനോ,
മനസ്സിൽപ്പരക്കംപാഞ്ഞൊടുവിൽപ്പറയുന്നു:
"മുക്തകണ്ഠം ഞാനിന്നു ഘോഷിപ്പൂ നിസ്സന്ദേഹം
മുറ്റത്തെ നിലപ്പനപ്പൂവിനാറിതളത്രേ!'

(ആലഞ്ഞാട്ടമ്മ)

- 'പറവു നിസ്സന്ദേഹമിന്നു ഞാൻ മുക്കുറ്റിപ്പൂ
കരളിൽത്തുടുപ്പോലുമഞ്ചിതളുകളത്രേ'

'മുക്തകണ്ഠം ഞാനിന്നു ഘോഷിപ്പൂ നിസ്സന്ദേഹം
മുറ്റത്തെ നിലപ്പനപ്പൂവിനാറിതളത്രേ.'

  - അടിവരയിട്ട പദങ്ങൾ കവിയുടെ ഏത് മനോഭാവത്തെയാണ് കാണിക്കുന്നത്?
  - ഈ കാഴ്ചപ്പാട് വിലയിരുത്തുക.
- 'അടുത്തൂൺ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയാറാക്കുക.
- 'സുപ്രഭാതത്തോടൊപ്പം ജീപ്പിൽ വന്നിറങ്ങുന്ന നഗരം' - ഈ പ്രയോഗത്തിൽ എന്തൊക്കെ ഭാവങ്ങൾ തെളിയുന്നുണ്ട്? കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കൂ.

# കടലിന്റെ വക്കത്ത് ഒരു വീട്

മാധവിക്കുട്ടി



മുണ്ഡനം ചെയ്തിരുന്ന തന്റെ ശിരസ്സിൽ അവൾ മർദിച്ചതുകൊണ്ടല്ല അറുമുഖത്തിനു ദേഷ്യം വന്നത്. അത് അവളുടെ പതിവാണ്. പക്ഷേ, അപരിചിതനായ ആ യുവാവിന്റെ മുമ്പിൽവച്ച് അവൾ തന്നെ അപമാനിക്കരുതായിരുന്നു. താൻ അവളുടെ കണവനാണ്. അവൾക്ക് ആഹാരം തേടിക്കൊണ്ടുവന്നു കൊടുക്കുന്നതും താൻമാത്രമാണ്. താൻ ബുദ്ധിപൂർവം അവൾ പറഞ്ഞതെന്തും അനുസരിച്ച് ജീവിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ വലിയ നഗരത്തിൽ റോഡരുകിൽ കിടന്നുറങ്ങേണ്ടിവരുമായിരുന്നില്ല, ശരിയാണ്. പക്ഷേ, പണം വന്നുകൊണ്ടിരിക്കുന്ന ആ കാലത്ത് തനിക്ക് അഹംഭാവമായിരുന്നു. ഫാക്ടറിയുടെ കാവൽക്കാരനായ തനിക്ക് സ്വല്പം മദ്യപിക്കുവാൻ ഭാര്യയുടെ അനുവാദം വേണമെന്നില്ലല്ലോ. ആരറിഞ്ഞു ഫാക്ടറിയുടമ ഒരു രാത്രി അവിടെയെത്തി തന്നെ ഒരു മുഴുത്ത മദ്യപാനിയായിക്കാണുമെന്ന്? ജോലിയിൽ നിന്ന് പുറത്താക്കിയിട്ട് ആറു മാസക്കാലമായി. വീടില്ല, വീട്ടുസാമഗ്രികളില്ല, പൈസയുമില്ല. എസ്സോ പാർക്കിന്റെയരികിൽ കടൽക്കാറ്റും ഏറ്റുകൊണ്ട് താനും അവളും ജീവിക്കുന്നു. രസ്ന എന്ന രണ്ടാംതരം ഭക്ഷണശാല യാചകർക്ക് സൗജന്യമായി പഴകിയ ഭക്ഷണപദാർഥങ്ങൾ വിതരണം ചെയ്യുമ്പോൾ താൻ അവ സമ്പാദിച്ച് ഭാര്യയ്ക്ക് കൊണ്ടുപോവും. അവൾ എല്ലാം രണ്ടായി ഭാഗിച്ച് കടലാസുകീറുകളിൽ വിളമ്പും...

'അമ്മാ, നിങ്ങളെ കണ്ടാൽ ആരും പറയില്ല വീടില്ലാത്തവരാണെന്ന്.' ചുവന്ന തലക്കെട്ടു ധരിച്ച ചെറുപ്പക്കാരൻ പറഞ്ഞു. നിങ്ങൾ അയ്യാവിക്ക് ഭക്ഷണം വിളമ്പിക്കൊടുക്കുന്നതു

കണ്ടപ്പോൾ ഞാൻ പറഞ്ഞുപോയി: 'ഗൃഹ ലക്ഷ്മി, ഒന്നാന്തരം ഗൃഹലക്ഷ്മി'.

അറുമുഖത്തിന്റെ ഭാര്യ തന്റെ കറുത്ത ചേല ത്തുമ്പുകൊണ്ട് കണ്ണുകൾ തുടച്ചു.

'എന്തുചെയ്യാം.' അവർ പറഞ്ഞു: 'ഈ വിവര മില്ലാത്തവൻ കള്ളുംകുടിച്ച് നല്ല ഉദ്യോഗം കള ഞ്ഞുകുളിച്ചില്ലേ? ഇനി എനിക്ക് എന്നാണ് ഒരു വീടുണ്ടാവുക? എന്റെ ജീവിതം നശിച്ചു'.

'അങ്ങനെ പറയരുത് അമ്മാ.' ആ യുവാവ് പറഞ്ഞു: 'നിങ്ങൾക്ക് ഒരു ധനികകുടുംബ ത്തിൽ ആയയുടെ ജോലി കിട്ടില്ല എന്ന് തീർച്ച യില്ലല്ലോ? എന്റെ അമ്മ ഒരു പാർസികുടും ബത്തിൽ ആറുകൊല്ലം ആയയായി പാർത്തു. കുട്ടികളെ കുളിപ്പിക്കുക, അവരെ പാർക്കിൽ കൊണ്ടുപോവുക, അവരെ കിടത്തിയുറക്കുക – അത്രമാത്രം ജോലി. ശമ്പളം അറുപതു രൂപാ യും. ഓരോ വർഷാരംഭത്തിലും നാലു സാരി കൾ സമ്മാനമായി കിട്ടുകയും ചെയ്യും. ഭക്ഷ ണമോ? ഒന്നാന്തരം. ദിവസേന മാംസം വരട്ടി യതും കോഴിയും മറ്റും തിന്നാം. അമ്മ മരിക്കു ന്നതുവരെ ആ വീട്ടിൽ സുഖമായി ജീവിച്ചു.'

'എനിക്ക് അത്തരം ഒരു ജോലി നീ ശരിയാ ക്കിത്തരുമോ?' അറുമുഖൻ ചോദിച്ചു: 'എനിക്ക് അത്തരം ഭക്ഷണമാണ് രുചിക്ക് ഇണങ്ങുക.'



യുവാവ് ഉറക്കെ ചിരിച്ചു. 'ഇല്ല, അണ്ണാ,' അയാൾ പറഞ്ഞു: 'നിങ്ങൾക്ക് ഈ ജന്മത്തിൽ ഒരായയുടെ ഉദ്യോഗം കിട്ടുകയില്ല. ആയ യാവാൻ പെണ്ണായി ജനിക്ക ണം.'

അറുമുഖൻ ഇച്ഛാഭംഗ ത്തോടെ മുഖം തിരിച്ചു. പാർക്കിൽ ഇരുട്ടു വ്യാപിച്ചു തുടങ്ങിയിരുന്നു. കുട്ടികളെ ല്ലാവരും പോയിക്കഴിഞ്ഞിരു ന്നു. കാവൽക്കാരൻ ഗേറ്റ് അടച്ചുപൂട്ടുകയായിരുന്നു. 'എനിക്ക് അത്തരത്തിൽ ഒരു ജോലി സമ്പാദിച്ചുതരുമോ?' അറുമുഖന്റെ ഭാര്യ ചോദിച്ചു.

'ഞാൻ ശ്രമിക്കാം.' യുവാവ് പറഞ്ഞു: 'പ്രയാ സമാണ്. കാരണം ഇപ്പോൾ ആർക്കും തമ്മിൽത്തമ്മിൽ വിശ്വാസമില്ല. ചെന്നുകയറു മ്പോൾത്തന്നെ സർട്ടിഫിക്കറ്റുകൾ എവിടെ എന്നാണ് അവർ ചോദിക്കുക. ഞാൻ കുറേ സ്ഥലങ്ങളിലായി അലഞ്ഞുനടക്കുന്നു. ഒരു മാർഗവുമില്ലാതെ ഞാൻ കുറേക്കാലം തീവണ്ടി യിൽ കയറി സിനിമാപ്പാട്ടുകൾ പാടി കാശു ണ്ടാക്കി. ഇപ്പോൾ അതും പ്രയാസമായി. എന്റെ പ്രായം തെറ്റി. കുട്ടികളെ മാത്രമേ തീവണ്ടി യിൽ പാട്ടു പാടുവാൻ റെയിൽവേക്കാർ സമ്മ തിക്കുകയുള്ളൂ.'

'നിങ്ങൾ പാട്ടു പാടുമോ?' അറുമുഖന്റെ ഭാര്യ ചോദിച്ചു. എനിക്ക് പാട്ടു കേൾക്കുവാൻ വളരെ ഇഷ്ടമാണ്. തിരുനെൽവേലിയിൽ, ഞാനൊരു കുട്ടിയായിരുന്നപ്പോൾ എന്റെ അയൽവക്കത്ത് ഒരു ഭാഗവതരായിരുന്നു താമസിച്ചിരുന്നത്. രാവിലെ ഞാൻ പാട്ടുകേട്ടുകൊണ്ടാണ് ഉറ ക്കത്തിൽ നിന്ന് എഴുന്നേറ്റിരുന്നത്.'

'പാട്ടുകേട്ട് ഉണരുവാനും കുറച്ചു ഭാഗ്യം വേണം.' യുവാവ് പറഞ്ഞു.

അറുമുഖന് ഈ വിഷയം മുഷിപ്പനായി ത്തോന്നി. അയാൾ ഒരു കടലാസ് നിവർത്തി ഫുട്പാത്തിൽ വിരിച്ച് അതിൽ ചുരുണ്ടുകൂടി ക്കിടന്നു.

'എന്തു ഭാഗ്യം!' ആ സ്ത്രീ ഉറക്കെ പറഞ്ഞു: 'എനിക്ക് എന്തു ഭാഗ്യമാണ് ഇപ്പോൾ? കിട ക്കാൻ വീടില്ല, കൈവശം ഒരൊറ്റ പൈസയി ല്ല, ഒന്നിനും കൊള്ളാത്ത ഒരു വൃദ്ധന്റെ പെണ്ണാ യിപ്പോയല്ലോ ഞാൻ...' അവർ വീണ്ടും കണ്ണു കൾ തുടച്ചു.

'അങ്ങനെ വ്യസനിക്കരുത്.' യുവാവ് പറഞ്ഞു: 'കടലിന്റെ വക്കത്തു പാർക്കുവാനും ഭാഗ്യം വേണം. രാത്രിയിൽ കടലിന്റെ പാട്ടും കേട്ട് നക്ഷത്രങ്ങളും നോക്കിക്കൊണ്ടു മലർന്നു കിട ക്കുവാനുള്ള ഭാഗ്യം നിങ്ങൾക്കില്ലേ?'

അറുമുഖന്റെ ഭാര്യ തലകുലുക്കി.

'ഞാൻ പോയിവരട്ടെ.' അയാൾ പറഞ്ഞു: 'എന്റെ കൂട്ടുകാർ എന്നെക്കാത്തു വി.ടി. സ്റ്റേഷനിൽ നിൽക്കുന്നുണ്ടാവും. ഞങ്ങൾ ഇന്നു മദിരാശിക്ക് വണ്ടി കയറുകയാണ്'. അറുമുഖന്റെ ഭാര്യ തന്റെ ചെറിയ ഭാണ്ഡത്തിൽനിന്ന് അറ്റം പിഞ്ഞിയതെങ്കിലും കട്ടിയുള്ള ഒരു രോമപ്പുതപ്പെടുത്ത് അയാൾക്കു നീട്ടി.'എന്റെ ഓർമയ്ക്ക് ഇത് കൈയിലിരിക്കട്ടെ.' അവർ പറഞ്ഞു.

'നിങ്ങൾ ശരിക്കും മഹാലക്ഷ്മിയുടെ അവതാരമാണ്'. ആ യുവാവ് പറഞ്ഞു. അയാൾ നടന്നകന്നുകഴിഞ്ഞപ്പോൾ അറുമുഖൻ എഴുന്നേറ്റിരുന്നുകൊണ്ടു ചോദിച്ചു: 'നമ്മുടെ ആകെയുള്ള ഒരു സ്വത്തായിരുന്നു ആ പുതപ്പ്. മഴക്കാലം വന്നാൽ ഇനി നമുക്കെവിടെയാണ് ഒരു രക്ഷ? അത് നീ എന്തിന് അവന് കൊടുത്തു?'

'അയാൾ എന്നോട് സംഗീതത്തെപ്പറ്റി സംസാരിച്ചു.' ആ സ്ത്രീ പുഞ്ചിരിയോടെ പറഞ്ഞു.

(മാധവിക്കുട്ടിയുടെ സമ്പൂർണകൃതികൾ)

- "നമ്മുടെ ആകെയുള്ള സ്വത്തായിരുന്ന ആ പുതപ്പ്. മഴക്കാലം വന്നാൽ ഇനി നമുക്കെവിടെയാണ് ഒരു രക്ഷ? അത് നീ എന്തിന് അവന് കൊടുത്തു?"

  "അയാളെന്നോട് സംഗീതത്തെക്കുറിച്ച് സംസാരിച്ചു"- ആ സ്ത്രീ പുഞ്ചിരിയോടെ പറഞ്ഞു.


  തന്റെ ഏകസ്വത്തായ കമ്പിളിപ്പുതപ്പ് ചെറുപ്പക്കാരന് സമ്മാനിച്ച അറുമുഖത്തിന്റെ ഭാര്യയുടെ പ്രവൃത്തി നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?
- കടുത്ത ദുരിതങ്ങൾക്കിടയിലും പ്രസാദാത്മകത നിലനിർത്തുന്ന കഥാപാത്രമാണ് കഥയിലെ യുവാവ്. കഥാസന്ദർഭങ്ങൾ മുൻനിർത്തി ചർച്ചചെയ്യുക.
- "പൃഥ്വിയിലന്നു മനുഷ്യർ നടന്ന പ-
  ഥങ്ങളിലിപ്പോഴധോമുഖവാമനർ
  ഇത്തിരിവട്ടം മാത്രം കാണ്മവർ
  ഇത്തിരിവട്ടം ചിന്തിക്കുന്നവർ" (ഓണപ്പാട്ടുകാർ- വൈലോപ്പിള്ളി)

  പുതിയ കാലത്തെ മനുഷ്യാവസ്ഥയാണോ ഈ കവിതയിൽ സൂചിപ്പിക്കുന്നത്?

  ഒരു പൊതുചർച്ച സംഘടിപ്പിക്കുക.

# 5

# ദേശപ്പെരുമ




കൃഷ്ണപ്പണിക്കർ സ്മാരകവായനശാല, പൊന്നാനി

- ഇത് ഒരു ഗ്രാമീണവായനശാലയുടെ ചിത്രം. ഇതുപോലെ നിങ്ങളുടെ പ്രദേശത്തെ പ്രധാനമെന്നു തോന്നുന്ന ഒരു ദൃശ്യം ആവിഷ്കരിക്കുക.


# പൊന്നാനി

നമ്പൂതിരി




**തൃക്കാവ്** അമ്പലമാണ് ഞങ്ങളുടെ പ്രധാനക്ഷേത്രം. സാമൂതിരിയുടെ വക തര പ്പെടുത്തിയത് എന്നു പറയുന്നതാവും ശരി. നാലു പുറവും പട്ടന്മാരുടെ മഠങ്ങൾ. സമൂഹമഠം. തൃക്കാവാണ് ഞങ്ങളുടെ കേന്ദ്രം. അവിടെയായിരുന്നു ആദ്യം ഞങ്ങ ളുടെ പാർപ്പ്.

തൃക്കാവിൽ ദുർഗയുടെ പ്രതിഷ്ഠയാണ്. അവിടത്തെ നവരാത്രി പ്രസിദ്ധമാണ്. സദ്യ കെങ്കേമം.



തൃക്കാവ് ക്ഷേത്രം



കരുവാട് മന

ഒമ്പതു ദിവസവും തായമ്പക. ഈരണ്ടും മൂമ്മൂന്നും തായമ്പക ഓരോ ദിവസവും. കേരളത്തിലെ എല്ലാ യോഗ്യന്മാരായ കൊട്ടുകാരും വരും. ഇന്നറിയുന്ന തൃത്താല കേശവന്റെ മുത്തച്ഛൻ (അമ്മേടച്ഛൻ) മലമക്കാവ് കേശവപ്പൊതുവാൾ ഉണ്ടാവും. അതുപോലൊരു തായമ്പക നിരീക്കാൻ പ്രയാസം. അനുജൻ അച്യുതപ്പൊതുവാൾ തന്നെ അസാധ്യം.

അവിടെ തായമ്പക ആസ്വദിക്കുന്നവർ ധാരാളം. ചിലർ നല്ല മേളക്കാരുമാണ്. എന്നാൽ ഇപ്പോൾ പഴേമാതിരി സദ്യയില്ല. പണ്ട് ഊണ് പലേടത്തായിട്ടാണ്. ആദ്യം അമ്പലത്തിനുള്ളിൽ, പിന്നെ സമൂഹമഠത്തിൽ. ഇങ്ങനെ സദ്യനടത്താൻ പട്ടന്മാരും സേട്ടുമാരും മത്സരമാണ്. ഒരു കൂട്ടർ ഒരു ദിവസത്തെ മുഴുവൻ ഏർപ്പാടും ഏൽക്കും. ദിവസം ചെല്ലുന്തോറും സദ്യ ഗംഭീരമായി വരും.




മലമക്കാവിൽ
കേശവപ്പൊതുവാൾ



ഒരു ഊണൊരുക്കം

പഴയൊരു തുറമുഖമായിരുന്നു പൊന്നാനി. അങ്ങനെയാണ് അവിടെ കച്ചവടതാല്പര്യമുള്ള വർ ചേക്കേറിയത്. തമിഴ് ബ്രാഹ്മണരും ധാരാളം വന്നു. അവരുടെ വരവിന് മറ്റൊരു കാരണം കോടതിയാണ്. ഹൈസ്കൂൾ മാഷന്മാരായും ആദ്യം വന്നത് അവരാണ്.



പൊന്നാനി മുൻസിഫ്
കോടതി



ഗുരുവായൂർക്ക്

അവിടത്തെ സംസ്കാരത്തെ സ്വാധീനിച്ച ഒന്നാണ് കനോലി കനാൽ. പൊന്നാനി യിൽ കൂടി ഇതു പോകുന്നു, വടകര വരെ. കായലുകളും പുഴകളും മുറിച്ചുമുറിച്ചാണ് ഇതു കടന്നുപോകു ന്നത്. ഭാരതപ്പുഴയിൽ നിന്ന് തിരൂർക്ക് ഒരു കൈവഴിയുണ്ട്. പൊന്നാനി അങ്ങാടി വഴി. രണ്ടു ഭാഗത്തും മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്നു.




ജമാഅത്ത് വലിയപള്ളി.

കനാലിന്റെ പാലമുണ്ട്; കുട്ടവൈശ്യരുടെ പാലം. അവിടെ വലിയ തോണി കിടക്കും. പത്തുമണിക്കാണത് പുറപ്പെടുക. വെളിച്ചമാവുമ്പോൾ ചാവക്കാട്ടെത്തും. അവിടെയിറങ്ങി നടന്ന് ഗുരുവായൂർക്ക്.



കുട്ടവൈശ്യരുടെ പാലം



ഹരിക്കാരന്റെ അകമ്പടിയിൽ
മുറജപത്തിന്


തിരുവനന്തപുരം വരെ എത്താനുള്ള ജലപാതയുടെ ഭാഗമാണ് കനോലി കനാൽ. മുറജപത്തിന് നമ്പൂതിരിമാർ പോയിരുന്നത് ഇതുവഴിയാണ്. രണ്ടു സംഘമായാണ് അവർ പോവുക പതിവ്- ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ സംഘവും തിരുനാവായ വാധ്യാന്റെ സംഘവും. സ്റ്റേറ്റ് ഗസ്റ്റായാണ് ഇരുവരും തിരുവനന്തപുരത്ത് എത്തുക. കൂട്ടിക്കൊണ്ടുപോകാൻ കൊട്ടാരത്തിൽ നിന്ന് ഹരിക്കാരനെ അയയ്ക്കും.

**(രേഖകൾ)**

- ദേശത്തെ വരയ്ക്കുമ്പോൾ ഏതെല്ലാം ഘടകങ്ങൾക്കാണ് നമ്പൂതിരി പ്രാധാന്യം നൽകിയിട്ടുള്ളത്? ചിത്രങ്ങൾ നിരീക്ഷിച്ച് കണ്ടെത്തൂ.
- ദേശത്തെ എഴുത്തിലും ആവിഷ്കരിക്കാമല്ലോ. നിങ്ങളുടെ ദേശവിശേഷങ്ങൾ ചെറുകുറിപ്പുകളായി അവതരിപ്പിക്കൂ.

# തട്ടകം

കോവിലൻ



**ഉ**ണ്ണീരി മുത്തപ്പൻ ചന്തയ്ക്കു പോയി.

ഏഴരവെളുപ്പിനെണീറ്റ് കുളിച്ചു കുറിയിട്ട് കുടുമയിൽ തെച്ചിപ്പൂചൂടി ഉണ്ണീരിക്കുട്ടി പുറപ്പാടൊരുങ്ങി.

അരമടിശ്ശീലകെട്ടി അരവാൾ ചുറ്റി ഉണ്ണീരി പുറപ്പെട്ടു. എന്റച്ഛാ എന്റമ്മേ ഒരു കരിക്ക് കന്നിനെ വേണം. വാണിയംകുളം ചന്തയ്ക്ക് പോയ് വരട്ടെ. അച്ഛനെ വണങ്ങി, അമ്മയെ വണങ്ങി ഉണ്ണീരിക്കുട്ടി യാത്ര ചോദിച്ചു. പാളപ്പൊതിയും പാണക്കോലും എടുത്ത് ഉണ്ണീരി മുറ്റത്തിറങ്ങി. അലരിത്തറയിൽ പറക്കുട്ടിയെ കുമ്പിട്ട്, കൽത്തറയിൽ മലവായിയെ തൊഴുത്, പടിപ്പുരയിൽ ഇറയത്തുവെച്ച ഓലക്കുടയെടുത്ത്, ഗുരുവിനെ സ്മരിച്ച്, ഗുരുനാഥന്മാരെ സ്മരിച്ച് ഉണ്ണീരി പടിക്കെട്ടിറങ്ങി. പനമ്പാട്ടെ പടിപ്പുരയിൽ ചെന്ന് ഉണ്ണീരി കമ്മളുട്ടിയെ തുണകൂട്ടി.

പെരുവല്ലൂർ പാറമേൽ മാണിക്കനെഴുത്തച്ഛൻ എഴുത്തിനിരുത്തിയ അന്നുതുടങ്ങി കമ്മളുട്ടിയും ഉണ്ണീരിക്കുട്ടിയും കൂട്ടുകാരായിരുന്നു. എഴുതാനും ഓലവാരാനും അവർ ഒരുമിച്ച് പഠിച്ചു. കണ്ണഞ്ചിറ പടിഞ്ഞാറെപ്പാട്ട് കളരിയിൽ കുഞ്ചിട്ടിപ്പണിക്കരോട് അവർ ഇരുവരും അമരവും കാവ്യവും പഠിച്ചു. കോൽക്കളിയും വടിത്തല്ലും അഭ്യസിച്ച് അവർക്കന്യോന്യം കണ്ണുറച്ചു. കണ്ണഞ്ചിറ കിഴക്കെപ്പാട്ട് കളരിയിൽ അവർ കച്ചകെട്ടിപ്പയറ്റി, അവരുടെ മെയ്യുറച്ചു. ആയുധങ്ങളും ആയോധനമുറകളും അവർ അഭ്യസിച്ചുറപ്പിച്ചു. ഇതിനിടയിൽ അവർ അന്യോന്യം പേരും മറന്നു. പനമ്പാട്ടെ ഗോയിന്നൻ നായർ ഉണ്ണീരിയുടെ കമ്മളുട്ടി മാത്രമായി. വാരപ്പറമ്പിൽ ഉണ്ണീരിക്കുട്ടി കമ്മളുട്ടിയുടെ ഉണ്ണ്യൂട്ടിയും ആയി.

മുപ്പിലിശ്ശേരിയും പന്നിശ്ശേരിയും കടന്ന് വെട്ടുകാടും കടന്ന് രസം പറഞ്ഞ് കഥ പറഞ്ഞ് ചങ്ങാതിമാർ നടന്നു. മിന്നം വെളുക്കുംമുമ്പെ കേച്ചേരിപ്പുഴ കടന്ന് പെരുമലയും കോടേരിക്കുന്നും മറിഞ്ഞ് അവർ പോയി. നാടായ നാടെല്ലാം നടന്ന് കാടായ കാടൊക്കെ കടന്ന് അവർ രണ്ടുവാലിയക്കാർ ചന്തയ്ക്കുപോയി. അവർക്കൊരു ഭയമില്ല, അവർക്കൊരു ശങ്കയുമില്ല. ഒരുത്തനൊരുത്തൻ മുമ്പും പിമ്പും തുണ നിൽക്കുമ്പോൾ ഏതു കൊങ്ങിലും അവർ പോയിവരും. പറങ്കിമലയും കയറിവരും.

പട്ടാമ്പിപ്പുഴയിൽ കൈകാൽമുഖം കഴുകി അവർ പാളപ്പൊതികൾ അഴിച്ചു. കൈവായ് കഴുകി നിവർന്ന് അനങ്ങൻമല നോക്കി അവർ നടന്നു. കല്ലടിക്കോടൻമല കണ്ട് തൊഴുതു കുമ്പിട്ടു. കവളപ്പാറയിൽ പെരുവഴിയമ്പലത്തിൽ അവർ അന്നത്തെ രാവുപുലർത്തി. വഴിയമ്പലത്തിൽ തെക്കരും വടക്കരും വന്നുകൂടിയിരുന്നു. പകിടകളിയും വടക്കൻപാട്ടും

കണ്യാർകളിയും ഉണ്ടായിരുന്നു. ആദ്യത്തെ കുക്കുടാൻ കൂവിയപ്പോൾ അവർ എണീറ്റു. മിന്നം വെളുക്കുംമുമ്പേ അവർ പുറപ്പെട്ടു. കൊങ്ങിണിയുടെ തണ്ണീർപ്പന്തലിൽ അവർ കത്തലടക്കി. മുട്ടിയുരുമ്മി ചന്തയിൽ കയറി അവർ കന്നിനെ നോക്കി നടന്നു.

ഉണ്ണീരിക്കുട്ടിക്കു പോത്തുവേണം, ഉണ്ണീരിക്കുട്ടി പോത്തുകളെ കണ്ടെടുത്തു. ഒരു ചെമ്പൻ, ഒരു കാരി, ചെമ്പനും കാരിക്കും പല്ല് നാല്. ചെമ്പനും കാരിക്കും വട്ടക്കൊമ്പ്. ഓരോ വട്ടമുറം വെക്കാം. ഓരോന്നിന്റെ പുറത്തും നാഴി ഇടങ്ങഴി വിത്തുണക്കാം.

കമ്മളുട്ടിക്ക് കാള വേണം, കമ്മളുട്ടി കാളകളെ കണ്ടു ബോധിച്ചു. ഒരു പുല്ല, ഒരു മൈല. പുല്ലയ്ക്കും മൈലയ്ക്കും പല്ല് രണ്ട്. പുല്ലയ്ക്കും മൈലയ്ക്കും സൂചിക്കൊമ്പ്. രണ്ടിന്റെയും വാൽക്കുടം വാഴക്കുടപ്പനോളം പോരും.

ഉണ്ണീരിക്കുട്ടി പോത്ത് വാങ്ങിച്ചു. കമ്മളുട്ടി കാള വാങ്ങിച്ചു. ഉരുക്കൾ കൈമാറുമ്പോൾ പൊരുത്തുകാർ ആർപ്പ് വിളിച്ചു- കൂളന്മാർ.

കന്ന് ചന്ത കലക്കട്ടെ.

പോത്തുകളെ കയ്യേറ്റപ്പോൾ ഉണ്ണീരി മുരണ്ടു, ഓ!

ഒത്ത പോത്ത് ചുളിഞ്ഞു.

കാളകളെ കയ്യേറ്റപ്പോൾ കമ്മളുട്ടി കലമ്പി, മാല മാല!

കളിമ്പം മാറാത്ത കാളക്കിടാങ്ങൾ അടങ്ങി.

പോത്തുകളുടെ വട്ടക്കൊമ്പുകൾക്കിടയിൽ ഒട്ടും സങ്കോചമില്ലാതെ നിൽക്കുന്ന ചെറുബാല്യേക്കാരനെ നോക്കി പൊരുത്തുകാർ കൂളന്മാർ മിഴിച്ചേ നിന്നു. കരിങ്ങാലിക്കാതൽ പോലൊരുത്തൻ! അവന്ക്കൊരു കൂസലില്ല, കുലുക്കവുമില്ല. ശെത്തം പാടാൻ കൂളന്മാർക്കാവുന്നില്ല. നാക്കിറങ്ങിപ്പോയോ?

വെട്ടുന്ന പോത്തുകൾ കൊമ്പ് കുലുക്കുന്നില്ല. കുളമ്പുറച്ചുപോയോ!

ഒരു ചെമ്പുകിടാരംപോലെ കാളകളുടെ പൂഞ്ഞക്കെട്ടുകൾക്കിടയിൽ തറപ്പിച്ചു നിൽക്കുന്ന ബാല്യേക്കാരനെ നോക്കി തെക്കരും വടക്കരും റാവുത്തന്മാരും മൗനം പൂണ്ടു. ഷൂളം പാടാൻ പോലും ചുണ്ടുകൾ ഉരുളുന്നില്ലല്ലോ!

ഇദെന്താണ്?

കൺകെട്ടുണ്ടോ?

താടകളാട്ടി വാലുകളാട്ടി കാളരണ്ടും രസിക്കുന്നു.

കന്നും ചങ്ങാതിമാരും ചന്തപ്പടിയിറങ്ങി. ആളറിഞ്ഞിട്ടെന്നപോലെ നാൽക്കാലികൾ നടന്നപ്പോൾ പൊരുത്തുകാരും റാവുത്തന്മാരും നിശ്ശബ്ദം. തെക്കരും വടക്കരും നിശ്ശബ്ദം.

കൂളന്മാർ എവിടെ?

ചന്തപ്പടിയിറങ്ങി ചങ്ങാതിമാർ നിന്നു. ഒരു വാക്കും പറയാതെ യാത്രപോരുന്നതും ചിതമല്ല, ഇനിയുമൊരിക്കൽ കാണാൻ കഴിയുമോ? ആർക്കറിയാം? തിരിഞ്ഞുനിന്ന് ഉണ്ണീരിക്കുട്ടി കൈ പൊക്കി കൈ വീശി, പോയ് വരട്ടെ കൂട്ടരേ.

അവരെ വാഴ്ത്തി റാവുത്തരും പൊരുത്തുകാരും ഏകോദരം കൂവി, നിങ്ങ ഇനിയും വരണം, ഇപ്പ പോയ് ബരീൻ.

ഊടും വഴിയുമറിഞ്ഞ് കന്ന് നടന്നു. പുഴ കടന്ന് ഏറെദൂരം നടന്ന് പൊരിഞ്ഞ നട്ടുച്ചയ്ക്ക് അവരൊട്ട് തണൽ ചാഞ്ഞു.

ആലും ആൽത്തറയും കിണറും കൽത്തൊട്ടിയും ഉണ്ട്. കൽത്തൊട്ടിയിൽ വെള്ളം ഇല്ല. കോരി നിറയ്ക്കാൻ പാളയും കയറും ഇല്ല.

കിണറ്റിൽനിന്നു വെള്ളം മുക്കാൻ ഒരു നിർവാഹവും ഇല്ല.

ആലിൻ ചോട്ടിൽ പുൽപ്പണ്ടങ്ങൾ കിതച്ചു. ഓലക്കുട ആൽത്തറയിൽ ചായ്ച്ച് കുടക്കാലിൽ പാണക്കോൽ ചാരി ചങ്ങാതിമാർ പരുങ്ങി.

വെള്ളം എങ്ങനെ എടുക്കും?

ആലിന്റെ കനത്ത വേടുകളിൽ ചാരിക്കിടന്ന് ഉണ്ണീരിക്കുട്ടി മനോരാജ്യങ്ങൾ കണ്ടു. പണ്ട് പാണ്ഡവകുമാരന്മാർ പന്തു കളിക്കവെ ആ പന്ത് കിണറ്റിൽ വീണു. എത്തിനോക്കിയും

വിഷാദിച്ചും കുമാരന്മാർ വട്ടം കറങ്ങുമ്പോൾ ഒരു വൃദ്ധബ്രാഹ്മണൻ ആ വഴി വന്നു. കുമാരന്മാർ വിഷാദിച്ചിട്ടും എത്തിനോക്കിയിട്ടും പന്ത് കയറിക്കിട്ടിയില്ല. ബ്രാഹ്മണൻ കിണറ്റിലേക്ക് അമ്പുകൾ എയ്തുവിട്ടു. അമ്പിന്മേൽ അമ്പെയ്ത് പിടിപ്പിച്ച് ഇല്ലിക്കണ കെട്ടി കിണറ്റിൽനിന്നും പന്ത് പൊക്കിയെടുത്തു.

എന്റെ ഗുരുനാഥാ!

ഉണ്ണീരിക്കുട്ടി ഗുരുനാഥനെ സ്മരിക്കുമ്പോൾ ഉച്ചക്കാറ്റിൽ കണ്ണുകൾ താനേ അടഞ്ഞു. മുകളിൽ പൊരിവെയിലിൽ ആലിലകൾ തുള്ളിത്തളർന്നു. ഒരമ്മപെറ്റ മക്കളൊക്കെ തുള്ളക്കാർ! പരഗതിയടയാത്ത ആയിരം പരേതാത്മാക്കൾ ആലിലകളിൽ പൊരിഞ്ഞു. ഒരിറ്റു വെള്ളം, ഒരു കുമ്പിൾ സംഭാരം - ഓർക്കും തോറും പൈദാഹം പെരുത്തു. കൺപോളകൾ കനത്തു. പാളയും കയറും കിട്ടാൻ വിളിപ്പുറത്തൊന്നും ഒരു പുരയോ പുരയിടമോ കാണാനില്ല. വഴിപോക്കരോ, ആരും വന്നില്ല.

ആൾപ്പാർപ്പില്ലാതെ ആളും പെരുമാറ്റവും ഇല്ലാതെ ഇതേത് നാട്, ഏതൂര്?

ഉണ്ണീരിയുടെ കൺപോളകളിൽ മയക്കം കനക്കുന്നുണ്ടായിരുന്നു.

ഉച്ചത്തണലിൽ ആലിലകളിൽ നിന്നിറങ്ങിവരുന്ന കാൽച്ചിലമ്പൊലികൾ ശ്രവിച്ച് ഉണ്ണീരിക്കുട്ടി നിവർന്നിരുന്നു. സന്ദേഹമില്ല, ആരോ വരുന്നുണ്ടായിരുന്നു. ഉണ്ണീരി നാലുപാടും നോക്കി, ആരും ഇല്ല! ഒരുപക്ഷേ, അറിയാതെ അല്പം മയങ്ങിപ്പോയി. കമ്മളുട്ടിയും മയങ്ങുന്നു. എന്താ ചങ്ങാതി, നമുക്ക് പുറപ്പെടേണ്ടേ? കന്ന് നാലും ചെവിപാർത്തുനിന്നു, കിതയ്ക്കാൻ പോലും മറന്നിട്ടെന്നപോലെ, ആൽത്തറയിലേക്കും കിണറ്റിൻകരയിലേക്കും അവ മാറിമാറി നോക്കിനിന്നു, തിരിച്ചറിഞ്ഞ കൗതുകത്തോടെ. ആരായിരുന്നു? കാറ്റിൽ അതിപരിചയത്തിന്റെ മണംപിടിച്ച് നാൽക്കാലികൾ നിശ്ചലം നിന്നു. ആരാണ് വന്നുപോയത്? നെയ്‌വിളക്കിന്റെ സുഗന്ധം പോലെ, കൈതപ്പൂമ്പൊടി പാറിയപോലെ, കരിയിലകളിൽ കാൽച്ചിലമ്പൊലി തത്തിയപോലെ, കാനൽ തുള്ളുന്ന വെയിലിൽ വാൾത്തലപ്പുകൾ മിന്നിമറയുന്നതുപോലെ.

നോക്കുമ്പോൾ-

കൽത്തൊട്ടി നിറയെ വെള്ളം!

നാൽക്കാലികൾ നാലും കുടിച്ചു.

നാൽക്കാലികൾ നാലും കുടിച്ചുതീർന്നിട്ടും കൽത്തൊട്ടി നിറയെ വെള്ളം!

കന്ന് നാലും കുടിച്ചുമടങ്ങി.

കൈ കഴുകി മുഖം കഴുകി കൈകാലുകൾ കഴുകി ചങ്ങാതിമാർ തളർച്ച പോക്കി. എടുത്ത വെള്ളം തൊട്ടിയിൽ കുറഞ്ഞു:

തെളിനീർ കുടിച്ച് ചങ്ങാതിമാർ ദാഹം പോക്കി. കുടിച്ചത്ര വെള്ളം തൊട്ടിയിൽ നികന്നു.

ആളറിഞ്ഞിട്ടെന്നപോലെ, വഴിയറിഞ്ഞിട്ടെന്നപോലെ പുൽപ്പണ്ടങ്ങൾ നടന്നു. ഉണ്ണീരിക്കുട്ടി പാണക്കോൽ എടുത്തു. ഓടക്കാലിന്റെ ഓലക്കുട എടുക്കുമ്പോൾ-

കുട പൊങ്ങുന്നില്ല.

കുനിഞ്ഞ പാടിൽ പതിഞ്ഞുനോക്കി, പിടുത്തമൊന്നും ദൃഷ്ടിയിൽ പെട്ടില്ല, പക്ഷേ, കുട പൊങ്ങുന്നില്ല.

എന്റെ ചങ്ങാതീ എന്ന് ഉണ്ണ്യൂട്ടി വിളിച്ചു.

കമ്മളുട്ടി നിന്നു. കന്നു നിന്നു.

കമ്മളുട്ടി നോക്കിനിന്നു. കന്നും പകച്ചുനോക്കി. ഉണ്ണീരിക്കുട്ടിയുടെ ഓലക്കുട പൊങ്ങുന്നില്ല. കുട അനങ്ങുന്നില്ല. കന്ന് നാലും അനങ്ങിയില്ല.

ഇലയോ കാറ്റോ അനങ്ങിയില്ല.

ചതിച്ചോ എന്ന് കമ്മളുട്ടി നെഞ്ചത്ത് കൈവെച്ചു.

ഉണ്ണീരിക്കുട്ടി നിവർന്നുനിന്നു.

ഉണ്ണീരിക്കുട്ടി വിയർത്തു.

നീ ആരായാലും നിന്നെ ഞാൻ കണ്ടിട്ടില്ല. നീ ആരായാലും നിന്നെ ഞാൻ കേട്ടിട്ടില്ല. നീ ആരായാലും നിന്നെ ഞാൻ തൊട്ടിട്ടില്ല, നോവിച്ചിട്ടില്ല. നീ എന്തിന് എന്നെ പിടിച്ചുവെക്കുന്നു?

പക്ഷേ, കുട പൊങ്ങിയില്ല.

എനിക്കും എന്റെ ചങ്ങാതിക്കും നാല് പുൽപ്പണ്ടങ്ങൾക്കും നീ വെള്ളം തന്നു. കണ്ടറിഞ്ഞ് പൈദാഹം പോക്കിത്തന്നത് എന്നെ പിടിച്ചു വെക്കാനായിരുന്നോ? എന്റെ കുട പിടിച്ചു വെക്കാനായിരുന്നോ? തളർച്ച ഒഴിഞ്ഞല്ലോ, ഇനി വിടുതൽ തരിക, ഞാൻ പോയ്വരട്ടെ.

ധ്യാനിച്ചേ നിന്നു, കുട എടുക്കാൻ ഉണ്ണീരിക്കുട്ടിക്ക് കൈ കുനിഞ്ഞില്ല.

എന്റെ അമ്മ, പെറ്റോരമ്മ എന്നെ കാത്തിരിക്കുന്നു. എന്റെ അച്ഛൻ പൊന്നാരച്ഛൻ കാത്തുനിൽപുണ്ടാവും. എന്റെ പെങ്ങൾ കുഞ്ഞിപ്പെങ്ങൾ എരിതിരിമിഴിയോടെ വഴി പാർക്കുന്നുണ്ടാവും.

മനസ്സാ എന്തൊക്കെ നിരീച്ചിട്ടും അപേക്ഷിച്ചിട്ടും അനങ്ങാൻപോലും കഴിയാതെ ഉണ്ണീരിക്കുട്ടി തറച്ചുനിന്നു. പരിതാപപ്പെട്ട് അവൻ കമ്മളുട്ടിയെ നോക്കി. കമ്മളുട്ടിയും കുറ്റിയിൽ തറച്ചപോലെ നിൽക്കുന്നു, നോക്കുന്നു, അങ്കലാപ്പോടെ.

കമ്മളുട്ടിയും അനങ്ങുന്നില്ലല്ലോ!

എന്റെ കണ്ണഞ്ചിറ ഗുരുനാഥാ...

ഇപ്പോൾ മാത്രം എന്തുകൊണ്ട് ഗുരുനാഥനെ ഓർമ വന്നു എന്ന് ഉണ്ണീരിക്കുട്ടി വിസ്മയിച്ചു. കണ്ണഞ്ചിറ ഗുരുനാഥൻ മനസ്സിൽ തെളിഞ്ഞില്ല.

പടിഞ്ഞാറെപ്പാട്ടെ ഗുരുനാഥാ.

പടിഞ്ഞാറെപ്പാട്ടെ ഗുരുനാഥൻ മനസ്സിൽ തെളിഞ്ഞില്ല.

കിഴക്കെപ്പാട്ടെ ഗുരുനാഥാ.

കിഴക്കെപ്പാട്ടെ ഗുരുനാഥൻ മനസ്സിൽ തെളിഞ്ഞില്ല.

മനസ്സറഞ്ഞ് ഉണ്ണീരിക്കുട്ടി അച്ഛനെ സ്മരിച്ചു.

അച്ഛൻ മനസ്സിൽ തെളിഞ്ഞില്ല.

മനസ്സറഞ്ഞ് നെഞ്ചുരുകി അമ്മയെ സ്മരിച്ചു.

എന്റമ്മേ, പൊന്നാരമ്മേ, അമ്മേ...

നനവുപോലെ, പിന്നെ കുളിരുപോലെ, ഒരു തളിരുപോലെ അമ്മ നെഞ്ചിലുണർന്നു. നെഞ്ച് നിറഞ്ഞു. ഉണ്ണീരിക്കുട്ടിയുടെ വാരിയെല്ലുകൾ മാംസപേശികൾ നിറഞ്ഞും പെരുത്തും വിജൃംഭിച്ചു.

കൈകൾ നിവർത്തി മാറിടം വിരിഞ്ഞ് ഒരു ചുവട് മുന്നിൽ ഒരു ചുവട് പിന്നിൽ പെരുവിരലിൽ ഉയർന്ന് ഇടംകൈ പൊക്കി വലംകൈ കുനിഞ്ഞ്-

ഉണ്ണീരിക്കുട്ടി മതിമറന്ന് മനംമറന്ന് തന്നെ മറന്ന് ധ്യാനിച്ചു.

അമ്മേ...

മനംനിറയെ, കൺനിറയെ അമ്മ വിളങ്ങുന്നു! ഇപ്പോൾ ഈ ഭൂമിയെത്തന്നെ ഒറ്റക്കൈയിൽ പൊക്കാം.

നീ ആരായാലും നിന്നെ ഞാൻ കൊണ്ടുപോകാം. നീ വരുന്നോ, മുപ്പിലിശ്ശേരിക്കു വരുന്നോ? വാരപ്പറമ്പിലുണ്ണീരി നിന്നെ കൊണ്ടുപോകും. അമ്മയുടെ കാൽക്കൽ നിന്നെ ഇറക്കി വെക്കാം. അച്ഛന്റെ കാൽക്കൽ നമസ്കരിക്കാം.

കൈ താഴുകയായിരുന്നു.

കമ്മളുട്ടി നോക്കിനിൽപ്പുണ്ടായിരുന്നു.

വിദൂരദൃശ്യംപോലെ, ജന്മാന്തരസ്മൃതിപോലെ കമ്മളുട്ടി തരിച്ചുനിന്നു.

എന്താണ് എന്റെ ചങ്ങാതിക്ക്?

കമ്മളുട്ടി മിണ്ടുന്നില്ല, അനങ്ങുന്നില്ല. ഇമപോലും വെട്ടുന്നില്ല-സ്തബ്ധം.

കമ്മളുട്ടിയെ നോക്കി മൂന്നുവട്ടം ഉണ്ണീരി സമ്മതി ചോദിച്ചു:

കുട എടുക്കട്ടെ?

കുട എടുക്കട്ടെ?

കുട എടുക്കട്ടെ?

കമ്മളുട്ടിയുടെ ചുണ്ടുകൾ വിതുമ്പി. കണ്ണിമകൾ പിടഞ്ഞു. നിന്നനിൽപ്പിൽ കോരിത്തരിച്ച് കമ്മളുട്ടി വിയർത്തു. വിയർപ്പിൽ ശരീരം കുതിർന്നപ്പോൾ കമ്മളുട്ടി മൊഴിഞ്ഞു- എടുക്കാം.

കുടയെടുക്കുമ്പോൾ ഉണ്ണീരിക്കുട്ടിയുടെ കൈത്തണ്ടയിൽ കുടക്കല്ലെടുക്കാവുന്ന കരുത്തുണ്ടായിരുന്നു. പെരുവിരലുകൾക്കു താഴെ

ആൽത്തറയിൽ വിള്ളൽ വീഴുന്നുണ്ടായിരുന്നു.

ജപിച്ചെറിഞ്ഞ പുഷ്പംപോലെ കൂവളത്തില പോലെ താമരപ്പൂപോലെ ഓലക്കുട കൈവന്നു. കുട തോളിലെടുത്ത് ഉണ്ണീരി ആൽത്തറയിറങ്ങി.

പാണക്കോൽ വീശി ഉണ്ണീരി നടന്നു.

നാൽക്കാലികൾ നടന്നു.

നാൽക്കാലികൾക്കു പിമ്പേ കമ്മളുട്ടി നടന്നു.

ഒച്ചയില്ല, ചെത്തമില്ല, മിണ്ടാട്ടമില്ല.

രാവറിഞ്ഞില്ല പകലറിഞ്ഞില്ല മഴയറിഞ്ഞില്ല മഞ്ഞറിഞ്ഞില്ല നാടറിഞ്ഞില്ല കാടറിഞ്ഞില്ല തോടറിഞ്ഞില്ല പുഴയറിഞ്ഞില്ല വഴിയറിഞ്ഞില്ല വരമ്പറിഞ്ഞില്ല. കോടേരിക്കുന്നും പെരുമലയും കേച്ചേരിപ്പുഴയും വെട്ടുകാടും കടന്ന് അസ്തമയത്തിനും ത്രിസന്ധ്യയ്ക്കും മുമ്പ് കൃത്യം മഞ്ഞപ്പതിറ്റടിക്ക് അവർ ദേശമണഞ്ഞ് ചോലക്കുളത്തിൽ ഇറങ്ങി.


(തട്ടകം)

- ഓരോ ദേശത്തിനും അതിന്റേതായ ഭാഷയുണ്ട്. 'തട്ടക'ത്തിലെ ഭാഷയിൽ പ്രകടമാവുന്ന ഗ്രാമീണസംസ്കാരത്തിന്റെയും കാർഷികസംസ്കാരത്തിന്റെയും അടയാളങ്ങൾ കണ്ടെത്തുക.
- 'തട്ടക'ത്തിന്റെ ആഖ്യാനത്തെ സവിശേഷമാക്കുന്ന ഘടകങ്ങൾ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.
- നിങ്ങളുടെ നാടുമായി ബന്ധപ്പെട്ട മിത്തുകളും ഐതിഹ്യങ്ങളും ശേഖരിച്ച് പതിപ്പ് തയാറാക്കുക.
- "ഞാൻ കേരളത്തിലൊരു നാട്ടിൻപുറത്ത് ജനിച്ചുവളർന്നതാണ് എന്റെ കവിതയുടെ ഏറ്റവും വലിയ ഭാഗ്യമെന്നു തോന്നുന്നു. അന്ന് ഇളംപ്രായത്തിൽ, ഞാൻ കണ്ട നാട്ടിൻപുറം നാൾതോറും നിറങ്ങളുടെയും നാദങ്ങളുടെയും ഗന്ധങ്ങളുടെയും നവംനവങ്ങളായ അത്ഭുതങ്ങൾ ഉദ്ഘാടനം ചെയ്യുന്ന, അമ്മയെപ്പോലെ സ്നേഹം നിറഞ്ഞ ഒരു കൊച്ചു ലോകമായിരുന്നു. ഇന്നും അതിന്റെ മധുരസ്മരണകളാണ് എന്റെ കവിതയുടെ ഏറ്റവും ഈടുള്ള കൈമുതൽ." (വൈലോപ്പിള്ളി ശ്രീധരമേനോൻ)

  വൈലോപ്പിള്ളിയുടെ എന്റെ ഗ്രാമം, കന്നിക്കൊയ്ത്ത്, കരിയിലാംപീച്ചികൾ തുടങ്ങിയ കവിതകൾ വായിച്ച് കവിയുടെ ഈ സ്വയംവിലയിരുത്തലിന്റെ സാധുത പരിശോധിക്കുക.

# കടമ്മനിട്ട

**കടമ്മനിട്ട രാമകൃഷ്ണൻ**



**നെ**ല്ലിൻതണ്ടുമണക്കും വഴികൾ
എള്ളിൻനാമ്പുകുരുക്കും വയലുകൾ

എണ്ണംതെറ്റിയ ഓർമകൾ വീണ്ടും
കുന്നിൻചരിവിൽ മാവിൻകൊമ്പിൽ

ഉണ്ണികളായി ഉറങ്ങിയെണീക്കെ,
താമരമൊട്ടുകൾ താന്തോന്നിത്തം കാട്ടി

കല്പടവാകെയിടിഞ്ഞുപൊളിഞ്ഞ
കുളത്തിൻകടവിൽ
തള്ളത്തവളകൾ നാമംചൊല്ലി-

ക്കല്ലിന്നടിയിൽക്കാലും നീട്ടിയിരിക്കുന്നേരം
എണ്ണനിറച്ചൊരു കിണ്ണവുമായി

തോർത്തുമുടുത്തു കുളിക്കാനെത്തിയ
പുലരിയെ നോക്കിപ്പുൽക്കൊടിനോക്കി

പൂക്കളെ നുള്ളിയുണർത്തി
പുണ്ണിലിറങ്ങിയ കുശമുനയൂരിപ്പല്ലിടകുത്തിമണത്ത്

കുശുമ്പു നിനച്ച്, കുറുമ്പു നടിച്ച്,
കുളക്കോഴിപ്പിടയാടയുരിഞ്ഞുപിടഞ്ഞു

പടിഞ്ഞാട്ടോടിപ്പോവതു നോക്കി നടന്നൂ ഞാൻ
മുള്ളിലുടക്കിപ്പോറിയ കണ്ണുകൾ

മുമ്പേപോയ വഴിച്ചാലുകളിൽച്ചേറി
പാഴ്മുളപൊട്ടാൻ വെമ്പും

ചേറാടിച്ചെറുമണികൾ പെറുക്കി
ഉള്ളിലെ ഓലത്തുഞ്ചത്തൂഞ്ഞാലാടും

കുരുവിക്കൂട്ടിൽ കൊക്കുപിളർത്തി
പൂടവിരുത്തിയിരിക്കും കിളിയുടെ

വായിൽ വായ്ക്കരിയിട്ടുകൊടുത്തു
നടന്നൂഞാൻ.

ഓലാഞ്ഞാലിക്കിളിയുടെ വാലിൽ
ഒൻപതു ശീലക്കൊടികളുകെട്ടി

ഓലക്കുടയുടെ കീഴിൽ ചുവടുചവിട്ടി
വെള്ളം ചെപ്പി ബഹളംകൂട്ടി നടന്നക്കാലം

ഓർക്കാക്കഥയുടെ ശീലുകളായത് ഓർത്തുകുനിഞ്ഞു
നടന്നൂ ഞാൻ.

കാവിൽ നോയ്മ്പിനു കണ്ടത്തിൻകരെ

കാലേ കൈതച്ചെടിയുടെ മറവിലിറങ്ങി
തെച്ചിപ്പൂക്കുലയില കോട്ടിയറുത്തു നിറച്ചു നിവർന്നവൾ

കണ്ണിൽ കരടുകുരുങ്ങിയതിന്നു തിരുമ്മീ
തലമുടിമണമെൻ മൂക്കിനെറിഞ്ഞുമുറിഞ്ഞു

നെഞ്ചത്തഞ്ചാറള്ളീ, മുറിവിനു പച്ചില
ആടുകടിച്ചതിലത്ഭുതമിന്നോ!

കളഭംതൊട്ടു കരിക്കുനിവേദി-
ച്ചമ്പലമുറ്റത്തമ്പിളി, യാരോ

അപരാധങ്ങൾ പറഞ്ഞുനടന്നത്
മാനക്കേടായ് നാണക്കേടായ്

ഓഹോ! ഓർമകൾ മൂത്തുനരച്ചു
മുതുകിൽ കൂനായ്!

കച്ചിയറുത്തു കലപ്പപിടിച്ചു

കരിപ്പാടങ്ങളിലെരുതിൻവാലിൽ
തൂങ്ങിനടക്കും, വായാടികളുടെ

കൊച്ചുകുരുന്നുകൾ
ആഞ്ഞിലിമൂട്ടിൽ മണ്ണപ്പം ചുട്ടാറ്റിലെ

നീരിൽ മൂത്രമൊഴിച്ചു വിളർത്തുമെലിഞ്ഞു
വിശപ്പിൻ നെഞ്ചത്താഞ്ഞുതൊഴിച്ചു

കറുത്തുവളർന്നുവരുന്നതുകണ്ടു
നടന്നൂഞാൻ.

നാടിൻനന്മകുടിച്ചുമരിച്ച കുളത്തിൽ
ഭഗവതിമാത്രം പാതിരനോക്കി നീരാട്ടാടി

പായലുമൂടി, പാഴ്ച്ചെടിമൂടി
പാലക്കൊമ്പിൻ നിഴലുകൾ മാത്രം

വീണുവിറച്ചുപരുങ്ങും കാഴ്ചകൾ കണ്ടു
നടന്നൂ ഞാൻ.


(കടമ്മനിട്ടയുടെ കവിതകൾ)

- ദേശത്തെക്കുറിച്ച് കവിക്ക് മധുരസ്മരണകൾ മാത്രമാണോ ഉള്ളത്? കവിതാഭാഗം വായിച്ച് ആശയം ചർച്ചചെയ്യൂ.
- ഓർമയിലൂടെ ആവിഷ്കരിക്കുന്നതുകൊണ്ട് ഈ കവിതയ്ക്കു കൈവരുന്ന മേന്മകൾ എന്തൊക്കെയാണ്?
- 'നെല്ലിൻതണ്ടു മണക്കും വഴികൾ' എന്ന് സ്വന്തം ദേശത്തെ ഗന്ധത്തിലൂടെ കവി ആവിഷ്കരിച്ചിരിക്കുന്നതു നോക്കൂ. മറ്റിന്ദ്രിയാനുഭവങ്ങളിലൂടെയും ദേശത്തെ അവതരിപ്പിച്ചിരിക്കുന്നതു കണ്ടെത്തുക.
- നാട്ടുമൊഴികളുടെ ചൂരും താളത്തിന്റെ ചടുലതയും കടമ്മനിട്ടക്കവിതകളുടെ കരുത്താണ് - കാവ്യഭാഗത്ത് ഇത് പ്രകടമാകുന്ന സന്ദർഭങ്ങൾ കണ്ടെത്തി പൊതുവായി അവതരിപ്പിക്കൂ.

# ഉരുളികുന്നത്തിന്റെ ലുത്തീനിയ

സക്കറിയ

എന്റെ ആദ്യകാല കഥകളൊക്കെത്തന്നെ ഉരുളികുന്നത്തെ മഴയുടെയും വെയിലിന്റെയും തോടുകളുടെയും കാടുകളുടെയും ഇരുട്ടിന്റെയും നാലുമണിസമയത്തിന്റെയും നിലാവെളിച്ചത്തിന്റെയും, കഥയുടെ മറവിലിരുന്നുള്ള ആരാധനകൾ മാത്രമായിരുന്നു. ഇന്നും ഞാനുപയോഗിക്കുന്ന ഓരോ വാക്കിന്റെയും പിന്നിലെ മാറ്റൊലിക്കുവേണ്ടി ഞാൻ ഉരുളികുന്നത്തേക്കാണ് ചെവിയോർക്കുന്നത്. ഞാൻ വേറൊന്നുമല്ല; ഉരുളികുന്നത്തെ കല്ലിന്റെയും മണ്ണിന്റെയും കാറ്റിന്റെയും മുള്ളിന്റെയും മേഘത്തിന്റെയും വെള്ളത്തിന്റെയും ഒരു പാർശ്വോൽപന്നം മാത്രമാണ്. എന്നെ ഉരുളികുന്നംകാരനാക്കിയതിന് ഞാൻ ദൈവത്തിനും എന്റെ അപ്പനും അമ്മയ്ക്കും നന്ദി പറയുന്നു. എന്റെ നാടെന്നു പറഞ്ഞാൽ പ്രധാനമായി ഒരു കൊച്ചുസ്ഥലം മാത്രമേയുള്ളൂവെങ്കിലും, അതിനുചുറ്റും നിരവധി അന്യനാടുകളും കോണുകളും മൂലകളും തോടുകളും ഇടവഴികളും ഞാൻ സ്വന്തമാക്കി മാറ്റിയിട്ടുണ്ട്. കേന്ദ്രസ്ഥാനം ആദ്യം പറയാം. അത് കോട്ടയം താലൂക്കിൽ അകലക്കുന്നം പകുതിയിൽ എലിക്കുളം പഞ്ചായത്തിൽ ഉരുളികുന്നം കരയാണ് (ഇന്ന് ഈ റവന്യൂ വിവരണമെല്ലാം മാറിപ്പോയിരിക്കണം). മാർത്താണ്ഡവർമയെപ്പോലെ, പക്ഷേ, ചെരിപ്പില്ലാത്ത എന്റെ രണ്ട് കാലുകൾ കൊണ്ടുമാത്രം, എന്റെ ജന്മസാമ്രാജ്യത്തിലേക്ക് കൂട്ടിച്ചേർത്തിട്ടുള്ള പ്രദേശങ്ങൾ ഏകദേശം താഴെപ്പറയുന്നവയാണ്:



പടിഞ്ഞാറ്: ഇല്ലിക്കോൺ, ചെങ്ങളം, നായിപ്ലാവ്, കോട്ടയം നഗരം.

വടക്കുപടിഞ്ഞാറ്: ഉരുളികുന്നം അമ്പലവും കുളവും; ഞണ്ടുപാറ പള്ളിയും അങ്ങോട്ടുള്ള വഴിയും.

വടക്ക്: പാല, വെള്ളിയേപ്പള്ളി, മീനച്ചിലാർ, പന്ത്രണ്ടാം മൈൽ, കടപ്പാട്ടൂർ, കുമ്പാനി, ചാമക്കാലാ പള്ളി, വിളക്കുംമരുത്, പൂവരണി, പൈക, വിളക്കുമാടം, പതിമൂന്നുമുറി, ഏഴാം മൈൽ, ഞണ്ടൻമാക്കൽ കുന്ന്.

കിഴക്ക്: കുരുവിക്കൂട്, മഞ്ചക്കുഴി എന്നിവ ചേർന്ന് എലിക്കുളം, മടുക്കക്കുന്ന് പാലം, അതിനു കീഴേയൊഴുകുന്ന തോട്.

തെക്ക്: കൂരാലി, ഇളങ്ങുളം അമ്പലക്കവല, നെയ്യാട്ടുശ്ശേരി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി.

ഇവ കൂടാതെ, കേട്ടുകേൾവിയിലൂടെ മാത്രം ഞാൻ വെട്ടിപ്പിടിച്ച സ്ഥലങ്ങളുമുണ്ടായിരുന്നു. പാമ്പോലി, ആനിക്കാട്, കാളകെട്ടി, മല്ലികശ്ശേരി, തമ്പലക്കാട്, കൊച്ചുകൊട്ടാരം, വലിയ കൊട്ടാരം തുടങ്ങിയ പേരുകൾ കേൾക്കെത്തന്നെ, അവയ്ക്കു പിറകിലൊളിച്ചിരിക്കുന്ന



മഹാദ്ഭുതങ്ങളൂഹിച്ച് ഞാൻ കോരിത്തരിച്ചിരുന്നു.

ഇവിടെയെല്ലാം എന്റെ ജീവിതത്തിന്റെ തുണ്ടുകളും തരികളും തളിർപ്പുകളും വേരുകളും ചിതറിക്കിടപ്പുണ്ട്. ഈ സ്ഥലനാമപ്പട്ടിക എഴുതുമ്പോൾ എനിക്കുണ്ടാകുന്നത് കരിമ്പിൻതോട്ടത്തിൽ കയറിയ വിശക്കുന്ന ആനയുടെ ചാരിതാർഥ്യമാണ്. എന്റെ നാട്ടുകാരും അവിടേക്ക് ചെറുക്കനെയോ പെണ്ണിനെയോ കൊടുത്തവരും ഒഴികെ മറ്റാരും ഈ നാമജപത്തിൽ നിന്ന് യാതൊന്നും ഗ്രഹിക്കാൻ പോകുന്നില്ലെങ്കിലും, നമ്മെയെല്ലാം വാത്സല്യപൂർവം കാത്തുപരിപാലിക്കുന്ന സൂര്യനു കീഴിൽ അവയും ഉണ്ട് എന്ന് അല്ലയോ അന്യനാട്ടുകാരായ മഹാജനങ്ങളേ, നിങ്ങളൊക്കെ അറിയുക.

പാമ്പോലിയിലും കൊച്ചുകൊട്ടാരത്തിലും മറ്റും കവാത്തു നടക്കുന്നു എന്നെനിക്കുറപ്പുണ്ടായിരുന്ന അജ്ഞാതരഹസ്യങ്ങളെ ഓർത്ത് ഞാൻ എത്രയോ മണിക്കൂറുകൾ ഞങ്ങളുടെ തോട്ടിലെ പാറക്കല്ലുകളിൽ കുത്തിയിരുന്നിട്ടുണ്ട്. തിരിഞ്ഞുനോക്കുമ്പോൾ എനിക്കൊന്ന് മനസ്സിലാകുന്നു. ഉരുളികുന്നത്തെ എന്റെ കുട്ടിക്കാലത്തെ പ്രധാന പ്രവൃത്തി ദിവാസ്വപ്നം കാണലായിരുന്നു - കളിക്കുമ്പോഴും ഉറങ്ങുമ്പോഴുമൊഴികെ എല്ലായ്പ്പോഴും. പറമ്പിലെ കക്കൂസ് കല്ലിന്മേൽ കുത്തിയിരിക്കുമ്പോഴും പനി വന്ന് കിടക്കുമ്പോഴും തോട്ടിലെ വെള്ളത്തിൽ മുങ്ങിക്കിടക്കുമ്പോഴും പ്രാർഥിക്കാൻ തൂണിൽ ചാരിയിരിക്കുമ്പോഴും കൊരണ്ടിപ്പലകമേലിരുന്ന് ചോറുണ്ണുമ്പോഴും ചാമ്പയുടെയും പേരയുടെയും മുകളിൽ കാലും തൂക്കിയിട്ട് ഇരിക്കുമ്പോഴും എല്ലാം ദിവാസ്വപ്നമായിരുന്നു എന്റെ പ്രധാന ജോലി.

പകൽക്കിനാവിന് പറ്റിയ സ്ഥലമായിരുന്നു ഉരുളികുന്നം. അവിടെ നേരിട്ട് വെയിലടിച്ച് തിളങ്ങുന്ന ഇടങ്ങൾ ചുരുക്കമാണ്. വീട്ടുമുറ്റങ്ങളും റോഡുകളും പാറക്കെട്ടുകളുമൊഴിച്ചാൽ, ഉരുളികുന്നം മുഴുവൻ മരങ്ങളുടെ തണലിൽ ഇരുട്ടും നിഴലും പൂണ്ടുകിടക്കുന്ന ഒരു പ്രദേശമാണ്. റബർത്തോട്ടങ്ങളിലെ ഇരുളിന്റെ പ്രത്യേകത, ഇരുളിനോടൊപ്പം സൂര്യനും ഒരു വല തോട്ടത്തിനുള്ളിൽ വീശിയിരിക്കും എന്നതാണ്. പിന്നെ കമ്മ്യൂണിസ്റ്റ് പച്ചയുടെയും പെരിങ്ങലത്തിന്റെയും ഇടതൂർന്ന പൊന്തകളുണ്ടായിരുന്നു. പശുക്കൾ, പന്നികൾ, ആടുകൾ തുടങ്ങിയ ഞങ്ങളുടെ സഹജീവികൾ അവയ്ക്കുള്ളിലൂടെ നടന്നുണ്ടാക്കിയ ഗുഹകളുടെ അകത്തു കയറുമ്പോൾ എല്ലാ പ്രകൃതിനിയമങ്ങളെയും ലംഘിച്ച് വിജയിച്ചതുപോലെയുള്ള ഒരു മഹാസുഖം ഞാൻ അനുഭവിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പച്ചയുടെ തണുപ്പിൽ ഞാൻ വിജയശ്രീലാളിതനായി ഒളിഞ്ഞിരിക്കെ, എന്റെ ഹൃദയം തമ്പലക്കാടിനും ചെമ്മലമറ്റത്തിനും പറന്നു പോകും.

പാലാ-പൊൻകുന്നം റോഡിലാണ് മടുക്കക്കുന്ന് പാലം. അവിടെ ഒരു പഴയ ഗേറ്റിലൂടെ പടിഞ്ഞാറേക്ക് പോകുന്ന ഒരു മൺപാതയുണ്ട്. ഇതാണ് എന്നെ ഇന്നും ഭരിക്കുന്ന ലോകത്തിന്റെ നടുമധ്യത്തിലേക്കുള്ള വാതിൽ. സക്കറിയ എന്ന മനുഷ്യപ്രാണിയുടെ ഹൃദയത്തെയും തലച്ചോറിനെയും അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന നിരവധി താക്കോലുകൾ ഈ ലോകത്തിലെ മണ്ണിലും പാഴിലകളിലുമാണ് പൂഴ്ന്നുകിടക്കുന്നത്.

മൺപാത നയിക്കുന്നത് ഒരു വലിയ റബർ തോട്ടത്തിലേക്കാണ്. ഭരണങ്ങാനത്തിനടുത്ത് ഇടമറ്റത്ത് കുരുവിനാക്കുന്നേൽ (കോൾഭാഗത്ത്) എന്ന ധനികകർഷകപ്രമാണി കുടുംബമാണ് തോട്ടത്തിന്റെ ഉടമസ്ഥർ. (അവിടത്തെ മൂന്നാം തലമുറ കൃഷി നിലനിർത്തിക്കൊണ്ടു തന്നെ ആധുനിക വ്യവസായങ്ങളിലേക്ക് കടന്നുപോയി.) ഇവിടെയെന്റെ ലോകം തുടങ്ങുന്നു. പാത വളഞ്ഞും പുളഞ്ഞും ചിലപ്പോൾ പുല്ലിൽ കാണാതായും കയറ്റങ്ങൾ കയറിയും ഒരു കിലോമീറ്ററോളം പോകുമ്പോൾ, അത് രണ്ടായി പിരിയുന്നു. പിന്നീടതിന് പാതയുടെ രൂപമില്ല; മരങ്ങൾക്കിടയിലൂടെ വേരുകളും കല്ലുകളും കാണിച്ചുതരുന്ന വഴി മാത്രം. ഇവയിലൊന്നിലൂടെ അരക്കിലോമീറ്ററോളം പോകുമ്പോൾ വഴി കുന്നിറങ്ങിത്തുടങ്ങുന്നു. ഇറക്കത്തിന്റെ അവസാനം അത് ഒരു കയ്യാലയ്ക്കപ്പുറത്ത് പാറക്കല്ലുകളിലൂടെയൊഴുകുന്ന ഒരു തോട്ടിലെത്തുന്നു. തോട് കടന്ന് അപ്പുറത്തെ കയ്യാലയിലെ കുത്തുകല്ലുകൾ കയറിച്ചെല്ലുന്നത് പാലത്തിങ്കൽ പുരയിടത്തിലേക്കാണ്. പിന്നെ പുരയിടത്തിലൂടെയുള്ള കയറ്റമായി. അതിന്റെ അറ്റത്ത് പല നടകൾക്കും കുത്തുകല്ലുകൾക്കും ശേഷം, ഞാൻ ജനിച്ചുവളർന്ന മുണ്ടാട്ടുചുണ്ടയിൽ വീട് ഉണ്ടായിരുന്നു. ഓല മേഞ്ഞ്, മിനുസമുള്ള ഇഷ്ടികയിട്ട തിണ്ണയും ചാണകം മെഴുകിയ മുറികളുമുള്ള ഒരു സൗമ്യമായ വീട്. അവിടെ എന്റെ അപ്പൻ എം.എസ്. പോൾ എന്ന കുഞ്ഞച്ചനും അമ്മ ത്രേസ്യാക്കുട്ടിയും ചേട്ടൻ എം.പി. ജോസഫ് എന്ന ജോയിച്ചനും മൂത്ത പെങ്ങൾ എം.പി. മേരി എന്ന ലില്ലിയമ്മയും ഉണ്ടായിരുന്നു. പാലത്തിങ്കൽ പുരയിടത്തിൽ തെങ്ങും റബറുമായിരുന്നു പ്രധാന കൃഷികൾ. കൂടാതെ, ഇഞ്ചിയും കപ്പയും കുരുമുളകും മഞ്ഞളും പ്ലാവും കമുകും കാച്ചിലും കിഴങ്ങും ചേനയും വാഴയും പേരയും ചാമ്പയും കാപ്പിയും പുളിയും മാവും കപ്പളവും പശുക്കളും പട്ടിയും പൂച്ചകളും പന്നികളും കോഴികളും ഉണ്ടായിരുന്നു. ആ ലോകത്തിൽനിന്ന് ഇന്നവശേഷിക്കുന്നത് എന്റെ പെങ്ങളും ഞാനും മാത്രം; മടുക്കക്കുന്ന് തോട്ടത്തിലും പാലത്തിങ്കൽ പുരയിടത്തിലും എനിക്കുപോലും പിടിതരാതെ ഒളിഞ്ഞുകിടക്കുന്ന എന്റെ ഉള്ളുകള്ളികൾ മാത്രം. 'എന്റെ അച്ഛൻ' എന്ന എന്റെ കഥയുടെ അവസാനം കഥ പറയുന്നയാൾ 'എന്താണ് അവശേഷിക്കുന്നത്, അച്ഛാ?' എന്നു ചോദിക്കുമ്പോൾ എല്ലാം കൈവിട്ടുപോയ ഒരു പുത്രന്റെ സങ്കടമാണ് അയാൾ പരിദേവനംചെയ്യുന്നത്.

പ്രധാനമായും ഞങ്ങളുടെ നാട്ടിൽ മൂന്നുതരം ആളുകളാണ് അന്നൊക്കെ ഉണ്ടായിരുന്നത്. (1) നടക്കുന്നവർ (2) പണി ചെയ്യുന്നവർ (3) കുളിക്കുന്നവർ. വെറുതെയിരിക്കുന്നവരായി കണ്ടിട്ടുള്ളത് കടയുടമസ്ഥരെ മാത്രമായിരുന്നു; പിന്നെ, ഇതെല്ലാം നോക്കിയും കണ്ടും എന്നെപ്പോലെ മരങ്ങളുടെയും കല്ലുകളുടെയും മുകളിൽ വെറുതെയിരുന്ന ബാലികാബാലന്മാരും. എന്റെയോർമയിൽ, ഉരുളികുന്നത്തെ കൂടുതൽ മനുഷ്യരും എപ്പോഴും എങ്ങോട്ടെങ്കിലും നടന്നുപൊയ്ക്കൊണ്ടിരുന്നവരാണ്; പള്ളിയിലേക്ക്, കടയിലേക്ക്, അമ്പലത്തിലേക്ക്, പാലായ്ക്ക്, പൈകയ്ക്ക്, ആശുപത്രിയിലേക്ക്, റേഷൻ വാങ്ങാൻ, കള്ളുഷാപ്പിലേക്ക്, ബന്ധുവീട്ടിലേക്ക്, പള്ളിക്കൂടത്തിലേക്ക് എന്നിങ്ങനെ. നടന്നുപൊയ്ക്കൊണ്ടിരിക്കാത്തവരുടെ ബാക്കിയിൽ നല്ലപങ്കും പണിയെടുത്തുകൊണ്ടിരിക്കുന്നവരായിരുന്നു; തെങ്ങിന് തടമെടു



ക്കുന്നവർ, റബർ വെട്ടുന്നവർ, കാപ്പിക്കുരു പറിക്കുന്നവർ, പനയോല വെട്ടുന്നവർ, കള്ളു ചെത്തുന്നവർ, ചക്കയിടുന്നവർ, വേലി കെട്ടുന്നവർ, പശുവിനെ മാറ്റിക്കെട്ടുന്നവർ, പന്നിയെ കൊല്ലുന്നവർ എന്നിങ്ങനെ. ബാക്കിയുള്ള ഉരുളികുന്നം നിവാസികൾ മുഴുവൻ കുളിക്കുന്നതിൽ വ്യാപൃതരായിരുന്നു. ശരാശരി ഉരുളികുന്നം നിവാസി എവിടെയെന്നന്വേഷിച്ചാൽ, കുളിക്കാൻ പോയതാണ് എന്ന ഉത്തരമായിരുന്നു കിട്ടുക. ഞങ്ങളുടെ തോടുകളും പൊയ്കകളും കുളങ്ങളും കിണറ്റുകരകളും രാവിലെ മുതൽ സന്ധ്യ ഇരുളുന്നതുവരെ സ്നാനത്തിൽ മുഴുകിയിരിക്കുന്നവരെക്കൊണ്ട് നിബിഡമായിരുന്നു. വരിക്കമാക്കൽ കുഞ്ഞുകുട്ടി എന്ന ആത്മസുഹൃത്തുമായി ഞാൻ, പത്താഴക്കല്ല് എന്ന കല്ലിടുക്കിൽ ദിവസവും നടത്തിയിരുന്ന സാധാരണ കുളിയുടെ നീളം രണ്ടുമുതൽ മൂന്നുവരെ മണിക്കൂറുകളായിരുന്നു. ഇരുവരുടെയും അമ്മമാർ അപ്പോളൊടിച്ചെടുത്ത ചൂടുള്ള പാണൽവടിയുമായി പ്രത്യക്ഷപ്പെടുമ്പോൾ മാത്രമേ ഞങ്ങൾ സ്നാനരംഗത്തുനിന്ന് നിഷ്ക്രമിച്ചുള്ളൂ- അതിവേഗം.



അതെ, ഉരുളികുന്നം ഒരു തരക്കേടില്ലാത്ത സ്ഥലമായിരുന്നു. എന്താണ് ഉരുളികുന്നം, സന്തുഷ്ടവും സ്വാഭാവികവുമായ ഒരു ബാല്യം കൂടാതെ, എനിക്ക് തന്നത്? ഉരുളികുന്നം എനിക്ക് വിവരിക്കാനാവാത്ത വിധമുള്ള ഒരടുപ്പം പ്രകൃതിയോട് തന്നു. ഓരോ ഇലയുടെയും മേഘത്തിന്റെയും കല്ലിന്റെയും ചിലന്തിയുടെയും എറുമ്പിന്റെയും മഴത്തുള്ളിയുടെയും മട്ടുമാറ്റങ്ങൾ എനിക്ക് പരിശീലിപ്പിച്ചുതന്നു. ഉരുളികുന്നത്തെ കുന്നും തോടും പറമ്പും ചക്കയും കപ്പയും കപ്പളങ്ങയും എനിക്ക് ആരോഗ്യം തന്നു.

ഉരുളികുന്നത്തെ മനുഷ്യർ എന്നെ ചിരിക്കാനും സന്തോഷിക്കാനും പഠിപ്പിച്ചു. ആടയാഭരണങ്ങളില്ലാത്ത ഒരു ഭാഷ എനിക്കു തന്നു. ആ ഭാഷയുടെ പിന്നിൽ ഒരു ജീവിതലാളിത്യമുണ്ടായിരുന്നു. പിന്നീട് ഞാൻ എന്റെ ജീവിതത്തെ സങ്കീർണമാക്കി വലച്ചുവെങ്കിലും, ആ ലാളിത്യത്തിന്റെ ഒരു സ്വസ്ഥമായ അംശം എന്നിൽ നിലനിന്നതുകൊണ്ടാണ് ഞാൻ ഇന്നും പൂർണമായും ബുദ്ധിഭ്രംശം വരാതെ ജീവിക്കുന്നത്. എന്നിലെ ബുദ്ധിജീവി ദുഃസ്വപ്നങ്ങൾ കാണുമ്പോൾ എന്നിലെ മണ്ണുണ്ണി എനിക്ക് വേറെ ഒന്നാന്തരം ഉറപ്പുകൾ തരുന്നു. ജീവിതാന്ത്യംവരെ എന്നോടൊപ്പം നിലനിൽക്കുന്ന വയായ കൃഷിക്കാരന്റെ പൊരുളുകൾ ധാരാളമായി നൽകി ഉരുളികുന്നത്തെ മണ്ണ് എന്നെ അനുഗ്രഹിച്ചു.

ഇന്നും, ഉരുളികുന്നത്തുകൂടിയോ എലിക്കുളത്തുകൂടിയോ ഞാൻ കടന്നുപോയാൽ എന്നെ തിരിച്ചറിയുന്നവർ 'എഴുത്തുകാരൻ സക്കറിയ പോകുന്നു' എന്ന് പറയില്ല. പാലത്തുങ്കലെ കറിയാച്ചൻ പോകുന്നു. പുള്ളി ഇപ്പം എവിടെയാ!' എന്നേ പറയൂ. ഈ സൗമ്യമായ തിരിച്ചറിയലാണ് എന്നെപ്പോലെയുള്ള ഒരു ധൂർത്തപുത്രന്റെ ഏറ്റവും വലിയ ആത്മബലം.

- "ഇന്നും ഞാനുപയോഗിക്കുന്ന ഓരോ വാക്കിന്റെയും പിന്നിലെ മാറ്റൊലിക്കുവേണ്ടി ഞാൻ ഉരുളികുന്നത്തേക്കാണ് ചെവിയോർക്കുന്നത്. ഞാൻ വേറൊന്നുമല്ല; ഉരുളികുന്നത്തെ കല്ലിന്റെയും മണ്ണിന്റെയും കാറ്റിന്റെയും മുള്ളിന്റെയും മേഘത്തിന്റെയും വെള്ളത്തിന്റെയും ഒരു പാർശ്വോൽപന്നം മാത്രമാണ്." (സക്കറിയ)

- "പുന്നയൂർക്കുളം വിദൂരമാണ്. അത് മൂകമാണ്. എന്നെ ആ പ്രദേശം മറന്നുകഴിഞ്ഞു."

(മാധവിക്കുട്ടി)

- "ഓർക്കുമ്പോൾ നാടിനെക്കുറിച്ചുള്ള അനുഭവങ്ങൾ എന്റെ ചെറിയ വായനയുടെയും ചെറിയ അന്വേഷണങ്ങളുടെയും ലോകമായി ചുരുങ്ങുന്നു. കൊല്ലത്തെ വീട്ടിൽ എന്റെ ചെറിയ വായനമുറിയിൽ ഇരിക്കുമ്പോൾ ഈ മുറിയും ചെറിയ പുസ്തകശേഖരവുമാണ് എന്റെ നാട് എന്നെനിക്ക് തോന്നുന്നു. വായനയ്ക്ക് പുറത്ത് മറ്റൊരു ലോകമുണ്ട്. എന്നാൽ കുടുംബത്തിന്റെ പ്രധാന തായ്‌വഴി എന്നു പറയുന്നതുപോലെ നാടിനെക്കുറിച്ചുള്ള അനുഭവത്തിന്റെ പ്രധാന തായ്‌വഴി എനിക്ക് വായനയുടെ അനുഭവമാണ്. അതിനാൽ ഒരുവഴിക്ക് നാട് എനിക്ക് നാടില്ലായ്മ തന്നെയാണ്."

(കെ.പി. അപ്പൻ)

നാടിനെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങൾ വായിച്ചല്ലോ. സ്വന്തം നാടിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്?

- **"ഉരുളികുന്നത്തെ മനുഷ്യർ എന്നെ ചിരിക്കാനും സന്തോഷിപ്പിക്കാനും പഠിപ്പിച്ചു. ആടയാഭരണങ്ങളില്ലാത്ത ഒരു ഭാഷ എനിക്കു തന്നു. ആ ഭാഷയുടെ പിന്നിൽ ഒരു ജീവിതലാളിത്യമുണ്ടായിരുന്നു". ഈ പ്രസ്താവനയുടെ സാധൂകരണമാണോ പാഠഭാഗം? പരിശോധിക്കുക.**
- **വരയും എഴുത്തും ആവിഷ്കാരത്തിന്റെ വ്യത്യസ്ത രൂപങ്ങളാണല്ലോ. നമ്പൂതിരിയുടെ വരയും സക്കറിയയുടെ ലേഖനവും താരതമ്യംചെയ്യുക.**
- **ഈ യൂണിറ്റിലെ രചനകളിൽ എഴുത്തുകാരന്റെ ദേശം എങ്ങനെയെല്ലാം പ്രത്യക്ഷപ്പെടുന്നു?**
  - **ഭാഷ**
  - **ഭൂപ്രകൃതി**
  - **സാംസ്കാരികമുദ്രകൾ**

**മുതലായ സൂചനകൾ പരിഗണിച്ച് ഈ വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.**

# പദാവലി

**അ**

അകായിൽ – വീട്ടിനകത്ത് (ഗൃഹനായിക, അകായിലുള്ളവർ)
അക്കിലസ് – ഒരു ഗ്രീക്ക് കഥാപാത്രം. ഭൂമിയിൽ തൊട്ടുനിൽക്കുമ്പോഴേ അദ്ദേഹത്തിന് ശക്തിയുള്ളൂ.
അജപൗത്രൻ – അജമഹാരാജാവിന്റെ പൗത്രൻ (രാമൻ) പൗത്രൻ - പുത്രന്റെ പുത്രൻ
അടന്ത – ഒരു താളം
അടുത്തൂൺ – ജീവനാംശം, പെൻഷൻ
അണ്ഡമണ്ഡലം – ബ്രഹ്മാണ്ഡം
അത്യന്തം – ഏറ്റവും, വളരെയേറെ (അതി+അന്തം)
അഥ – പിന്നീട്, അനന്തരം
അദ്ദരിയിൽ – ആ ദരിയിൽ, ദരി= ഗുഹ, മട (അ+ദരിയിൽ)
അധമം – താഴ്ന്ന, നീചമായ
അനഘ – പരിശുദ്ധ, അഘമില്ലാത്ത (അഘം = പാപം)
അനഘസ്ഥാനം – നിർമലസ്ഥാനം, ശ്രേഷ്ഠസ്ഥാനം
അന്തർഭാവം – ആന്തരഭാവം
അന്നം – അരയന്നം, ആഹാരം
അനിയന്ത്രിതദീപ്തിയാം – അനിയന്ത്രിതമായ ദീപ്തിയാകുന്ന (ദീപ്തി - തേജസ്സ്)
അപോദ്ധരിക്കുക – വാക്യത്തെ അഴിച്ച് ഘടകങ്ങളാക്കുക
അബദ്ധൻ – അബദ്ധത്തിൽപെട്ടവൻ, ബന്ധമില്ലാത്തവൻ, ബുദ്ധിശൂന്യൻ
അമരം – അമരകോശം (സംസ്കൃത പദപഠനത്തിനുള്ള ആധാര ഗ്രന്ഥം)
അയി – അല്ലയോ (സംബോധന)
അരയന്നപ്രൗഢൻ – അരയന്നശ്രേഷ്ഠൻ
അലരി – അരളി
അല്ലൽ – ദുഃഖം
അവനതാസ്യ – അവനതമായ ആസ്യത്തോടുകൂടിയവൾ (കുനിഞ്ഞ മുഖത്തോടു കൂടിയവൾ), ആസ്യം - മുഖം
അവനി – ഭൂമി
അവിവേകം – വിവേകമില്ലായ്മ
അസ്മാദികൾ – നമ്മുടെ കൂട്ടർ

**ആ**

ആതിഥേയൻ – അതിഥിയെ സൽക്കരിക്കുന്നവൻ
ആത്മാനുരൂപൻ – തനിസ്വരൂപൻ
ആത്മോന്നതി – ആത്മ+ ഉന്നതി, ആത്മാവിന്റെ ഉയർച്ച
ആദിധാമം – ആദിയിലുള്ള സ്ഥാനം, ധാമം= ഇരിപ്പിടം, ഗൃഹം
ആഭിജാത്യം – കുലീനത, തറവാട്ടുമഹിമ

ആരാമം - പൂന്തോട്ടം
ആർഷം - ഋഷിയെ സംബന്ധിക്കുന്ന
ആവർജകം - ആകർഷകം
ആഹരി - ഒരു രാഗം
ആശ്രയം - താങ്ങ്, രക്ഷ, ശരണം, വിശ്രമസ്ഥാനം
ആളി - തോഴി

**ഇ**

ഇദാനീം - ഇപ്പോൾ
ഇന്ദീവരം - കരിംകൂവളം, നീലത്താമര
ഇറയം - വരാന്ത, തിണ്ണ, പുറംതിണ്ണ

**ഈ**

ഈയക്കോല് - കലപ്പത്തണ്ട്

**ഉ**

ഉജ്ജ്വല മഞ്ചഭൂവ് - പ്രകാശമുള്ള ശയ്യാഗൃഹം
ഉദാസീനം - ഒന്നിനോടും താല്പര്യം ഇല്ലായ്മ
ഉദിച്ചിട്ടും - വെളിപ്പെട്ടു കഴിഞ്ഞിട്ടും
ഉദ്ഗ്രഥിക്കുക - ചേർത്തുവയ്ക്കുക
ഉപദംശം - കറി (കൂട്ടാൻ)
ഉപസ്ഥാനം - രണ്ടാംസ്ഥാനം
ഉമ്മറം - വീടിന്റെ മുൻവശം
ഉമ്പർകോൻ - ദേവേന്ദ്രൻ, ഉമ്പരുടെ കോൻ (ദേവന്മാരുടെ രാജാവ്)
ഉരപ്പുര - ഉരൽപ്പുര, ഉരലും മറ്റും വച്ചിട്ടുള്ള പ്രത്യേക സ്ഥലം
(ഉരൽ+പുര —> ഉരൽപ്പുര)

**എ**

എരുത് - കന്നുകാലി

**ഏ**

ഏകതാനത - ഒന്നിൽത്തന്നെ ലയിച്ചിരിക്കുന്ന അവസ്ഥ
ഏവം - ഇപ്രകാരം
ഏല - വയൽ

**ഒ**

ഒക്കണ്ടേനിം - ഒക്കെയുണ്ട്താനും (ഗ്രാമ്യശൈലി)
ഒരു കരിക്ക് കന്നിനെ വേണം - ഒരു നുകത്തിൽ കെട്ടാൻ വേണ്ട കാളകളെ വേണം
കരി - നുകം, കലപ്പ

**ഓ**

ഓദനസ്യാപി - ഓദനസ്യ+അപി, ചോറിനുകൂടി
ഓലവാരുക - എഴുത്തോല ഒരുക്കുക

**ഔ**

ഔരസപുത്രൻ - സ്വന്തം പുത്രൻ (ഔരസം - ഉരസ്സിൽ നിന്നു ജനിക്കുന്ന)

**അം**

അംഗനമാർ മൗലേ - സ്ത്രീകൾക്ക് കിരീടമായിട്ടുള്ളവളേ,
സ്ത്രീകളിൽ ഉത്തമയായിട്ടുള്ളവളേ (മൗലി - കിരീടം, ശിരസ്സ്)

അംഗാരം - തീക്കൊള്ളി, തീക്കനൽ

**ക**

കച്ചറ - ഉപേക്ഷിക്കേണ്ട മലിനവസ്തുക്കൾ

കച്ചി - വൈക്കോൽ

കത്തലടക്കുക - വിശപ്പടക്കുക

കതിർക്കനകാസ്ത്രാവൃതൻ - കതിർ+കനക+അസ്ത്ര+ആവൃതൻ, കതിരാർന്ന കനകവസ്ത്രങ്ങളാൽ ആവൃതൻ
സ്വർണശരങ്ങൾ പോലെയുള്ള കിരണങ്ങളാൽ ആവൃതമായ ശരീരമുള്ളവൻ

കനകധൂസരം - കനകത്തിന്റെ കാന്തിയോടുകൂടിയ, സ്വർണംപോലെ മനോഹരമായ

കണ്ടം - വയൽ

കണ്യാർകളി - പാലക്കാടൻ പ്രദേശത്ത് നിലനിൽക്കുന്ന ഒരു നാടൻ കലാരൂപം

കയ്യാല - പുരയിടത്തിനു ചുറ്റുമുള്ള മൺചുവർ

കല്പകദ്രുമം - കല്പകവൃക്ഷം, സ്വർഗത്തിലെ വൃക്ഷം (ആഗ്രഹിക്കുന്നത് നൽകുന്ന വൃക്ഷം)

കലുഷം - കലങ്ങിയത്

കവാത്തു നടക്കുക - അങ്ങോട്ടുമിങ്ങോട്ടും നടക്കുക

കളിമ്പം - വിനോദം

കളഭം - ചാന്ത്, ചന്ദനക്കൂട്ട്
അകിൽ, ചന്ദനം, മാഞ്ചി തുടങ്ങി എട്ട് വസ്തുക്കൾ ചേർന്ന കുറിക്കൂട്ട്

കാരി - കറുത്ത നിറമുള്ള (പോത്ത്)

ക്ഷ - വളരെ, നന്നെ (ഭാഷാഭേദം)

ക്ഷമാ - ഭൂമി

ക്ഷിതി - ഭൂമി

ക്ഷയിക്കുന്നു - നശിക്കുന്നു

കാതം - ദൂരം അളക്കുന്നതിനുള്ള ഒരു തോത് - നാലുനാഴിക

കാതര - ഇളകുന്ന

കാതരനയന - ഇളകുന്ന മിഴിയോടുകൂടിയവൾ, സുന്ദരി

കാമിനിമൗലേ - സ്ത്രീകളിൽ ശ്രേഷ്ഠയായിട്ടുള്ളവളേ (കാമിനികൾക്ക് മൗലിയായിട്ടുള്ളവൾ)

കാനൽ - ചൂട്, വെളിച്ചം, സൂര്യരശ്മി

കിട്ടുമേ - കിട്ടും, കിട്ടുകതന്നെ ചെയ്യും

കുക്കുടാൻ - കുക്കുടം, കോഴി

കുശം - ദർഭ

കുസുമം - പുഷ്പം

കുറിഞ്ഞി - കാടും മലകളും ചേർന്ന സ്ഥലം

കുഹരം - ദ്വാരം (ഗുഹ)

കൂപം - കിണർ, കുഴി

| | | |
|---|---|---|
| കൃതശ്രദ്ധർ | - | ശ്രദ്ധാലുക്കൾ (കൃതമായ ശ്രദ്ധയോടു കൂടിയവർ - ശ്രദ്ധയർപ്പിച്ചവർ) |
| കേവഞ്ചി | - | കൊച്ചുവഞ്ചി |
| കൊങ്ങ് | - | ഒരു സ്ഥലം, കൊങ്ങുനാട്, കോയമ്പത്തൂർ |
| കൊങ്ങിണി | - | കൊങ്കണദേശക്കാരൻ |
| കൊരണ്ടിപ്പലക | - | ഇരിക്കാനുള്ള പലക |
| കോയ്മ | - | അധികാരം |
| കൗതുകം | - | സന്തോഷം, താത്പര്യം |
| ക്രന്ദനം | - | കരച്ചിൽ |
| **ഖ** | | |
| ഖരഹരപ്രിയ | - | കർണ്ണാടകസംഗീതത്തിലെ ഒരു രാഗം |
| **ഗ** | | |
| ഗഗനചാരി | - | ആകാശസഞ്ചാരി |
| ഗജവിക്രമന്മാർ | - | ആനയെപ്പോലെ പരാക്രമശാലികൾ |
| ഗണ്ഡസ്ഥലം | - | കവിൾത്തടം |
| ഗാട്ടുകാരൻ | - | കാവൽക്കാരൻ |
| ഗാട്ടുനടക്കുക | - | ജാഗ്രതയോടെ ചുറ്റി നടക്കുക |
| ഗാണ്ഡീവം | - | ഖാണ്ഡവവനം ദഹിപ്പിച്ചപ്പോൾ അഗ്നി അർജുനന് നൽകിയ വില്ല് |
| ഗിരിനിർഝരശാന്തിഗാനം | - | മലയരുവികളുടെ ശാന്തിഗീതം<br>നിർഝരി - ഉറവ, അരുവി |
| ഗുണമിളിതം | - | ഗുണം ചേർന്നത് |
| ഗുരു | - | വലുത് (× ലഘു) |
| ഗൃഹച്ഛിദ്രം | - | വീട്ടിലെ കുഴപ്പം, വീട്ടുവഴക്ക് |
| ഗ്രാപനം | - | രക്ഷണം, മറവ്, ഒളിക്കൽ |
| **ച** | | |
| ചതുർവിധം | - | നാലുതരം |
| ചന്ദ്രികാഭസിതസ്നാതൻ | - | വെണ്ണിലാവാകുന്ന ഭസ്മത്തിൽ കുളിച്ചവൻ |
| ചരിക്കുക | - | ചായ്ക്കുക, ചലിക്കുക |
| ചലദളി | - | ഇളകുന്ന വണ്ട്, ചലത് - ഇളകുന്ന (ചലത് + അളി) |
| ജ്ഞാതി | - | ബന്ധു |
| ചാതുരി | - | സാമർത്ഥ്യം, മിടുക്ക് |
| ചിത്രവിരിപ്പ് | - | വർണോജ്ജ്വലമായ വിരിപ്പ് |
| ചിറ്റോളം | - | ചെറിയ ഓളം |
| ചീതം | - | ശീതം എന്ന പദത്തിന്റെ തത്ഭവം (തണുപ്പ്) |
| ചുമ്മാട് | - | ഭാരം ചുമക്കുന്നവർ തല വേദനിക്കാതിരിക്കാനായി കെട്ടിയുണ്ടാക്കി വയ്ക്കുന്നത്, തെരിക. |
| ചെന്തീക്കതിർമാരി | - | ചെം+തീ+കതിർ+മാരി - ചുവന്ന തീപോലുള്ള കിരണങ്ങൾ കൊണ്ടുള്ള മഴ |
| ചെമ്പൻ | - | ചെമ്പൻ നിറമുള്ള (പോത്ത്) |
| ചെമ്പട | - | ആദിതാളത്തിന് സമാനമായ ഒരു താളം |

ചെമ്പുകിടാരം - ഒരുതരം ചെമ്പുപാത്രം

ചെറുതായില്ല ചെറുപ്പം - കൗമാരം പിന്നിട്ടിട്ടും ബാലചാപല്യങ്ങൾക്ക് കുറവു വരുന്നില്ല എന്ന് സൂചന

ചേറാടി - ഒരിനം നാടൻ നെൽവിത്ത്

ജ

ജഗത്പതി - ലോകേശ്വരൻ (രാജാവ്)

ജാഗരൂകം - ഉണർച്ചയുള്ള, ജാഗ്രതയുള്ള, ശ്രദ്ധയോടുകൂടിയ

ജാള്യം - ജളന്റെ ഭാവം, പരിഹസിക്കപ്പെട്ടവരുടെ ഭാവം

ജ്വാലാമുഖി - അഗ്നിപർവതം

ഝ

ഝരിക - പ്രവാഹം

ഝംകാരം - ഝം എന്ന ശബ്ദം, വണ്ടിന്റെ ശബ്ദം

ഡ

ഡിണ്ഡിമകല്പന്മാർ - ഉള്ളുപൊള്ളയായവർ, സ്വയം പുകഴ്ത്തുന്നവർ

ത

തടിനീജലബിംബിതാംഗി - നദീജലത്തിൽ ബിംബിച്ച രൂപത്തോടു കൂടിയവൾ

തദ്വിധാതാക്കൾ - തദ് + വിധാതാക്കൾ, വിധാതാക്കൾ - സ്രഷ്ടാക്കൾ, അതിന്റെ സ്രഷ്ടാക്കൾ

തന്തു - നൂല്, നാര്

തണ്ണീർപ്പന്തൽ - വഴിയാത്രക്കാർക്ക് ദാഹജലം നൽകുന്ന സ്ഥലം

തമുക്ക് - ഒരു വാദ്യോപകരണം

തരുഗുല്മസഞ്ചയം - വൃക്ഷങ്ങളുടെയും ചെടികളുടെയും കൂട്ടം, തരു-വൃക്ഷം, ഗുല്മം - ചെടി (മൊട്ട് എന്നും അർഥമുണ്ട്).

തവ - അങ്ങയുടെ, നിന്റെ

താട - കാളകളുടെയും മറ്റും കഴുത്തിനു താഴെ തൂങ്ങിക്കിടക്കുന്ന ഗ്രന്ഥി

ത്ലായ - വെള്ളം തേവുന്ന ഉപകരണം

തിഷ്ഠൻ - ഇരുന്നവൻ (നിന്നവൻ)

തുണകൂട്ടി - തുണയ്ക്ക് കൂടെക്കൂട്ടി

തുരുത്ത് - വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശം

തുറുപ്പുചീട്ട് - ജയിപ്പിക്കുന്ന വസ്തു, പ്രധാനകാര്യം, ചീട്ടിലെ പ്രധാന ഇനം

തേ - അങ്ങേയ്ക്ക്, നിനക്ക്

തേ വിപത്ത് - അങ്ങയുടെ ആപത്ത്

തൊയിരം - സൈ്വരം

തോന്നുമ്മാറ് - തോന്നുംവിധം

ദ

ദിനസാമ്രാജ്യപതി - ദിനമാകുന്ന സാമ്രാജ്യത്തിന്റെ പതിയായവൻ, സൂര്യൻ ദിനം = പകൽ, ദിവസം

ദുഃഖഭാക്കുകൾ - ദുഃഖത്തെ ഭജിക്കുന്നവൻ, ദുഃഖം അനുഭവിക്കുന്നവർ

ദുർഭഗത്വം - ഭാഗ്യമില്ലായ്മ

ദ്രുമം - വൃക്ഷം

| | | |
|---|---|---|
| ദ്യോവിൽ | – | ആകാശത്തിൽ (ഉപരിലോകത്ത്) |
| ദ്വിജാവന്തി | – | ഒരു രാഗം |

**ധ**

| | | |
|---|---|---|
| ധര | – | ഭൂമി |
| ധരണി | – | ഭൂമി |
| ധാതുരാശി | – | മണ്ണിനടിയിലെ ധാതുരൂപങ്ങൾ |
| ധുരം | – | ഭാരം, നുകം |

**ന**

| | | |
|---|---|---|
| നതി | – | നമസ്കാരം, സ്തുതി |
| നരിന്ത് | – | ശോഷിച്ച, ദുർബലമായ, കിളിന്ത് |
| നളിനം | – | താമര |
| നളിനജന്മാവ് | – | ബ്രഹ്മാവ് (വിഷ്ണുവിന്റെ നാഭീനളിനത്തിൽ ജനിച്ചവൻ) |
| നളിനജന്മവചസാ | – | ബ്രഹ്മാവിന്റെ വാക്കിനാൽ |
| നളിനമിഴിമാർ | – | സുന്ദരിമാർ |
| നന്ന്യല്ല (പ്രാദേശികം) | – | എന്നുതന്നെയല്ല |
| നാസം | – | നാസിക, മൂക്ക് |
| നാസാകുഹരം | – | നാസാദ്വാരം |
| നാസാകുഹരസരസ്സൈരിഭം | – | നാസാകുഹരമാകുന്ന സരസ്സിലെ കാട്ടുപോത്ത് |
| നിയതം | – | നിത്യം |
| നിയ്ക്കിക്ഷ | – | എനിക്ക് 'ക്ഷ' (എനിക്ക് നന്നെ പിടിച്ചു) |
| നിരപേക്ഷം | – | ഒന്നിനെയും ആശ്രയിക്കാതെ |
| നിരീക്കുക | – | നിരീക്ഷിക്കുക, വിചാരിക്കുക |
| നിലപ്പന | – | ദശപുഷ്പങ്ങളിൽ ഒന്ന് |
| നിഷ്കണ്ടകം | – | ശത്രുവില്ലാത്തത് |
| നിഷ്ക്രമിക്കുക | – | പുറത്തുപോകുക, വെളിയിൽ വരിക |
| നിഷ്ഠ | – | സ്ഥിതി, തീവ്രനിശ്ചയം, വ്രതാനുഷ്ഠാനം |
| നിസ്സന്ദേഹം | – | സന്ദേഹം കൂടാതെ, സംശയമില്ലാതെ |
| നിറന്ന് | – | ഭംഗിയിൽ |
| നെല്ലിപ്പലക | – | ജലം സദാ നിർമലമായിരിക്കാനായി കിണറ്റിന്റെ അടിഭാഗത്തിടുന്ന നെല്ലിമരത്തിന്റെ പലക |
| നെയ്തൽ | – | കടൽത്തീരം |
| നെല്ലിപ്പലക കാണുക(ശൈലി) | – | അടിത്തട്ട് കാണുക, അങ്ങേയറ്റംവരെ |
| നോയ്പ് | – | നോയ്മ്പ് |

**പ**

| | | |
|---|---|---|
| പക്ഷപാതം | – | ഭാഗം ചേരൽ, ഒരുപക്ഷത്തേക്കു മാറൽ |
| പട്ടുകിടക്കുക | – | വീണുകിടക്കുക, മരിച്ചുകിടക്കുക |
| പതിവ്രത | – | ഭർത്തൃപരിചരണം വ്രതമാക്കിയവൾ, ഭർത്താവിൽ നിഷ്ഠയാർന്നവൾ |
| പതിറ്റടി | – | ഉച്ചതിരിഞ്ഞ് നിഴൽ പത്തടി നീളമാകുന്ന സമയം |
| പദേ | – | സ്ഥാനത്ത് |
| പരഗതി | – | മോക്ഷം |
| പരിദേവനം | – | കരച്ചിൽ, വിലാപം, കരഞ്ഞു പറയൽ |

പരിപക്വസത്വൻ - പരിപക്വമായ അന്തക്കരണത്തോടു കൂടിയവൻ

പഴിക്കും - പഴിപറയും, അപവാദം പറയും

പറയ്യും വയ്യ - പറയാനും പറ്റില്ല

പാണക്കോല് - കാലിയെ തെളിക്കാനുള്ള കോല് (പാണലിന്റെ കോല്, പാണൽ - ഒരു സസ്യം)

പിതൃഘാതി - പിതാവിനെ കൊന്നവൻ

പീയൂഷം - അമൃത്

പുരാ - പണ്ട്

പുല്ല - ഒരു തരം മഞ്ഞ നിറം (മങ്ങിയ നിറം) ഉള്ള കന്നുകാലി

പുൽപ്പണ്ടം - കന്നുകാലി

പുറത്തളം - പുറത്തെ തളം

പുറപ്പെടൂം ചെയ്തു - പുറപ്പെടുകയും ചെയ്തു

പൂഞ്ഞക്കെട്ട് - കാളയുടെ ഉപ്പുചുമൽ (കാളയുടെ കഴുത്തിനു മുകളിലുള്ള മുഴ)

പേശുക - പറയുക

പൈദാഹം - വിശപ്പും ദാഹവും (പൈയും ദാഹവും)

പൊരുത്തുകാർ - ഇടനിലക്കാർ

പോർനിലം - യുദ്ധവേദി, പടക്കളം

പ്രതിപാദനം - വിവരണം

പ്രതിപദമപി - ഓരോ കാലടിവയ്പിൽ പോലും (പ്രതിപദം+അപി)

പ്രമദം പൂണ്ടവൾ - തീവ്രമായ ആഹ്ലാദമുള്ളവൾ

പ്രമാദം - തെറ്റ്

പ്രയോക്താക്കൾ - പ്രയോഗത്തിൽ വരുത്തുന്നവർ, നടപ്പാക്കുന്നവർ

പ്രസു - അമ്മ

### ബ

ബലിസത്വം - ബലിനൽകാനുള്ള വ്യക്തി

ബന്ധനം ചെയ്യേണ്ട - ബന്ധനത്തിലാക്കേണ്ട

ബാലേ - കുമാരീ (ബാല എന്ന ശബ്ദത്തിന്റെ സംബോധനാരൂപം)

ബാല്യക്കാരൻ - യുവാവ്

ബിസിനീതന്തു - താമരനൂൽ

### ഭ

ഭജമാനൈകവിഭാവം - ഭജിക്കുന്നവർക്കു മാത്രം അറിയാൻ കഴിയുന്ന സ്ഥാനം

ഭവദങ്കശയ്യ - അങ്ങയുടെ മടിത്തട്ടാകുന്ന മെത്ത

ഭവദംഘ്രിലീന - അങ്ങയുടെ പാദത്തിൽ ലയിച്ചവൾ

ഭർത്രി - ഭരിക്കുന്നവൾ

ഭുജശാഖ - കൈയാകുന്ന മരക്കൊമ്പ്

ഭുവനപ്രശസ്തർ - ലോകപ്രസിദ്ധർ

ഭൂരിശ്രവാവ് - സോമദത്തന്റെ പുത്രൻ, കൗരവരുടെ സ്നേഹിതൻ

ഭോജ്യരസം - ഭക്ഷണത്തിന്റെ സുഖം

ഭോജവൃഷ്ണ്യന്ധക വീരന്മാർ - ഭോജ, വൃഷ്ണി, അന്ധക എന്നീ വിഭാഗങ്ങളിൽപ്പെട്ട വീരന്മാർ

ഭോഷ്ക്ക് - വിഡ്ഢിത്തം

**മ**

| | | |
|---|---|---|
| മഞ്ജുനാദം | - | മനോഹരമായ നാദം |
| മനുസ്മൃതി | - | മനുവിന്റെ നിയമസംഹിത |
| മന്ദം | - | പതുക്കെ, മെല്ലെ |
| മന്നിൽ | - | ഭൂമിയിൽ |
| മദലുളിതം | - | മദത്താൽ ഇളകിയ (ദമയന്തിയുടെ നടത്തം വിലാസ പൂർണമാണെന്ന് സൂചന) |
| മമത | - | എന്റേത് എന്ന തോന്നൽ, സ്നേഹം |
| മമ | - | എന്റെ |
| മരച്ചും | - | മരവിച്ചും |
| മരീചികേശൻ | - | വെളുത്ത മുടിയോടുകൂടിയവൻ |
| മരുതം | - | വയൽപ്രദേശം |
| മാറ്റ്യാൻ | - | കൊള്ളരുതാത്തവൻ, ദുഷ്ടൻ |
| മിന്നം വെളുക്കുക | - | നേരം വെളുക്കുക |
| മുക്കുറ്റി | - | ദശപുഷ്പങ്ങളിൽ ഒന്ന് |
| മുക്തകണ്ഠം | - | ഉച്ചത്തിൽ (മുക്തമായ കണ്ഠത്തോടുകൂടി, മുക്തം = മോചിതം) |
| മുരിഞ്ഞപ്പേരി | - | മുരിങ്ങയിലകൊണ്ടുള്ള ഉപ്പേരി (തോരൻ) |
| മുഷ്കൻ | - | ഗർവിഷ്ഠൻ, ശല്യക്കാരൻ |
| മുഷ്ടി | - | ചുരുട്ടിപ്പിടിച്ച കൈ |
| മൂകം | - | ശബ്ദിക്കാത്തത് |
| മൂസ് | - | മൂത്ത സഹോദരൻ |
| മൂലാധാരം | - | അടിസ്ഥാന കാരണം |
| മൃഗങ്ങൾ | - | മാൻകൂട്ടങ്ങൾ |
| മൃഗാങ്കൻ | - | ചന്ദ്രൻ (മടിയിൽ മാൻകുട്ടിയെ വച്ചിരിക്കുന്നവൻ) |
| മൃദുലളിതം | - | മൃദുവും ലളിതവുമായ |
| മേനി | - | പൊങ്ങച്ചം |
| മേധാശ്വം | - | യാഗത്തിനുള്ള കുതിര (മേധ = യാഗം, അശ്വം = കുതിര) |
| മൈല | - | വെളുപ്പും കറുപ്പും കൂടിയ നിറം (ഉള്ള കാള) |

**യ**

| | | |
|---|---|---|
| യജിക്കുക | - | യാഗം ചെയ്യുക |

**ര**

| | | |
|---|---|---|
| രതിപതി | - | കാമദേവൻ, രതിയുടെ ഭർത്താവ് |
| രണൽഭ്രമരവ്യാകുലം | - | ശബ്ദിക്കുന്ന വണ്ടുകൾ നിറഞ്ഞ |
| രാഹിത്യം | - | രഹിതഭാവം, ഇല്ലായ്മ |
| രുജ | - | ദുഃഖം |
| രോമഹർഷണം | - | രോമാഞ്ചം |

**ല**

| | | |
|---|---|---|
| ലക്ഷണ | - | ലക്ഷണമുള്ളവൾ, ദുര്യോധനന്റെ പുത്രി |
| ലസിതസ്മിതൻ | - | ലസിതമായ സ്മിതത്തോടു കൂടിയവൻ, വിടർന്ന പുഞ്ചിരിയോടുകൂടിയവൻ |

| | | |
|---|---|---|
| ലുത്തീനിയ | - | കന്യാമറിയത്തെപ്പോലുള്ള പരിശുദ്ധരെ വിവിധ വിശേഷണങ്ങൾ കൊണ്ട് നാമം പോലെ ആരാധിക്കുന്ന പ്രാർഥന |
| ലോഭം | - | അത്യാഗ്രഹം, ധനാഗ്രഹം |

**വ**

| | | |
|---|---|---|
| വചസാ | - | വാക്കിനാൽ, വാക്കനുസരിച്ച് |
| വണ്ടിപ്പേട്ട | - | വണ്ടിത്താവളം, വണ്ടികൾ വാടകയ്ക്കും മറ്റും കൊടുക്കുന്ന സ്ഥലം |
| വയ്യേനിം | - | വയ്യതാനും (സംഭാഷണ ഭാഷാരൂപം) |
| വരുമേ | - | വന്നുചേരും, വരികതന്നെ ചെയ്യും (പ്രയോഗവിശേഷം) |
| വല്ലവീവല്ലഭൻ | - | ഗോപസ്ത്രീയുടെ ഭർത്താവ് (കൃഷ്ണൻ) |
| വഴി പിഴയ്ക്കും | - | വഴിതെറ്റിപ്പോകും |
| വാക്കാം വർണക്കുട | - | വാക്കാകുന്ന വർണക്കുട |
| വാപി | - | പൊയ്ക |
| വാലിയക്കാരൻ | - | ചെറുപ്പക്കാരൻ, ബാല്യക്കാരൻ, ഭൃത്യൻ |
| വികിരശ്രേണി | - | പക്ഷിക്കൂട്ടം |
| വിധുമണ്ഡലം | - | ചന്ദ്രമണ്ഡലം |
| വിയദാലയവാതിൽ | - | ആകാശമാകുന്ന ഭവനത്തിന്റെ വാതിൽ |
| വിവേകധനർ | - | വിവേകം ധനമായിട്ടുള്ളവർ |
| വിഷണ്ണൻ | - | വിഷാദിച്ചവൻ, സങ്കടപ്പെട്ടവൻ, ദുഃഖിതൻ |
| വിഷാദദന്തുരം | - | വിഷാദം നിറയുന്ന |
| വെന്നിക്കൊടി | - | വിജയപതാക |
| വെള്ളം ചെപ്പി | - | വെള്ളം തെറിപ്പിച്ച് |
| വേട് | - | ആലിന്റെ ഊന്നുവേര് |
| വേറാമതുപൊഴുത് | - | വേർപെട്ട സന്ദർഭത്തിൽ |
| വൈജയന്തിക | - | കൊടി, മാല |
| വ്യാപൃതൻ | - | മുഴുകിയവൻ |
| വ്രണം | - | മുറിവ് |

**ശ**

| | | |
|---|---|---|
| ശിഗ്രുപല്ലവ | - | മുരിങ്ങയുടെ തളിര് |
| ശിഥിലസ്വപ്നം | - | തകർന്ന സ്വപ്നം |
| ശെത്തം | - | ശബ്ദം |
| ശോണിതം | - | ചോര |

**ഷ**

| | | |
|---|---|---|
| ഷൂളം | - | ചൂളം എന്ന പദത്തിന്റെ പ്രാദേശികരൂപം (ചൂളം വിളിക്കുക) |

**സ**

| | | |
|---|---|---|
| സഖിമാരിലധികം | - | തോഴിമാരേക്കാൾ |
| സഞ്ചരണം | - | സഞ്ചരിക്കൽ, കളിയാടിനടക്കൽ |
| സന്തതം | - | എല്ലായ്പ്പോഴും |
| സമഗ്രം | - | സമ്പൂർണം |
| സരസ്സ് | - | പൊയ്ക, തടാകം |
| സഹധർമിണി | - | കൂടെ ധർമം അനുഷ്ഠിക്കുന്നവൾ, ഭാര്യ |
| സഹാസം | - | ചിരിയോടെ |

| | | |
|---|---|---|
| സാർവത്രികം | - | എല്ലായിടത്തുമുള്ളത് |
| സീമന്തപുത്രൻ | - | മൂത്തമകൻ |
| സുസിതാംബരൻ | - | വെളുത്ത വസ്ത്രത്തോടു കൂടിയവൻ (സുസിത+അംബരൻ) |
| സൂക്തം | - | വേദവാക്യം, സ്തുതി |
| സൈരിഭം | - | കാട്ടുപോത്ത് |
| സൗരഭം | - | സുഗന്ധം |
| സ്വീറ്റ് | - | സ്യൂട്ട്, പഞ്ചനക്ഷത്രസൗകര്യമുള്ള ഹോട്ടലിലെ മുറികളുടെ സഞ്ചയം (ഡ്രോയിങ് റൂം, ബെഡ്റൂം, കിച്ചൺ, ... ചേർന്നവ) |
| സംക്രന്ദനൻ | - | ഇന്ദ്രൻ |
| ഹൃദയംഗമത്വം | - | ഹൃദയത്തെ സ്പർശിക്കാനുള്ള കഴിവ് |
| ഹൃദയാവർജകം | - | ഹൃദയ+ആവർജകം, ആവർജകം - ആകർഷകം ഹൃദയത്തെ ആകർഷിക്കുന്നത് |

# ഗ്രന്ഥകർത്താക്കളും കൃതികളും

**തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ (16–ാം നൂറ്റാണ്ട്)**

ആധുനിക മലയാളഭാഷയുടെ പിതാവ്. മലപ്പുറംജില്ലയിൽ തിരൂരിനടുത്ത് തുഞ്ചൻപറമ്പിൽ ജനനം. കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിന്റെ മുഖ്യപ്രയോക്താവായിരുന്നു. കവിതകളിൽ ഉടനീളം തത്ത്വചിന്തയുടെയും ധർമബോധത്തിന്റെയും ചൈതന്യം നിറഞ്ഞു നിൽക്കുന്നു. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. മഹാഭാരതം കിളിപ്പാട്ട്, അധ്യാത്മരാമായണം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ചിന്താരത്നം, ഇരുപത്തിനാല് വൃത്തം എന്നിവ പ്രധാന കൃതികൾ.

**ഉണ്ണായിവാരിയർ (18–ാം നൂറ്റാണ്ട്)**

ആട്ടക്കഥാകാരന്മാരിൽ പ്രമുഖൻ. തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ അകത്തൂട്ട് വാരിയത്ത് ജനനം. വേദാന്തത്തിലും വൈദ്യത്തിലും സംഗീതത്തിലും നൈപുണിയുണ്ടായിരുന്നു. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ മഹാരാജാവ്, കൊച്ചിരാജാവ് എന്നിവരുടെ ആശ്രിതനായിരുന്നു. കുഞ്ചൻനമ്പ്യാരുടെയും രാമപുരത്തു വാരിയരുടെയും സമകാലികനായിരുന്നുവെന്നും പറയപ്പെടുന്നു. നളചരിതം ആട്ടക്കഥയുടെ കർത്താവ് എന്ന നിലയിൽ പ്രശസ്തി. സാഹിത്യഗുണം കൊണ്ടും സംഗീതമാധുര്യംകൊണ്ടും ഉന്നതനിലവാരം പുലർത്തുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ. ഗിരിജാകല്യാണം, രാമപഞ്ചശതി എന്നീ കൃതികൾ ഉണ്ണായിവാരിയരുടെതാണെന്ന് അഭിപ്രായമുണ്ട്.

**കുമാരനാശാൻ (1873 – 1924)**

ആധുനിക കവിത്രയത്തിലൊരാൾ. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിലുള്ള കായിക്കര ഗ്രാമത്തിൽ ജനിച്ചു. ശ്രീനാരായണഗുരുവിന്റെ പ്രധാന ശിഷ്യൻ. എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയായി പ്രവർത്തിച്ചു. ബാംഗ്ലൂരിലും മദ്രാസിലും കൽക്കട്ടയിലും ഉപരിപഠനം നടത്തി. 1907– ൽ പ്രസിദ്ധീകരിച്ച 'വീണപൂവ്' മലയാളകവിതയിൽ ഒരു പുതുയുഗത്തിന് ആരംഭം കുറിച്ചു. നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ തുടങ്ങിയ ഖണ്ഡകാവ്യങ്ങളും നിരവധി ഭാവഗീതങ്ങളും ബാലകവിതകളും രചിച്ചിട്ടുണ്ട്. അതേവരെ നിലനിന്ന കാവ്യരീതിക്കു മാറ്റം വരുത്തി തനതായ ഒരു ശൈലിക്ക് രൂപംകൊടുത്തു. മലയാളകവിതയിൽ കാല്പനികവസന്തത്തിനു തുടക്കം കുറിച്ചവരിൽ പ്രമുഖൻ.

**ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877 – 1949)**

ആധുനിക കവിത്രയത്തിലൊരാൾ. ചങ്ങനാശ്ശേരിയിൽ ജനനം. അലങ്കാരപൂർണവും പണ്ഡിതോചിതവുമായ ഒരു കാവ്യശൈലിയുടെ ഉടമ. ലളിതശൈലിയിലുള്ള ബാലകവിതകളും ഉമാകേരളം എന്ന മഹാകാവ്യവും നിരവധി ഖണ്ഡകാവ്യങ്ങളും ഗവേഷണലേഖനങ്ങളും ഉള്ളൂർ രചിച്ചിട്ടുണ്ട്. അഞ്ചുവാല്യങ്ങളിലായി രചിച്ച കേരളസാഹിത്യചരിത്രം മലയാളത്തിനു ലഭിച്ച വിലപ്പെട്ട സംഭാവനയാണ്. കർണഭൂഷണം, പിംഗള, ഭക്തിദീപിക (ഖണ്ഡകാവ്യങ്ങൾ), കിരണാവലി, താരഹാരം, തരംഗിണി, അമൃതധാര, കല്പശാഖി (കവിതാസമാഹാരങ്ങൾ) തുടങ്ങിയവ പ്രധാന കൃതികൾ.

**കേസരി എ. ബാലകൃഷ്ണപിള്ള (1889–1960)**

പ്രശസ്ത നിരൂപകൻ, പത്രപ്രവർത്തകൻ. 1889-ൽ തിരുവനന്തപുരത്തു ജനിച്ചു. അധ്യാപകനായും വക്കീലായും പത്രാധിപരായും ജോലി ചെയ്തു. സ്വേച്ഛാധിപത്യത്തിനെതിരേ 1930-ൽ അദ്ദേഹം ആരംഭിച്ച പത്രമാണ് 'കേസരി'. തന്റെ പത്രത്തിന്റെ പേരിലാണ് പിൽക്കാലത്ത് അദ്ദേഹം അറിയപ്പെട്ടത് സാഹിത്യനിരൂപണത്തിൽ മനശ്ശാസ്ത്രാവബോധവും ചരിത്രാവബോധവും പ്രയോജനപ്പെടുത്തിയ വിമർശകൻ. ചരിത്രം, സാഹിത്യനിരൂപണം, വിവർത്തനം തുടങ്ങിയ വിഭാഗങ്ങളിലായി 34 കൃതികൾ. രൂപ

മഞ്ജരി, നോവൽപ്രസ്ഥാനങ്ങൾ, സാഹിത്യഗവേഷണമാല, സാങ്കേതികഗ്രന്ഥ നിരൂപണങ്ങൾ, സാഹിത്യവിമർശനങ്ങൾ, കേസരിയുടെ മുഖപ്രസംഗങ്ങൾ എന്നിവ പ്രധാന കൃതികളാണ്. ഒട്ടേറെ വിവർത്തനകൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കാരൂർ നീലകണ്ഠപ്പിള്ള (1898 – 1975)**

സുപ്രസിദ്ധ കഥാകൃത്ത്. ഏറ്റുമാനൂരിൽ ജനിച്ചു. അധ്യാപകനായിരുന്നു. സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ സ്ഥാപക സെക്രട്ടറി. നാട്ടിൻപുറത്തെ സാധാരണ മനുഷ്യരുടെ ജീവിതചിത്രങ്ങളാണ് കാരൂർ കഥകളിൽ വരച്ചുവച്ചിരിക്കുന്നത്. പഴയ ഗ്രാന്റ് സ്കൂൾ അധ്യാപകരുടെ ദയനീയത വെളിവാക്കുന്ന കഥകൾ പ്രശസ്തമാണ്. മരപ്പാവകൾ, പൂവമ്പഴം, പിശാചിന്റെ കുപ്പായം, പൊതിച്ചോറ്, തെരഞ്ഞെടുത്ത കഥകൾ തുടങ്ങിയവ പ്രധാന ചെറുകഥാസമാഹാരങ്ങൾ. ഹരി, ഗൗരി, പഞ്ഞിയും തുണിയും എന്നിവയാണ് നോവലുകൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

**കുട്ടികൃഷ്ണമാരാര് (1900 – 1973)**

മലയാളനിരൂപകരിൽ പ്രമുഖൻ. മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്ട് ജനിച്ചു. സംസ്കൃതഭാഷയിലെ ഈടുറ്റ നിരൂപണസിദ്ധാന്തങ്ങളാണ് മാരാരുടെ സാഹിത്യനിരൂപണത്തിന്റെ അടിത്തറ. പ്രൗഢമാണ് അദ്ദേഹത്തിന്റെ ഗദ്യശൈലി. മലയാളശൈലി, സാഹിത്യസല്ലാപം, സാഹിത്യഭൂഷണം, രാജാങ്കണം, സാഹിത്യവിദ്യ, കൈവിളക്ക്, ചർച്ചായോഗം, ദന്തഗോപുരം, ഭാരതപര്യടനം, ഋഷിപ്രസാദം, വൃത്തശില്പം, കല ജീവിതം തന്നെ തുടങ്ങിയ സ്വതന്ത്രകൃതികളും കാളിദാസകൃതികൾക്കെഴുതിയ പരിഭാഷകളുമാണ് പ്രധാന കൃതികൾ. 'കല ജീവിതം തന്നെ' എന്ന ഗ്രന്ഥത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

**ജോസഫ് മുണ്ടശ്ശേരി (1903 – 1977)**

പ്രസിദ്ധ നിരൂപകൻ. തൃശ്ശൂരിലെ കണ്ടശ്ശാങ്കടവിൽ ജനിച്ചു. കേരളത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ ഉജ്ജ്വലമായ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞ ചിന്തകരിൽ പ്രമുഖനാണ്. സാഹിത്യവിമർശകൻ, അധ്യാപകൻ, വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ, വിദ്യാഭ്യാസമന്ത്രി എന്നിങ്ങനെ ബഹുമുഖ വ്യക്തിത്വത്തിനുടമ. ഭാരതീയവും പാശ്ചാത്യവുമായ കാവ്യമീമാംസകളെ ഔചിത്യപൂർവം സമന്വയിപ്പിച്ചുകൊണ്ടുള്ള ഉന്മേഷകരമായ ഒരു നിരൂപണപദ്ധതിയാണ് അദ്ദേഹം സ്വീകരിച്ചത്. മാനദണ്ഡം, കാവ്യപീഠിക, മാറ്റൊലി, കരിന്തിരി, പ്രയാണം, നാടകാന്തം കവിത്വം, രൂപഭദ്രത, മനുഷ്യകഥാനുഗായികൾ, വായനശാലയിൽ തുടങ്ങിയ നിരൂപണഗ്രന്ഥങ്ങളും പ്രൊഫസർ, കൊന്തയിൽനിന്നു കുരിശിലേക്ക്, പാറപ്പുറത്തു വിതച്ച വിത്ത് എന്നീ നോവലുകളും കൊഴിഞ്ഞ ഇലകൾ എന്ന ആത്മകഥയും പ്രധാന കൃതികൾ.

**തകഴി ശിവശങ്കരപ്പിള്ള (1912 – 1999)**

ജ്ഞാനപീഠപുരസ്കാരം നേടിയ നോവലിസ്റ്റ്. ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു. വക്കീലായിരുന്നു. കുട്ടനാടിന്റെ കഥാകാരൻ. മാനസികാപഗ്രഥനത്തിലൂന്നിയ ചെറുകഥകളെഴുതി. സമൂഹത്തിലെ വിവിധ തലങ്ങളിലെ മനുഷ്യരുടെ ജീവിതം പ്രമേയമാക്കി നോവലുകളെഴുതി. തിരുവനന്തപുരത്തെ സർക്കാരുദ്യോഗസ്ഥരുടെ ജീവിതം 'ഏണിപ്പടികളി'ലും കുട്ടനാട്ടിലെ കർഷകരുടെ ജീവിതം കയർ, രണ്ടിടങ്ങഴി എന്നീ നോവലുകളിലും കടപ്പുറത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതം 'ചെമ്മീനി'ലും ആലപ്പുഴപ്പട്ടണത്തിലെ തോട്ടികളുടെ ജീവിതം തോട്ടിയുടെ മകൻ എന്ന നോവലിലും അദ്ദേഹം ആവിഷ്കരിച്ചു. തോറ്റില്ല (നാടകം), എന്റെ വക്കീൽ ജീവിതം (ഓർമക്കുറിപ്പുകൾ), ഘോഷയാത്ര, അടിയൊഴുക്കുകൾ, തെരഞ്ഞെടുത്ത കഥകൾ (കഥകൾ) തുടങ്ങിയവയാണ് മറ്റു പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും ലഭിച്ചിട്ടുണ്ട്.

**കോവിലൻ (1923–2010)**

പ്രസിദ്ധ നോവലിസ്റ്റും ചെറുകഥാകൃത്തും. തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരിയിൽ ജനിച്ചു. കണ്ടാണശ്ശേരി വട്ടംപറമ്പിൽ വേലപ്പൻ അയ്യപ്പൻ എന്നാണ് യഥാർഥ പേര്. കോവിലൻ എന്നത് തൂലികാനാമമാണ്. ഇന്ത്യൻ സൈന്യത്തിൽ ജോലി ചെയ്തു. പട്ടാളക്കഥകളെഴുതി

യാണ് പേരെടുത്തത്. പിൽക്കാലത്ത് തോറ്റങ്ങൾ, തട്ടകം എന്നീ നോവലുകളിലൂടെ തന്റെ ജന്മനാടിന്റെ കഥ പറഞ്ഞു. എ മൈനസ് ബി, ഹിമാലയം, ഏഴാമെടങ്ങൾ, ജന്മാന്തരങ്ങൾ, തകർന്ന ഹൃദയങ്ങൾ, താഴ്വരകൾ, ഭരതൻ (നോവലുകൾ), കോവിലന്റെ കഥകൾ, ആദ്യത്തെ കഥകൾ, ശകുനം, ഒരു കഷണം അസ്ഥി, ഒരിക്കൽ മനുഷ്യനായിരുന്നു, ഈ ജീവിതം അനാഥമാണ്, ഒരു പലം മനയോല, വേണ്ടാംകടി, തേർവാഴ്ചകൾ (കഥാസമാഹാരങ്ങൾ), ആത്മഭാഷണങ്ങൾ, കഥയും കഥകളും, കോവിലന്റെ ലേഖനങ്ങൾ (ഉപന്യാസങ്ങൾ) എന്നിവയാണ് മറ്റു പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

**പി. ഭാസ്കരൻ (1924 – 2007)**

കവി, ഗാനരചയിതാവ്. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനനം. സ്വാതന്ത്ര്യസമരസേനാനി, ചലച്ചിത്ര സംവിധായകൻ, ആകാശവാണിയിൽ പ്രൊഡ്യൂസർ എന്നീ നിലകളിലും പ്രശസ്തൻ. 1942- ൽ ക്വിറ്റ് ഇന്ത്യാ സമരത്തോടനുബന്ധിച്ച് ജയിൽവാസം വരിച്ചു. ഓർക്കുകവല്ലപ്പോഴും, ഒറ്റക്കമ്പിയുള്ള തംബുരു, ഒസ്യത്ത്, പാടുന്ന മൺതരികൾ, നാഴിയുരിപ്പാല് തുടങ്ങിയവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. രാമുകാര്യാട്ടിനോടൊപ്പം സംവിധാനം നിർവഹിച്ച 'നീലക്കുയിൽ' രാഷ്ട്രപതിയുടെ രജതകമലം നേടി. ചലച്ചിത്ര രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ജെ.സി. ദാനിയേൽ പുരസ്കാരം നേടി.

**നമ്പൂതിരി**

പ്രസിദ്ധ ചിത്രകാരൻ. 1925- ൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനിച്ചു. വാസുദേവൻ നമ്പൂതിരി എന്നാണ് മുഴുവൻ പേര്. കെ.സി.എസ്. പണിക്കർ, ഡി.പി. റോയ്ചൗധരി തുടങ്ങിയ പ്രമുഖ ചിത്രകാരന്മാരുടെ കീഴിൽ ചിത്രകല അഭ്യസിച്ചു. രേഖാചിത്രകലയിലാണ് വ്യക്തിമുദ്ര പതിപ്പിച്ചത്. എം.ടി.യുടെ 'രണ്ടാമൂഴം' ഉൾപ്പെടെ ഒട്ടേറെ കൃതികൾക്ക് ചിത്രീകരണം നിർവഹിച്ചു. 1960 മുതൽ തുടർച്ചയായി ആനുകാലികങ്ങൾക്കുവേണ്ടി രേഖാചിത്രം വരച്ചു. ശില്പി എന്ന നിലയിലും പ്രശസ്തനാണ്. കേരള കലാമണ്ഡലത്തിലെ കഥകളി ശില്പങ്ങളും ചെമ്പുതകിടുകളിൽ രചിച്ച മഹാഭാരതചിത്രീകരണവും പ്രധാന കലാസൃഷ്ടികളാണ്. നമ്പൂതിരിയുടെ ആത്മാംശമുൾക്കൊള്ളുന്ന കൃതിയാണ് 'രേഖകൾ'. രാജാരവിവർമ പുരസ്കാരമുൾപ്പെടെ അനേകം ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**അക്കിത്തം അച്യുതൻ നമ്പൂതിരി**

പ്രസിദ്ധകവി. 1926- ൽ പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ ജനിച്ചു. വി.ടി.ക്കൊപ്പം സാമുദായികപ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഇടശ്ശേരി നേതൃത്വം നൽകിയ പൊന്നാനിയിലെ സാഹിത്യസദസ്സിൽ അംഗമായിരുന്നു. ആകാശവാണിയിൽ ജോലിചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ബലിദർശനം, വെണ്ണക്കല്ലിന്റെ കഥ, ഇടിഞ്ഞുപൊളിഞ്ഞ ലോകം, ആലഞ്ഞാട്ടമ്മ, അക്കിത്തം കവിതകൾ, അക്കിത്തത്തിന്റെ കുട്ടിക്കവിതകൾ എന്നിവ പ്രധാന കൃതികൾ. ഭാഗവതം പരിഭാഷപ്പെടുത്തി. എഴുത്തച്ഛൻ പുരസ്കാരവും കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും ലഭിച്ചിട്ടുണ്ട്.

**ഡോ. കെ. അയ്യപ്പപ്പണിക്കർ (1930–2006)**

മലയാളകവിതയിൽ ആധുനികതാപ്രസ്ഥാനത്തിന് തുടക്കം കുറിച്ചവരിലൊരാൾ. ആലപ്പുഴ ജില്ലയിൽ കാവാലത്ത് ജനിച്ചു. അധ്യാപകനായിരുന്നു. കുരുക്ഷേത്രം, മൃത്യുപൂജ, കുട്ടനാടൻ ദൃശ്യങ്ങൾ, കുടുംബപുരാണം, കാർട്ടൂൺ കവിതകൾ, ഗോപികാദണ്ഡകം എന്നിവ പ്രസിദ്ധ കവിതകളിൽ ചിലത്. ആക്ഷേപഹാസ്യത്തിന്റെ സാധ്യതകൾ കവിതകളിൽ പ്രയോജനപ്പെടുത്തി. സാഹിത്യവിമർശകൻ എന്ന നിലയിലും പ്രശസ്തൻ. അയ്യപ്പപ്പണിക്കരുടെ കൃതികൾ (മൂന്നു ഭാഗങ്ങൾ), ഗോത്രയാനം, പത്തുമണിപ്പൂക്കൾ (കവിതാസമാഹാരങ്ങൾ), അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ എന്നിവ പ്രധാന കൃതികൾ. ടി.എസ്. എലിയറ്റിന്റെ 'വേസ്റ്റ്ലാന്റ്' ഉൾപ്പെടെ ഒട്ടേറെ വിദേശകവിതകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**മാധവിക്കുട്ടി (കമലാ സുരയ്യ) (1934-2009)**

ലോകപ്രസിദ്ധ കവയിത്രിയും മലയാളത്തിലെ പ്രമുഖ കഥാകാരിയും. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളത്ത് നാലപ്പാട്ടു തറവാട്ടിൽ ജനിച്ചു. മാധവിക്കുട്ടി എന്ന പേരിൽ മലയാളത്തിൽ ചെറുകഥകളും കമലാദാസ് എന്ന പേരിൽ ഇംഗ്ലീഷിൽ കവിതകളും പ്രസിദ്ധീകരിച്ചു. എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ഏഷ്യൻ പോയട്രി പ്രൈസ് തുടങ്ങി ഒട്ടേറെ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. പക്ഷിയുടെ മണം, തണുപ്പ്, മതിലുകൾ, നരിച്ചീറുകൾ പറക്കുമ്പോൾ, മാധവിക്കുട്ടിയുടെ കഥകൾ, എന്റെ ചെറുകഥകൾ, ചേക്കേറുന്ന പക്ഷികൾ, നഷ്ടപ്പെട്ട നീലാംബരി (കഥാസമാഹാരങ്ങൾ), ബാല്യകാലസ്മരണകൾ, എന്റെ കഥ, വർഷങ്ങൾക്കുമുമ്പ്, നീർമാതളം പൂത്തകാലം (ആത്മകഥകൾ), മാധവിക്കുട്ടിയുടെ മൂന്നു നോവലുകൾ, മാനസി, ചന്ദനമരങ്ങൾ, കടൽമയൂരം, വണ്ടിക്കാളകൾ (നോവലുകൾ) തുടങ്ങിയവ മലയാളത്തിലെ പ്രധാന കൃതികൾ. സമ്മർ ഇൻ കൽക്കട്ട, ദ ഓൾഡ് പ്ലേ ഹൗസ് ആന്റ് അതർ പോയംസ്, ആനമലൈ പോയംസ്, ഓൺലി ദ സോൾ നോസ് ഹൗ ടു സിങ് എന്നിവ ഇംഗ്ലീഷിലെ പ്രമുഖ കവിതാസമാഹാരങ്ങൾ.

**സുഗതകുമാരി**

പ്രസിദ്ധ കവയിത്രി. 1934 ൽ തിരുവനന്തപുരത്തു ജനിച്ചു. സാമൂഹികപരിഷ്കരണ രംഗത്തും പ്രകൃതിസംരക്ഷണരംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. കാല്പനികതയും ആധുനികതയും സമന്വയിച്ച കവിതകൾ. പാരിസ്ഥിതികാവബോധം കവിതകളിലാവിഷ്കരിച്ച എഴുത്തുകാരി. കൃഷ്ണസങ്കല്പത്തിലൂന്നിയ കവിതകൾ രചിച്ചു. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണകവിതകൾ, രാധയെവിടെ, ദേവദാസി, കാവുതീണ്ടല്ലേ, മണലെഴുത്ത് തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയവ ലഭിച്ചു.

**കടമ്മനിട്ട രാമകൃഷ്ണൻ (1935-2008)**

ആധുനികകവികളിൽ പ്രമുഖൻ. പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ ജനിച്ചു. തപാൽ വകുപ്പുദ്യോഗസ്ഥനായിരുന്നു. 1996-ൽ കേരള നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. വന്യമായ കരുത്തിന്റെ കവിതയാണ് കടമ്മനിട്ടയുടേത്. തന്റെ നാട്ടിലെ പടയണിപോലുള്ള കലാരൂപങ്ങളിൽ നിന്ന് അദ്ദേഹം ഊർജമുൾക്കൊണ്ടു. കാട്ടാളൻ, കിരാതവൃത്തം, കടമ്മനിട്ട, കോഴി, കുറത്തി, ശാന്ത എന്നിവ അദ്ദേഹത്തിന്റെ പ്രധാന കവിതകളിൽ ചിലതാണ്. കവിത, കടമ്മനിട്ടയുടെ കവിതകൾ, മിശ്രതാളം എന്നിവ പ്രധാന കവിതാസമാഹാരങ്ങൾ. സാമുവൽ ബെക്കറ്റിന്റെ ഗോദോയെക്കാത്ത്, ഒക്ടോവിയോ പാസ്സിന്റെ സൂര്യശില എന്നീ കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**വി.എം. കുട്ടി**

മാപ്പിളപ്പാട്ടു ഗായകൻ, ഗവേഷകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. 1935- ൽ മലപ്പുറം ജില്ലയിലെ പുളിക്കലിൽ ജനിച്ചു. അധ്യാപകനായിരുന്നു. മാപ്പിളപ്പാട്ടിനെ ജനകീയമാക്കുന്നതിന് നേതൃത്വം നൽകി. മാപ്പിളപ്പാട്ടുകളെക്കുറിച്ച് ഗവേഷണം നടത്തുകയും നിരവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മാപ്പിളപ്പാട്ടിന്റെ തായ്‌വേരുകൾ, മാപ്പിളപ്പാട്ടിന്റെ ചരിത്രസഞ്ചാരങ്ങൾ, മഹാകവി മോയിൻകുട്ടി വൈദ്യർ എന്നിവയാണ് പ്രധാന കൃതികൾ.

**എം. മുകുന്ദൻ**

മയ്യഴിയുടെ കഥാകാരൻ. 1942- ൽ ഫ്രഞ്ച് അധീനപ്രദേശമായ മയ്യഴിയിൽ ജനിച്ചു. ഡൽഹിയിലെ ഫ്രഞ്ച് എംബസിയിൽ ജോലിചെയ്തു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റായിരുന്നു. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിലൂടെ മലയാള വായനക്കാരിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ചു. 'ഡൽഹി 1981' പ്രസിദ്ധമായ ചെറുകഥയാണ്. ഹരിദ്വാറിൽ മണി മുഴങ്ങുന്നു, ആവിലായിലെ സൂര്യോദയം, ദൈവത്തിന്റെ വികൃതികൾ, കേശവന്റെ വിലാപങ്ങൾ, നൃത്തം തുടങ്ങിയ നോവലുകളും

കണ്ണാടിയുടെ കാഴ്ച, തേവിടിശ്ശിക്കിളികൾ, ദിനോസറുകളുടെ കാലം തുടങ്ങിയ കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. ഫ്രഞ്ച് ഗവൺമെന്റിന്റെ ഷെവലിയർ അവാർഡ്, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ തുടങ്ങിയവ ലഭിച്ചു.

**വി.ആർ.കൃഷ്ണചന്ദ്രൻ**

കൂടിയാട്ട ഗവേഷകൻ. 1942-ൽ പാലക്കാട് ജില്ലയിലെ കോതക്കുറിശ്ശിയിൽ ജനിച്ചു. അധ്യാപകനായിരുന്നു. പുരുഷാർഥക്കൂത്ത്, വിദൂഷകക്കൂത്ത് എന്നിവ കൃതികൾ. കേരളീയകലകളെക്കുറിച്ച് ഏതാനും പഠനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സക്കറിയ**

പ്രസിദ്ധ കഥാകൃത്ത്. 1945 ൽ പാലായ്ക്കടുത്ത് ഉരുളികുന്നത്തു ജനിച്ചു. അധ്യാപകനും മാധ്യമപ്രവർത്തകനുമായിരുന്നു. ആധുനികമലയാള ചെറുകഥയിൽ തനതായ ശൈലി കണ്ടെത്താൻ കഴിഞ്ഞ കഥാകൃത്ത്. ഒരിടത്ത്, ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും, ആർക്കറിയാം, പ്രെയ്സ് ദ ലോഡ്, എന്തുണ്ടു വിശേഷം പീലാത്തോസേ, ഗോവിന്ദം ഭജ മൂഢമതേ, ഭാസ്കരപ്പട്ടേലരും എന്റെ ജീവിതവും എന്നിവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## State Council of Educational Research and Training (SCERT)

Vidyabhavan, Poojappura, Thiruvananthapuram, Kerala-695 012
Website: www.scertkerala.gov.in, e-mail: scertkerala@asianetindia.com



KBPS
Printed by the Managing Director
**Kerala Books and Publications Society**
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030